# താമരമൊട്ടുകൾ

വാല്യം 21 | ജൂൺ 2019 | ലക്കം 6 | Price ₹ 20



## നിത്യതയിലേക്ക് യാത്രയായതിന്റെ 25 വർഷങ്ങൾ

**മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി**


(താമരശ്ശേരി രൂപതയുടെ പ്രഥമ മെത്രാൻ)

താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# THAMARAMOTTUKAL

Registered with Registrar of Newspapers of India

| RNI NO. 71212/99 | Date of Publication : 30 - 05 - 2019 |


Printed & Published by Fr. Abraham Kavilpurayidathil, Bishop's House, P.B. No. 1,
Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press,
Near Cathedral, Thamarassery P.O., Kozhikode - 673 573. Editor: Fr. Abraham Kavilpurayidathil.

# Bishop's Programme


## June 2019

| | | |
|---|---|---|
| 01 | 06.45 | Kulathuvayal |
| | 10.00 | Peruvannamuzhi |
| | 17.00 | Padathukadavu |
| 02 | 07.30 | Poothampara |
| | 03-06 | Ernakulam - KCBC |
| 07 | | Office day |
| | 14.30 | Korangad |
| 08 | 06.30 | Kakkadampoil |
| | 10.00 | Devagiri |
| | 15.00 | Valillapuzha |
| 09 | | Coimbatore |
| 10 | 06.30 | Thamarassery |
| | 10.00 | Thalassery |
| 11 | 10.00 | Cathedral |
| 12-30 | | Abroad |

വാല്യം 21 താമരമൊട്ടുകൾ ജൂൺ 2019 ലക്കം 06

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



അപ്പസ്തോലന്മാരും പ്രവാചകന്മാരുമാകുന്ന
അടിത്തറമേൽ പണിതുയർത്തപ്പെട്ടവരാണ് നിങ്ങൾ;
ഈ അടിത്തറയുടെ മൂലക്കല്ല് ക്രിസ്തുവാണ്.
(എഫേ 2:20)

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 334 |
| 2. | പ്രോഗ്രാം ജൂൺ 2019 | 339 |
| 3. | സർക്കുലർ-5 | 340 |
| 4. | സർക്കുലർ-6 | 346 |
| 5. | സർക്കുലർ | 349 |
| 6. | സർക്കുലർ-7 | 355 |
| 7. | കച്ചേരികാര്യം | 358 |
| 8. | ആദരാഞ്ജലി | 366 |
| 9. | 33-ാമത് രൂപതാദിന റിപ്പോർട്ട് | 369 |
| 10. | പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് | 374 |
| 11. | മതബോധനം | 377 |
| 12. | ആദരാഞ്ജലി | 384 |
| 13. | സെമിനാരി വാർത്തകൾ | 385 |
| 14. | ബൈബിൾ അപ്പോസ്റ്റലേറ്റ് | 387 |
| 15. | ചെറുപുഷ്പ മിഷൻലീഗ് | 389 |
| 16. | കെ.സി.വൈ.എം | 393 |
| 17. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 400 |
| 18. | മാതൃവേദി | 401 |
| 19. | ഫാമിലി അപ്പോസ്റ്റലേറ്റ് | 402 |
| 20. | മരിയൻ പ്രോലൈഫ് | 402 |
| 21. | ആൽഫ മരിയ അക്കാദമി | 404 |
| 22. | വിൻസെന്റ് ഡി പോൾ | 406 |
| 23. | മദ്യവിരുദ്ധ സമിതി | 407 |
| 24. | അൽഫോൻസ പാലിയേറ്റീവ് കെയർ | 408 |
| 25. | പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട് | 409 |
| 26. | കെ.എൽ.എം. | 410 |
| 27. | കരിസ്മാറ്റിക് മൂവ്മെന്റ് | 411 |
| 28. | സ്റ്റാർട്ട് | 413 |
| 29. | കുടുംബകൂട്ടായ്മ | 414 |
| 30. | അൽഫോൻസ കോളേജ് തിരുവമ്പാടി | 415 |
| 31. | വിദ്യാഭ്യാസരംഗം | 416 |
| 32. | വികസനവേദി | 418 |
| 33. | ബഥാനിയ വാർത്തകൾ | 419 |
| 34. | യേശുനിധി | 421 |
| 35. | അജപാലനക്കുറിപ്പുകൾ | 422 |

# Birth Day Greetings

Rev. Fathers

| | | | |
|---|---|---|---|
| ,, | Manalil John | June | 1 |
| ,, | Pannikottu Augustine | ,, | 6 |
| ,, | Madathikunnel Varghese | ,, | 11 |
| ,, | Pulickal Sebastian | ,, | 12 |
| ,, | Maliyeckal Joseph | ,, | 13 |
| ,, | Pulickal Sibi Kurian | ,, | 14 |
| ,, | Koonanickal Joseph | ,, | 14 |
| ,, | Thekkumkattil Joseph | ,, | 15 |
| ,, | Valiaparambil Devasia | ,, | 17 |
| ,, | Mavely Mathew | ,, | 19 |
| ,, | Chakkummoottil Philip | ,, | 21 |
| ,, | Puthenpura Jacob | ,, | 24 |
| ,, | Kocheelath Abraham | ,, | 28 |
| ,, | Nirappel Mathew | ,, | 28 |
| ,, | Vattottutharappel Thomas | ,, | 29 |
| ,, | Thakidiyil Mathew | ,, | 30 |
| ,, | Vadakkel Joseph | ,, | 30 |

**Mar Remigiose Inchananiyil**

# Feast Day Greetings

Rev. Fathers

| | |
|---|---|
| Pottananickal Ephrem | 9 |
| Chennikkara Antony | 13 |
| Karikunnel Antony | 13 |
| Kozhuvanal Antony | 13 |
| Purayidam Antony | 13 |
| Varakil Antony | 13 |
| Manalil John | 24 |
| Nandalath Johnson | 24 |
| Panackapally John | 24 |
| Kizhakkekunnel Simon | 29 |
| Poovathinkal Paul | 29 |
| Puthenpura Paul | 29 |
| Vallopilly Simon | 29 |

**Mar Remigiose Inchananiyil**


തിരുനാൾ ആശംസകൾ
ജൂൺ 29-ാം തിയ്യതി നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന
മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്
താമരശ്ശേരി രൂപതാ കുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ!


നിത്യതയുടെ 25 വർഷങ്ങൾ....
25-ാം ചരമ വാർഷികം
ജൂൺ 11, 2019
മാർ സെബാസ്റ്റ്യൻ
മങ്കുഴിക്കരി
(താമരശ്ശേരി രൂപതയുടെ
പ്രഥമ മെത്രാൻ)


രൂപതാദിനം 2019
ഏപ്രിൽ 27, 2019

# പ്രോഗ്രാം മെയ് 2019

| | | |
|---|---|---|
| 01 | | ശനി വി. ജസ്റ്റിൻ, മതബോധനം: പ്രധാന അധ്യാപക സംഗമം |
| | | ബൈബിൾ അപ്പോസ്റ്റലേറ്റ്: ലോഗോസ് ക്വിസ് രജിസ്ട്രേഷൻ ആരംഭം |
| 02 | ഞായർ | മതബോധനം: സൺഡേ സ്കൂൾ വർഷാരംഭം |
| | | ജീസസ്സ് യൂത്ത്: കൗൺസിൽ മീറ്റിംഗ്, ഹൗസ് ഹോൾഡ് തിരുമ്പാടി |
| 03 | തിങ്കൾ | പ്രീ-കാനാ കോഴ്സ് (3-6) |
| 04 | ചൊവ്വ | ജീസസ്സ് യൂത്ത്: സോണൽ ഇന്റർസെഷൻ |
| 05 | ബുധൻ | PBI:Youth Theology Course |
| 07 | വെള്ളി | ബഥാനിയ : ജാഗരണപ്രാർത്ഥന |
| 08 | ശനി | വാ. മറിയം ത്രേസ്യ, മാർ അപ്രേം |
| | | മിഷൻലീഗ്: പ്രവർത്തനവർഷാരംഭം, വൈസ് ഡയറക്ടേഴ്സ് സംഗമം |
| | | മതബോധനം: മതാധ്യാപക സംഗമം |
| | | PBI: Class for Advanced Diploma Course in Theology |
| | | ക്രിസ്റ്റീൻ: ആനിമേറ്റേഴ്സ് കൂട്ടായ്മ |
| | | ജീസസ്സ് യൂത്ത്: സോണൽ വൺഡേ |
| 09 | ഞായർ | **പന്തക്കുസ്താ തിരുനാൾ**, ജീസസ്സ് യൂത്ത്: കമ്മിറ്റ്മെന്റ് ഡേ |
| 11 | | ചൊവ്വ **ബിഷപ് മങ്കുഴിക്കരി ഓർമ്മദിനം** |
| | | ചരമദിനം: ഫാ. ജോസഫ് അരഞ്ഞാണിപ്പുത്തൻപുര |
| 13 | വ്യാഴം | **വി. അന്തോണീസ്** |
| 15 | ശനി | ജീസസ്സ് യൂത്ത്: കാമ്പസ്& ടീൻസ് ടീം മീറ്റ് |
| 16 | ഞായർ | **പരി.ത്രിത്വത്തിന്റെ തിരുനാൾ** |
| 19 | ബുധൻ | ചരമദിനം: ഫാ. പോൾ മൂശാരിയേട്ട് |
| 20 | വ്യാഴം | **പരി. കുർബാനയുടെ തിരുന്നാൾ** |
| 21 | വെള്ളി | ചരമദിനം: ഫാ. ജോസഫ് അടിപുഴ |
| 22 | ശനി | ബഥാനിയ: ആന്തരികസൗഖ്യ ദൈവാനുഭവധ്യാനം (22-27) |
| | | കെ.സി.വൈ.എം.: തോമസ് മൂർദിനം, അംഗത്വസ്വീകരണം |
| 23 | ഞായർ | മിഷൻലീഗ്: മാർ മങ്കുഴിക്കരി മെമ്മോറിയൽ ഉപന്യാസ മത്സരം |
| | | ജീസസ്സ് യൂത്ത്: നേഴ്സസ് ടീം മീറ്റ് |
| 24 | തിങ്കൾ | ചരമദിനം: മോൺ. സി. ജെ. വർക്കി കുഴിക്കുളത്തിൽ |
| 28 | വെള്ളി | **ഈശോയുടെ തിരുഹൃദയത്തിരുന്നാൾ** |
| 29 | ശനി | **മാതാവിന്റെ വിമലഹൃദയതിരുന്നാൾ,** |
| | | **വി. പത്രോസ്, പൗലോസ് ശ്ലീഹന്മാർ** |
| | | **നാമഹേതുകത്തിരുന്നാൾ-മാർ പോൾ ചിറ്റിലപ്പിള്ളി** |
| | | മലബാർ വിഷൻ എഡിറ്റോറിയൽ മീറ്റിംഗ് |
| 30 | ഞായർ | മതബോധനം: ലൂമിന 2019 ആരംഭിക്കുന്നു. |
| | | ജീസസ്സ് യൂത്ത്: എമ്മാവൂസ് കോഴ്സ് സെഷൻ 3 |

സർക്കുലർ 05/2019

# മതബോധന ഞായർ

മിശിഹായിൽ പ്രിയപ്പെട്ടവരേ,

മധ്യവേനലവധിക്കുശേഷം ഒരു പുതിയ അധ്യായനവർഷംകൂടി കടന്നു വരികയാണല്ലോ. അതോടൊപ്പം തന്നെ മതബോധനവും ആരംഭിക്കുകയാണ്. വിശ്വാസപരിശീലനത്തിന്റെ ആവശ്യകതയും പ്രസക്തിയും എന്നത്തെയുംകാൾ വർദ്ധിച്ചിരിക്കുന്ന ഒരു സാഹചര്യത്തിലാണ് നാമിന്ന് ജീവിക്കുന്നത്.

എന്താണ് വിശ്വാസപരിശീലനം എന്നു ചോദിച്ചാൽ ഒന്നേ ഉത്തരമുള്ളൂ. നമ്മുടെ നാഥനും രക്ഷകനുമായ ഈശോയെ കണ്ടുമുട്ടലാണത്. ഈശോ ആരാണെന്നു മനസ്സിലാക്കുകയും അവിടുത്തെ സ്നേഹത്തിൽ വളരുകയും അവിടുത്തേക്കായി ജീവിതം സമർപ്പിക്കാൻ പരിശീലിക്കുകയും ചെയ്യുന്നതാണ് മതബോധനം. അത് ഏതെങ്കിലും തത്വങ്ങൾ മനഃപാഠമാക്കുന്നതോ, ആചാരാനുഷ്ഠാനങ്ങൾ പരിശീലിക്കുന്നതോ, നിയമങ്ങളും ചട്ടങ്ങളും പഠിക്കുന്നതോ അല്ല; ഈശോ എന്ന വ്യക്തിയെ അറിയുകയും അനുഭവിക്കുകയും ചെയ്യുന്നതാണ്. അതുവഴി സുവിശേഷമനുസരിച്ച് ജീവിക്കാൻ പരിശീലിക്കുകയാണ് നാം ചെയ്യുന്നത്. നമ്മെ സ്നേഹിക്കുകയും നമ്മുടെ രക്ഷയ്ക്കുവേണ്ടി സ്വജീവൻ ബലിയർപ്പിക്കുകയും ചെയ്ത ഈശോയെ സ്നേഹിക്കാൻ പരിശീലിക്കുന്നില്ലെങ്കിൽ നമ്മുടെ മതബോധനം അർത്ഥശൂന്യമായിത്തീരും. അറിഞ്ഞതിനെ മാത്രമേ നമുക്ക് സ്നേഹിക്കാൻ കഴിയുകയുള്ളൂ. മിശിഹായെ അറിയുകയും അറിയിക്കുകയും ചെയ്യുന്ന വേദിയാണ് വിശ്വാസപരിശീലനം. മിശിഹായെ അറിഞ്ഞാൽ അവിടുത്തെ സ്നേഹിക്കാതിരിക്കാൻ കഴിയുകയില്ല.

"മതബോധനം ഇന്ന്" എന്ന അപ്പസ്തോലിക പ്രബോധനത്തിൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ മതബോധനത്തെ ഇങ്ങനെ നിർവചിക്കുന്നു: "കുഞ്ഞുങ്ങളുടെയും യുവജനങ്ങളുടെയും മുതിർന്നവരുടെയും വിശ്വാസത്തിലുള്ള പരിശീലനമാണ് മതബോധനം. ക്രൈസ്തവ ജീവിതത്തിന്റെ പൂർണതയിലേക്ക് ശ്രോതാക്കളെ നയിക്കുക എന്ന ലക്ഷ്യത്തോടെ സജീവമായും ക്രമീകൃതമായും ക്രൈസ്തവ പ്രബോധനങ്ങൾ പഠിപ്പിക്കുകയാണ് മതബോധനത്തിന്റെ മുഖ്യധർമ്മം" (C.T. 18).

വിശ്വാസ പരിശീലനത്തിന് പ്രധാനമായും അഞ്ച് വേദികളാണ് ഇന്നുള്ളത്. കുടുംബം, വിദ്യാലയം, ഇടവക, ഭക്തസംഘടന, സമ്പർക്ക മാധ്യമങ്ങൾ എന്നിവയാണവ. ഇവയിലെല്ലാം കാര്യക്ഷമമായി പ്രവർത്തിച്ചുകൊണ്ട്

വിശ്വാസപരിശീലനം നേടാൻ നമുക്കു കഴിയുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഞായറാഴ്ച ദിവസത്തെ കേവലം രണ്ടു മണിക്കൂർ മാത്രം നല്കുന്ന പഠനംകൊണ്ട് വിശ്വാസജീവിതം പുഷ്ടിപ്പെടുകയില്ല.

കുടുംബമാണ് വിശ്വാസജീവിതത്തിന്റെ പ്രാഥമിക പരിശീലനകേന്ദ്രം. രണ്ടാം വത്തിക്കാൻ കൗൺസിൽ കുടുംബത്തെ വിശേഷിപ്പിക്കുന്നത് "ഗാർഹികസഭ" എന്നാണ് (ജനതകളുടെ പ്രകാശം 11). കുഞ്ഞുങ്ങൾ കുരിശുവരയ്ക്കാൻ പഠിക്കുന്നതും പ്രാർത്ഥന ഉരുവിടാനാരംഭിക്കുന്നതും ജപമാല മണികളിലൂടെ വിരലോടിക്കാൻ പഠിക്കുന്നതും ഭവനങ്ങളിൽ നിന്നാണ്. വിശുദ്ധ കൊച്ചുത്രേസ്യ പറയുന്നത് കേൾക്കുക: "ഞാനെന്റെ അപ്പന്റെ മുഖത്തുനോക്കിയാണ് പ്രാർത്ഥിക്കാൻ പഠിച്ചത്. പ്രാർത്ഥിക്കുമ്പോൾ അപ്പന്റെ മുഖം മാലാഖയുടെ മുഖംപോലെ കാണപ്പെട്ടിരുന്നു". വീണ്ടും അവൾ പറയുന്നു: "ഒരു വിശുദ്ധ, ദൈവാലയത്തിൽ എങ്ങനെ വ്യാപരിക്കുന്നു എന്നറിയാൻ ഞാൻ എന്റെ അപ്പനിലേയ്ക്ക് നോക്കിയാൽ മതിയായിരുന്നു". നമ്മുടെ സഭയുടെ വലിയ ദൈവാനുഗ്രഹം തങ്ങളുടെ വിശ്വാസജീവിതം കൊണ്ട് മാതൃക നല്കുന്ന അനേകം നല്ല മാതാപിതാക്കൾ ഉണ്ട് എന്നതാണ്. പ്രാർത്ഥിക്കുന്ന ഭവനങ്ങളിൽ നിന്നേ വിശുദ്ധരായ കുഞ്ഞുങ്ങൾ രൂപപ്പെട്ടുവരികയുള്ളൂ. കേരളസഭ ധന്യമായിരിക്കുന്നത് പ്രാർത്ഥിക്കുന്ന കുടുംബങ്ങളുടെ സാന്നിധ്യത്താലാണ്. ഞായറാഴ്ചകളിൽ മാത്രമല്ല, സാധിക്കുന്നപക്ഷം ഇടദിവസങ്ങളിലും വിശുദ്ധ കുർബാനയിൽ പങ്കുചേരണമെന്നും, സന്ധ്യാപ്രാർത്ഥന ചൊല്ലാത്ത ഒരു ദിവസംപോലും ജീവിതത്തിൽ ഉണ്ടാകരുതെന്നും നമുക്ക് നിഷ്ഠവേണം. ഉറങ്ങാൻ കിടക്കുമ്പോഴും, പ്രഭാതത്തിലും, ഭക്ഷണത്തിനുമുമ്പും, യാത്രയ്ക്കുമുമ്പും പ്രാർത്ഥിക്കുന്ന ശൈലി ചെറുപ്പത്തിലെ വളർത്തിയെടുത്താൽ നമ്മുടെ കുഞ്ഞുങ്ങൾ ഭാവിയിൽ അനുഗ്രഹീതരായിത്തീരും. സങ്കീർത്തകൻ പറയുന്നു: "ഞാൻ ശാന്തമായി കിടന്നുറങ്ങുന്നു, ഉണർന്നെഴുന്നേല്ക്കുന്നു; എന്തെന്നാൽ ഞാൻ ദൈവത്തിന്റെ കൈകളിലാണ്" (സങ്കീ. 3:5). വി. ഡൊമിനിക് സാവിയോ സ്കൂളിലേയ്ക്ക് തനിച്ച് നടന്നുപോകവേ അപരിചിതനായ ഒരാൾ ചോദിച്ചു "തനിച്ച് ഇത്രദൂരം പോകാൻ ഭയമില്ലേ?" അതിന് ഡൊമിനിക് പറഞ്ഞ മറുപടി "ഞാൻ തനിച്ചല്ലല്ലോ. എന്നോടൊപ്പം ഈശോയും മാതാവും എന്റെ കാവൽമാലാഖയുമുണ്ട്". ഈശോ എപ്പോഴും കൂടെയുണ്ടെന്ന ബോധ്യം നമ്മുടെ കുഞ്ഞുങ്ങൾക്ക് നല്കി വളർത്താൻ നമുക്കു കഴിയണം.

കുടുംബത്തിൽ നിന്നു പരിശീലിച്ചവ അരക്കിട്ടുറപ്പിക്കാനും അവബോധത്തിൽ ആഴപ്പെടാനുമുള്ള വേദിയാണ് മതബോധനക്ലാസ്സും ഇടവകയും ഭക്തസംഘടനയുമെല്ലാം. മിശിഹാ സ്ഥാപിച്ച സഭയെ ഒരാൾ ആഴത്തിൽ അറിയുന്നത് മതപഠന ക്ലാസ്സിലൂടെയാണ്. രക്തസാക്ഷികളുടെ ചുടുനിണം വീണ മണ്ണിൽ തഴച്ചുവളർന്ന സഭയുടെ ചരിത്രം നമ്മുടെ കുടുംബചരിത്രം തന്നെയാണ്. വിശുദ്ധരും രക്തസാക്ഷികളും നമ്മുടെ ജേഷ്ഠസഹോദരന്മാരാണ്. നമ്മുടെ സഭയുടെ ചരിത്രം മനസ്സിലാക്കിയാൽ മാത്രമേ സഭയെ സ്നേഹി

ക്കാൻ നമുക്കാവുകയുള്ളൂ. വിശ്വാസ പരിശീലനത്തിന്റെ പാഠ്യപദ്ധതികൾ ക്രമീകരിച്ചിരിക്കുന്നത് ഏങ്ങനെയെന്ന് നാം അറിയുന്നത് നന്നായിരിക്കും. ആദ്യത്തെ നാലു ക്ലാസ്സുകളിലെ പാഠങ്ങൾ ദൈവത്തെ കേന്ദ്രീകൃതമായി ട്ടാണ് അവതരിപ്പിക്കുന്നത്. ദൈവത്തിന്റെ സ്നേഹവും കരുണയും സൃഷ്ടി മുതൽ എങ്ങനെ പ്രകടമായിരിക്കുന്നു എന്നു നാം കാണുകയാണ്. തുടർന്ന് അഞ്ചുമുതൽ ഏഴുവരെയുള്ള ക്ലാസുകളിൽ ഈശോമിശിഹായെക്കുറിച്ചുള്ള പഠനത്തിനാണ് ഊന്നൽ നല്കിയിരിക്കുന്നത്. എട്ടുമുതൽ പത്തുവരെയുള്ള ക്ലാസുകളിൽ സഭയെയും കൂദാശകളെയും നാം പഠനവിഷയമാക്കിയിരിക്കു കയാണ്. 11,12 ക്ലാസുകളിൽ വിശ്വാസജീവിതത്തിന്റെ സാമൂഹ്യവശത്തിന് പ്രാധാന്യം നല്കിക്കൊണ്ട് പാഠങ്ങൾ ക്രമീകരിച്ചിരിക്കുന്നു. ചുരുക്കത്തിൽ, വിശ്വാസത്തിന്റെ വിവിധ വശങ്ങൾ പരിചയപ്പെടുത്തിയശേഷം സുവിശേഷ മൂല്യങ്ങളിൽ അധിഷ്ഠിതമായ സാമൂഹികജീവിതം എങ്ങനെ നയിക്കാമെന്ന് പരിശീലിക്കുകയാണ് നാം ചെയ്യുന്നത്.

കുരുന്നു മനസ്സുകളിൽ നല്ല ശീലങ്ങൾ വളർത്തിയെടുത്താൽ മാത്രമേ യുവത്വത്തിലും പ്രായമാകുമ്പോഴും അവയൊക്കെ കൈവിടാതെ പാലിക്കാൻ കഴിയുകയുള്ളൂ. വി. ഡൊമിനിക് സാവിയോ അതിരാവിലെ, പള്ളി തുറക്കു ന്നതിന് മുമ്പുതന്നെ പള്ളിയിലെത്തി നടയിൽ മുട്ടുകുത്തി പ്രാർത്ഥിക്കുമാ യിരുന്നു. ആ കൊച്ചു വിശുദ്ധൻ ആഴ്ചയിലെ ഓരോ ദിവസവും ഓരോ പ്രത്യേക നിയോഗം വച്ച് പ്രാർത്ഥിക്കുമായിരുന്നു. പാപികളുടെ മാനസാന്ത രത്തിനായി, ശുദ്ധീകരാത്മാക്കൾക്കായി, പ്രേഷിതർക്കായി, ഇങ്ങനെ ഓരോ ദിവസത്തിനും ഓരോ നിയോഗം. കൊച്ചുകൊച്ചു പരിത്യാഗ പ്രവൃത്തികൾ ചെയ്തും സുകൃതജപങ്ങൾ ചൊല്ലിയും അവൻ പുണ്യത്തിൽ വളർന്നുവ ന്നു. ഇതുപോലെ പ്രാർത്ഥനയിലും പരിത്യാഗത്തിലും വളർന്ന് നമ്മുടെ മക്കളും വിശുദ്ധരായിത്തീരണം. മാതാപിതാക്കൾക്കും മതാധ്യാപകർക്കും ഇക്കാര്യത്തിൽ ഏറെ സഹായിക്കാൻ കഴിയും.

വി. ഡാമിയന്റെ ജീവിതത്തിലെ ഒരു സംഭവം ഓർക്കുന്നു. ഒരു ഞായ റാഴ്ച അവൻ ദൈവാലയത്തിൽ നിന്ന് വിശുദ്ധ കുർബാന കഴിഞ്ഞ് തിരിച്ച് വരവേ വഴിയിൽ കണ്ട യാചകനെ വീട്ടിലേയ്ക്ക് കൂട്ടിക്കൊണ്ടുവന്നു. അടുക്കള യിൽ പാകപ്പെടുത്തിവച്ചിരുന്ന ഭക്ഷണമെല്ലാം അവനെടുത്ത് ആ പാവത്തിന് കൊടുത്തു. മാതാപിതാക്കൾ എത്തിയപ്പോൾ ഭക്ഷണമില്ല. അവർ മക്കളെ ഓരോ രുത്തരെയായി ചോദ്യം ചെയ്തു. കൊച്ചു ജോസഫ് പറഞ്ഞു: ‘ഇന്ന് പള്ളി യിൽ അച്ചൻ ദാനധർമം ചെയ്യണമെന്ന് പറഞ്ഞത് കേട്ടില്ലേ? ഞാൻ ഭക്ഷണ മെല്ലാം ഒരു യാചകനു കൊടുത്തു! ആ കൊച്ചുജോസഫാണ് പിൽക്കാലത്ത് എല്ലാമുപേക്ഷിച്ച് മൊളോക്കോ ദ്വീപിലെത്തി കുഷ്ഠരോഗികളെ ശുശ്രൂഷിക്കാൻ ജീവിതം സമർപ്പിച്ച വിശുദ്ധ ഡാമിയൻ.

വിശ്വാസ പരിശീലനത്തിന്റെ വേദിയാണ് ഭക്തസംഘടനകൾ. തിരുബാല സഖ്യം, മിഷൻലീഗ്, കെ.സി.വൈ.എം. തുടങ്ങിയ സംഘടനകളിൽ പ്രവർത്തിച്ച് ഈശോയുടെ സ്നേഹത്തിനും കരുണയ്ക്കും സാക്ഷ്യം വഹിക്കാൻ നമ്മുടെ

കുഞ്ഞുങ്ങൾക്ക് കഴിയണം. വിശ്വാസ പരിശീലനത്തിനും പ്രേഷിതതീഷ്ണ തയ്ക്കും വിശുദ്ധിയിൽ വളരുന്നതിനും ജീസസ്സ് യൂത്ത്, ക്രിസ്റ്റീൻ മിനിസ്ട്രി, എഞ്ചെൽസ് ആർമി തുടങ്ങിയ സംരംഭങ്ങൾ നല്കുന്ന സേവനം എത്രയോ മഹത്തരമാണ്.

എതിർസാക്ഷ്യങ്ങൾ വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ക്രിസ്തു സ്ഥാപിച്ച പൗരോഹിത്യത്തെയും സഭയിലെ കൂദാശകളെയും സന്യാസജീവിതത്തെയും താറടിച്ചു കാണിക്കുന്ന പ്രവണത മാധ്യമലോകത്ത് വർദ്ധിച്ചു വരികയാണ്. നല്ല മാതൃകൾ അവഗണിക്കപ്പെടുകയും ഒറ്റപ്പെട്ട വീഴ്ചകൾ പർവതീകരിക്കപ്പെടുകയും ചെയ്യുന്നു എന്നത് വേദനാജനകമാണ്. ദൃശ്യമാധ്യമങ്ങളിലൂടെ പകരപ്പെടുന്ന വികലചിന്തകളും അശ്ലീലപ്രവർത്തനശൈലികളും കുഞ്ഞുങ്ങളെ ഏറെ സ്വാധീനിക്കുന്നുണ്ട്. ഇക്കാര്യത്തിൽ മാതാപിതാക്കളും മതാധ്യാപകരും കുട്ടികളും ഒരുപോലെ ജാഗ്രത പുലർത്തേണ്ടതുണ്ട്.

നമ്മുടെ രൂപതയിലെ മതബോധനരംഗത്ത് നിസ്വാർത്ഥമായി സേവനമനുഷ്ഠിക്കുന്ന അധ്യാപകരുടെ വലിയ സമൂഹമാണുള്ളത്. അവരുടെ സ്തുത്യർഹമായ സേവനം ദൈവസന്നിധിയിൽ ഏറെ വിലപ്പെട്ടതാണ്. ഈയവസരത്തിൽ അവരെയോരോരുത്തരെയും അനുമോദിക്കാനും അവർക്ക് നന്ദിയർപ്പിക്കാനും ഞാനാഗ്രഹിക്കുന്നു. അതോടൊപ്പം നമ്മുടെ രൂപതയിലെ മതബോധന പ്രവർത്തനങ്ങൾക്കു നേതൃത്വം നല്കുന്ന ബഹു. ജോസഫ് വടക്കേലച്ചനെയും ഇതര ഭക്തസംഘടനകളുടെ ഉത്തരവാദിത്വം നിർവഹിക്കുന്ന ബഹു. വൈദികരെയും ഞാൻ അനുമോദിക്കുന്നു. മതബോധനരംഗത്തും വിശ്വാസപരിശീലന രംഗത്തും നമ്മുടെ രൂപതയിൽ ബഹുമാനപ്പെട്ട സന്ന്യസ്തർ നല്കുന്ന ശുശ്രൂഷയും എത്രയോ മഹത്തരമാണ്. "ക്രിസ്തു നിങ്ങളിൽ രൂപപ്പെടുന്നതുവരെ ഞാൻ ഈറ്റുനോവനുഭവിക്കുന്നു" എന്ന പൗലോശ്ലീഹായുടെ മനോഭാവം വിശ്വാസ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏവർക്കും ഉണ്ടാകട്ടെ എന്നു ഞാൻ ആഗ്രഹിക്കുന്നു. "ഞാൻ കുറയുകയും അവൻ വളരുകയും ചെയ്യണം" എന്നാഗ്രഹിച്ച സ്നാപകയോഹന്നാന്റെ മനോഭാവം നമ്മിൽ ഉണ്ടാകട്ടെ. എല്ലാം ദൈവമഹത്വത്തിനായി ചെയ്തശേഷം "ഞങ്ങൾ പ്രയോജനമില്ലാത്ത ദാസന്മാരാണ്. കടപ്പെട്ടവയേ ചെയ്തിട്ടുള്ളൂ" എന്ന ചിന്തയോടെ ദൈവസന്നിധിയിൽ വ്യാപരിക്കാം. മതാധ്യാപകരുടെ മധ്യസ്ഥനായ വി. ചാൾസ് ബൊറോമിയയുടെ വാക്കുകൾ നമുക്കനുകരിക്കാം. "ഞാൻ ചെറുതാകുകയും ക്രിസ്തു എന്നിൽ വളരുകയും ചെയ്യുമ്പോൾ ഞാൻ ജീവിതംകൊണ്ട് ക്രിസ്തുവിനെ പ്രഘോഷിക്കാൻ തുടങ്ങുന്നു". വിശുദ്ധ ഡോൺ ബോസ്കോയുടെ പ്രാർത്ഥന നമുക്കു സ്വന്തമാക്കാം. "ഓ ദൈവമേ, കുട്ടികളുടെ ഹൃദയങ്ങളെ സ്പർശിക്കാൻ തക്കവിധം എന്റെ വാക്കുകളെ രൂപപ്പെടുത്തണമേ".

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, ഈ പുതിയ അദ്ധ്യായനവർഷത്തിൽ നമുക്കു കൂടുതൽ ശ്രദ്ധയുള്ളവരാകാം. കൂടുതൽ ഉത്സാഹപൂർവ്വം പഠനത്തിൽ ശ്രദ്ധിക്കാം. മതാപിതാക്കന്മാരെയും ഗുരുഭൂതരെയും ബഹുമാനിക്കുന്നതിലും അനുസരിക്കുന്നതിലും നമുക്ക് വീഴ്ചയുണ്ടാകരുത്. അവർക്കുവേണ്ടി ഈശോയോട് നമുക്ക് പ്രാർത്ഥിക്കാം. വിശുദ്ധ കുർബാനയിൽ പങ്കെടുക്കുന്നതിലും കൂദാശകൾ സ്വീകരിക്കുന്നതിലും ബൈബിൾ വായിക്കുന്നതിലും നമുക്ക് ശ്രദ്ധയുള്ളവരാകാം. ആഴ്ചയിൽ ഒരു ദിവസമെങ്കിലും പ്രത്യേകിച്ച് വെള്ളിയാഴ്ചകളിൽ ഉപവസിച്ചു പ്രാർത്ഥിക്കുവാൻ നിങ്ങൾക്ക് കഴിയണം. 12 വർഷവും ഒറ്റ ഞായറാഴ്ച പോലും മുടങ്ങാതെ വിശ്വാസപരിശീലനത്തിൽ പങ്കെടുത്ത കുട്ടികളെ ഞൻ കണ്ടിട്ടുണ്ട് ഈയൊരു തീരുമാനമെടുകക്കാൻ നമ്മുടെ രൂപതയിലെ എല്ലാ കുട്ടികൾക്കും കഴിയട്ടെ. അങ്ങനെ നമ്മിൽ ഓരോരുത്തരിലും ഓരോ കൊച്ചുവിശുദ്ധൻ, വിശുദ്ധ രൂപപ്പെടട്ടെ. "ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ പ്രീതിയിലും വളർന്നുവന്ന" ബാലനായ ഈശോയെപ്പോലെ നമുക്കും നന്മയിൽ വളരാം. നിങ്ങൾക്കെല്ലാവർക്കുവേണ്ടി, പിതാവെന്ന നിലയിൽ ഞാൻ പ്രാർത്ഥിക്കുന്നു. എന്റെ ആശീർവാദവും അനുഗ്രഹവും നിങ്ങൾക്ക് ഓരോരുത്തർക്കും ഞാൻ നല്കുന്നു. തിന്മയൊരുക്കുന്ന കെണികളിൽ വീഴാതെ നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയം നിങ്ങളെ കാത്തുപാലിക്കട്ടെ. ഉണ്ണീശോയെ സംരക്ഷിച്ച വി. യൗസേപ്പുപിതാവ് നിങ്ങൾക്കും പാലകനായിരിക്കട്ടെ. നിങ്ങളുടെ പേരിനു കാരണമായ വിശുദ്ധന്റെയും വിശുദ്ധയുടെയും കാവൽമാലാഖയുടെയും സംരക്ഷണം നിങ്ങൾക്കുണ്ടാകട്ടെ. അപകടങ്ങളിലും കെണികളിൽ നിന്നും സ്വർഗീയവൃന്ദങ്ങൾ നിങ്ങൾക്ക് സംരക്ഷണം നല്കട്ടെ. ഈ അദ്ധ്യായനവർശം എല്ലാവിധ സ്വർഗീയ കൃപകളും നല്കി ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവം,

+Remigius

**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

N.B: ഈ സർക്കുലർ 2019 ജൂൺ 2-ാം തീയതി വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

സർക്കുലർ 06/2019

# മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരിപ്പിതാവിന്റെ 25-ാം ചരമവാർഷികം

മിശിഹായിൽ പ്രിയപ്പെട്ടവരേ,

താമരശ്ശേരി രൂപതയുടെ പ്രഥമ സാരഥിയായിരുന്ന അഭിവന്ദ്യ മങ്കുഴിക്കരിപ്പിതാവ് നമ്മിൽ നിന്ന് വേർപിരിഞ്ഞിട്ട് 2019 ജൂൺ 11-ാം തീയതി 25 വർഷം പൂർത്തിയാകുന്നു. 1986 മുതൽ 8 വർഷം നമ്മുടെ രൂപതയുടെ മാർഗ്ഗദർശിയായി കടന്നുപോയ ആ ദീപത്തിന്റെ പ്രകാശധോരണിയിലാണ് താമരശ്ശേരി രൂപത ഇന്നും.

1986 ജൂലൈ 3 ന് നമ്മുടെ രൂപതയുടെ പ്രഥമ മെത്രാനായി അഭിവന്ദ്യപിതാവ് സ്ഥാനം ഏറ്റെടുത്തത് ഒരു ദൈവനിയോഗത്താലായിരുന്നു. 15 വർഷം എറണാകുളം അതിരൂപതയുടെ സഹായമെത്രനായും പിന്നീട് അഡ്മിനസ്ട്രേറ്ററായും സേവനം ചെയ്ത അഭിവന്ദ്യപിതാവിന്റെ പ്രവർത്തന പരിചയം മലബാറിന്റെ മക്കളായ നമുക്ക് കുറച്ചുകാലം അനുഭവിക്കാനായി എന്നുള്ളത് ഒരു ഭാഗ്യമായി ഞാൻ കരുതുന്നു. കേവലം എട്ടുവർഷത്തിനുള്ളിൽ ഒരു രൂപതയ്ക്കുവേണ്ട ശക്തമായ അടിത്തറ കെട്ടിപ്പടുക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഒരു വിശ്വസ്ത ദാസനെപ്പോലെ തന്നെ ഏൽപ്പിച്ച ജോലി വളരെ നന്നായി പൂർത്തിയാക്കി അദ്ദേഹം നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

"നിനക്ക് എന്റെ കൃപ മതി" എന്ന വചനത്തിൽ പൂർണ്ണവിശ്വാസം അർപ്പിച്ചുകൊണ്ട് രൂപതാഭരണം ഏറ്റെടുത്ത അഭിവന്ദ്യപിതാവ് രൂപതയുടെ എല്ലാ പ്രവർത്തനങ്ങൾക്കും ശക്തമായ നേതൃത്വമാണ് നല്കിയത് എന്നത് കൃതജ്ഞതയോടെ നാം ഓർക്കുന്നു. ഭാരതസഭയ്ക്കും കേരളസഭയ്ക്കും സീറോ മലബാർ സഭയ്ക്കും പ്രത്യേകിച്ച് നമ്മുടെ രൂപതയ്ക്കും നിസ്തുലമായ സേവനങ്ങൾ കാഴ്ചവെച്ചാണ് അഭിവന്ദ്യപിതാവ് നമ്മിൽ നിന്ന് വേർപിരിഞ്ഞത്.

ഒരു വർഷത്തിനുള്ളിൽ രൂപതയിലെ മുഴുവൻ ഇടവകകളും സന്ദർശിച്ച് തന്റെ അജപാലന സൂക്ഷത്തിനായി ഏൽപ്പിക്കപ്പെട്ട എല്ലാവരേയും അദ്ദേഹം അടുത്തറിയുവാൻ പരിശ്രമിക്കുകയുണ്ടായി. അതോടൊപ്പം ഒരു പുതിയ രൂപതയ്ക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലും അദ്ദേഹം ശ്രദ്ധി

ച്ചു. രൂപതാഭവൻ, പി.എം.ഒ.സി., മൈനർ സെമിനാരി, കോഴിക്കോട് മാവൂർ റോഡിൽ പണി കഴിപ്പിച്ച അൽഫോൻസ ഷോപ്പിംഗ് കോംപ്ലക്സ്, അഗതികൾക്കുവേണ്ടിയുള്ള കരുണാഭവൻ, ബഥാനിയ ധ്യാനകേന്ദ്രം, താമരശ്ശേരി അൽഫോൻസ ഇംഗ്ലീഷ് മീഡിയം സ്കൂൾ എല്ലാം അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ആരംഭിച്ചവയാണ്. അജപാലന ശുശ്രൂഷയിൽ നിന്ന് വിരമിക്കുന്ന വൈദികർക്കുവേണ്ടി മേരിക്കുന്നിലുള്ള പ്രീസ്റ്റ് ഹോമിനുള്ള സ്ഥലവും, രൂപതയുടെ കത്തീഡ്രൽ പണിയുന്നതിനുവേണ്ടി താമരശ്ശേരിയിൽ വാങ്ങിച്ച സ്ഥലവും അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തിന്റെ ഉദാഹരണങ്ങളാണ്. രൂപതയിലെ മിഷൻലീഗ്, വിൻസെന്റ് ഡി പോൾ സൊസൈറ്റി തുടങ്ങിയ സംഘടനകൾക്ക് പുനരേകീകരണവും നവചൈതന്യവും പിതാവ് നൽകി. യുവജനങ്ങളെയും അമ്മമാരേയും രൂപതാതലത്തിൽ സംഘടിപ്പിക്കാനുള്ള ശക്തമായ നേതൃത്വം നല്കുവാൻ മങ്കുഴിക്കരിപ്പിതാവിന് കഴിഞ്ഞു. രൂപതയുടെ സാമൂഹിക പ്രതിബദ്ധതയുടെ അടയാളമായി സി.ഒ.ഡി. സ്ഥാപിച്ചതും മങ്കുഴിക്കരിപ്പിതാവ് തന്നെയാണ്.

ദൈവവിളി പ്രോത്സാഹനാർത്ഥം വൊക്കേഷൻ ബ്യൂറോയും റെഗുലർ സ്കൂളുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ കോർപ്പറേറ്റ് മാനേജ്മെന്റും രൂപതയിൽ സ്ഥാപിതമായി. മതാദ്ധ്യാപക തുടർപരിശീലന പരിപാടികളിലും, പി.ടി.എ. മീറ്റിംഗുകളിലും സജീവ സാന്നിധ്യമായിരുന്നു മങ്കുഴിക്കരിപ്പിതാവ്. നമ്മുടെ രൂപതയുടെ സിരാകേന്ദ്രമെന്ന് അറിയപ്പെടുന്ന കോഴിക്കോട് നഗരത്തിൽ അനേക ഇടവക ദൈവാലയങ്ങൾ ഉയർന്നുവന്നതും, അവിടെ ചിതറിക്കിടന്ന വിശ്വാസിസമൂഹത്തെ ഒരുമിച്ച് കൂട്ടിയതും അഭിവന്ദ്യ മങ്കുഴിക്കരിപ്പിതാവിന്റെ അജപാലന തീഷ്ണതയുടെ മകുടോദാഹരണങ്ങളാണ്.

പ്രിയപ്പെട്ടവരേ, മങ്കുഴിക്കരിപ്പിതാവ് നല്കിയ ശക്തമായ അടിത്തറയിലാണ് നമ്മുടെ രൂപത പിന്നീട് വളർന്നത്. തന്റെ മരണത്തിന്റെ അവസാന വിനാഴികവരെ കർമ്മനിരതനായി ജീവിച്ച ആ കർമ്മയോഗിയെ താമരശ്ശേരി രൂപതയ്ക്ക് ഒരിക്കലും മറക്കാനാവില്ല. അദ്ദേഹം പകർന്നുതന്ന വിശ്വാസ ചൈതന്യവും. പ്രേഷിത തീഷ്ണതയും കഠിനാധ്വാനജീവിതവും, ലളിതമായ ജീവിതശൈലികളും നമുക്ക് മാതൃകയും പ്രചോദനവുമാണ്.

2019 ജൂൺ 11 ന് അഭിവന്ദ്യ പിതാവിന്റെ 25-ാം മരണവാർഷികം സമുചിതമായി നാം ആചരിക്കുകയാണ്. അന്നേദിവസം രാവിലെ 9.45 ന് മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്ററിന്റെ വെഞ്ചരിപ്പുകർമ്മവും തുടർന്ന് കത്തീഡ്രൽ ദൈവാലയത്തിൽ 10.30 ന് ദിവ്യബലിയും ശ്രാദ്ധശുശ്രൂഷകളും ഉണ്ടായിരിക്കുന്നതാണ്. വെഞ്ചരിപ്പിനുശേഷം സീറോ മലബാർ സഭയുടെ

മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിപ്പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടക്കുന്ന ദിവ്യബലിയിലും ശ്രാദ്ധ ശുശ്രൂഷകളിലും ബഹു. വികാരിയച്ചനും ഇടവകയിലെ കൈക്കാരന്മാരും പങ്കെടുക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു. പിതാവിന്റെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്,

സ്നേഹപൂർവം,



✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

N.B:ഈ സർക്കുലർ 2019 ജൂൺ 9-ാം തീയതി വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

Ref: 3191/K-5/KCBC/OL/DS

## ലോക മാധ്യമദിനസന്ദേശം 2019

**നാം ഒരേ ശരീരത്തിന്റെ അവയവങ്ങളാണ് (എഫേ 4:25)**
**സാമൂഹിക നെറ്റുവർക്ക് സമൂഹങ്ങളിൽനിന്ന്**
**മാനുഷിക സമൂഹത്തിലേക്ക്**

പ്രിയ സഹോദരീസഹോദരന്മാരേ,

ഇന്റർനെറ്റ് ആദ്യം ലഭ്യമായപ്പോൾ മുതൽ സഭ എപ്പോഴും വ്യക്തികൾ തമ്മിലുള്ള കണ്ടുമുട്ടലിന്റെയും എല്ലാവരിലുമുള്ള ഐക്യദാർഢ്യത്തിന്റെയും സേവനത്തിൽ അതിന്റെ ഉപയോഗം വളർത്താൻ പരിശ്രമിച്ചു. നമ്മുടെ പാരസ്പര്യത്തിന്റെ അടിസ്ഥാനത്തെയും പ്രാധാന്യത്തെയുംപറ്റി ഒരിക്കൽക്കൂടി ചിന്തിക്കാനും സമകാലീനസമ്പർക്കമാധ്യമ പശ്ചാത്തലം സമ്മാനിക്കുന്ന വെല്ലുവിളികളുടെ വിസ്തൃതവ്യൂഹത്തിൽ, അന്യവത്കൃതനായും ഏകാകിയായും കഴിയാൻ മനസ്സില്ലാത്ത മനുഷ്യവ്യക്തിയുടെ ആഗ്രഹം വീണ്ടും കണ്ടെത്താനും ഞാൻ നിങ്ങളെ ക്ഷണിക്കുന്നു.

**നെറ്റിന്റെയും സമൂഹത്തിന്റെയും രൂപകാലങ്കാരങ്ങൾ**

അനുദിനജീവിതമണ്ഡലത്തിൽനിന്ന് വേർതിരിച്ചറിയാനാവാത്തവിധം വ്യാപനശക്തിയുള്ളതാണ് ഇന്നത്തെ മാധ്യമ പരിതസ്ഥിതി. നെറ്റ് നമ്മുടെ

കാലഘട്ടത്തിലെ ഒരു വിഭവകേന്ദ്രമാണ്. പണ്ട് ചിന്തിക്കാൻ സാധ്യമല്ലാതിരുന്ന അറിവിന്റെയും ബന്ധങ്ങളുടെയും ഉറവിടമാണത്. എന്നിരുന്നാലും ഉത്പാദന പ്രക്രിയ, വിതരണം, ഉള്ളടക്കത്തിന്റെ ഉപയോഗം എന്നിവയിൽ സാങ്കേതിക വിദ്യ കൊണ്ടുവന്നിട്ടുള്ള അഗാധമായ പരിവർത്തനങ്ങളുടെ വെളിച്ചത്തിൽ ആഗോളതലത്തിൽ യഥാർത്ഥ അറിവിനുള്ള അന്വേഷണം, അതിന്റെ പങ്കുവയ്ക്കൽ എന്നിവയെ ഭീഷണിപ്പെടുത്തുന്ന അപകടങ്ങളെയും അനേകം വിദഗ്ധർ ഉയർത്തിക്കാണിച്ചിട്ടുണ്ട്. ഇന്റർനെറ്റ് അറിവിനെ സമീപിക്കാനുള്ള അസാധാരണ സാധ്യതയെ പ്രതിനിധീകരിക്കുമെങ്കിലും അത് തെറ്റായ അറിവു നല്കുന്നതും യാഥാർത്ഥ്യങ്ങളെയും വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളെയും വികലമാക്കുന്നതുമാണെന്നതും സത്യമാണ്.

ഒരുകാര്യം നാം തിരിച്ചറിയണം. സാമൂഹിക നെറ്റുവർക്കുകൾ ഒരുവശത്ത് പരസ്പരം നന്നായി ബന്ധപ്പെടാനും വീണ്ടും കണ്ടെത്താനും പരസ്പരം സഹായിക്കാനും നമ്മെ പ്രാപ്തരാക്കുന്നു. എന്നാൽ മറുവശത്ത് വ്യക്തിക്കും വ്യക്തിയുടെ അവകാശങ്ങൾക്കും അർഹമായ ബഹുമാനം നല്കാതെ രാഷ്ട്രീയമോ സാമ്പത്തികമോ ആയ നേട്ടങ്ങൾക്കുവേണ്ടി വ്യക്തിപരമായ വിവരങ്ങൾ ദുരുപയോഗിക്കാൻ നിമിത്തമാകുന്നു. യുവജനങ്ങളിൽ നാലിൽ ഒരാൾ സൈബർ ബുള്ളിയിംഗിന്റെ പരമ്പരകളിൽ ഉൾപ്പെട്ടിരിക്കുന്നുവെന്ന് സ്ഥിതിവിവരക്കണക്കുകൾ വ്യക്തമാക്കുന്നു.

ഈ സങ്കീർണാവസ്ഥയിൽ ഇന്റർനെറ്റു തുടങ്ങിയതിന്റെ അടിസ്ഥാനമായിരുന്ന നെറ്റ് എന്ന രൂപകാലങ്കാരത്തെപ്പറ്റി വീണ്ടും ചിന്തിക്കുന്നത് അതിന്റെ ഭാവാത്മകമായ കഴിവു കണ്ടെത്താൻ ഉപകാരപ്രദമായിരിക്കും. വല എന്ന ബിംബം തിരശ്ചീന രേഖകളുടെയും ലംബരേഖകളുടെയും ബഹുത്വത്തെക്കുറിച്ചു ചിന്തിക്കാൻ നമ്മെ ക്ഷണിക്കുന്നു. ഒരു കേന്ദ്രസ്ഥാനമോ ശ്രേണീപരമായ ഘടനയോ ലംബസമാനമായ ഒരു സംയോജനാരൂപമോ ഇല്ലാത്ത അതിന് സ്ഥിരത ഉറപ്പുവരുത്തുന്നവയാണ് ഈ രേഖകൾ. എന്നാൽ പലപ്പോഴും അവ പൊതുതാത്പര്യങ്ങളെയോ നേർത്ത ബന്ധങ്ങൾ മാത്രം പേറുന്ന വിഷയങ്ങളെയോ മുൻനിറുത്തി പരസ്പരം അംഗീകരിക്കുന്ന വ്യക്തികളുടെ ഗണങ്ങൾ മാത്രമായി കഴിയുന്നു.

നരവംശശാസ്ത്രപരമായ വീക്ഷണപ്രകാരം നെറ്റ്, (സമൂഹം എന്ന) രൂപകാലങ്കാരം അർത്ഥപൂർണമായ മറ്റൊരു പ്രതിബിംബത്തെ, ഓർമിപ്പിക്കുന്നു. സമൂഹം പരസ്പരവിശ്വാസമുള്ളതായിരിക്കുകയും പൊതുലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കുകയും ചെയ്യണം. അത് സംയോഗശക്തിയുള്ളതും പിന്താങ്ങുന്നതുമായിരിക്കണം. ഐക്യദാർഢ്യത്തിന്റെ നെറ്റുവർക്ക് എന്ന നിലയിലുള്ള സമൂഹത്തിന് ഭാഷയുടെ ഉത്തരവാദിത്വപൂർണമായ ഉപയോഗത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള പരസ്പരശ്രവണവും സംവാദവും ഉണ്ടാകണം.

ഇന്നത്തെ സാഹചര്യത്തിൽ സോഷ്യൽ നെറ്റുവർക്ക് സമൂഹങ്ങൾ സ്വാഭാവിക സമൂഹത്തിന്റെ പര്യായമല്ലെന്ന് ആർക്കും കാണാവുന്നതാണ്.

അടിയന്തിരഘട്ടങ്ങളിൽ ഈ വെർച്ച്വൽ സമൂഹങ്ങൾ കൂടിച്ചേരലും ഐക്യദാർഢ്യവും പ്രദർശിപ്പിക്കാൻ കഴിവുള്ളതാണ്. എന്നാൽ പലപ്പോഴും ദുർബലമായ ബന്ധങ്ങളുടെ പൊതുതാത്പര്യംമൂലം പരസ്പരം തിരിച്ചറിയുന്ന ഗ്രൂപ്പുകളായി കഴിയുന്നു. കൂടാതെ, സോഷ്യൽ വെബിൽ തനിമ പലപ്പോഴും അപരനോട്, ഗ്രൂപ്പിൽ പെടാത്തവനോടുള്ള വൈരുധ്യത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാകുന്നു. നമ്മെ ഐക്യപ്പെടുത്തുന്നവയെ എന്നതിനെക്കാൾ നമ്മെ വിഭജിക്കുന്നവയെ അടിസ്ഥാനപ്പെടുത്തി നാം സ്വയം നിർവചിക്കുന്നു. സംശയത്തിനും എല്ലാതരം മുൻവിധിക്കും (വംശപരം, ലിംഗപരം, മതപരം മുതലായവ) ഇടയാക്കുന്നു. ഈ പ്രവണത വൈവിധ്യ ത്തെ ഒഴിവാക്കുന്ന ഗ്രൂപ്പുകളെ പ്രോത്സാഹിപ്പിക്കുന്നു. അത് ഡിജിറ്റൽ സാഹചര്യത്തിലും വിദ്വേഷത്തിന്റെ ഓളങ്ങളെ ഇളക്കിവിടുന്ന അനിയന്ത്രിതമായ വ്യക്തിവാദത്തെ പോഷിപ്പിക്കുന്നു. അങ്ങനെ ലോകത്തിലേക്കുള്ള ഒരു ജനലായിരിക്കേണ്ടത് വ്യക്തിപരമായ സ്വദേഹപ്രേമം പ്രദർശിപ്പിക്കുന്ന ഒരു ഷോകെയ്സായിത്തീരുന്നു.

മറ്റുള്ളവരുമായിട്ടുള്ള കണ്ടുമുട്ടൽ വളർത്താനുള്ള അവസരമാണ് നെറ്റ്. എന്നാൽ അതിന് നമ്മുടെ ഏകാന്തതയെ വർദ്ധിപ്പിക്കാനാകും – നമ്മെ പിടികൂടിയ ഒരു വലപോലെ. യുക്തിപരമായ തലത്തിൽ പൂർണമായി തൃപ്തിപ്പെടുത്താൻ സോഷ്യൽ വെബിന് കഴിയുമെന്ന മിഥ്യാബോധം യുവജനത്തിനാണ് ഏറ്റവും കൂടുതൽ ഉള്ളത്. യുവജനം “സാമൂഹിക താപസന്മാർ” ആയിത്തീരുന്ന അപകടകരമായ ഒരു പ്രതിഭാസം ഉണ്ട്. അവർ സമൂഹത്തിൽ നിന്നു പൂർണമായി ഒറ്റപ്പെടുകയെന്ന അപകടസാധ്യതയിലാണ്. നാടകീയമായ ഈ അവസ്ഥ സാമൂഹികബന്ധത്തിൽ തകർച്ചയുണ്ടാക്കുന്നു എന്നത് നമുക്ക് അവഗണിക്കാനാവില്ല.

നാനാരൂപമുള്ളതും അപകടകരവുമായ ഈ യാഥാർത്ഥ്യം അവ സാന്മാർഗികമോ സാമുഹികമോ നിയമപരമോ രാഷ്ട്രീയമോ സാമ്പത്തികമോ ആയ വിവിധ ചോദ്യങ്ങളെ ഉയർത്തുന്നു. അവ സഭയെ വെല്ലുവിളിക്കുകയും ചെയ്യുന്നുണ്ട്. വെബിനെ നിയന്ത്രിക്കാനും സ്വതന്ത്രവും തുറവിയുള്ളതും സുരക്ഷിതവുമായ ഒരു നെറ്റുവർക്കിനെക്കുറിച്ച് തുടക്കത്തിലേ ഉള്ള കാഴ്ചപ്പാട് സംരക്ഷിക്കാനും സർക്കാരുകൾ നിയമപരമായ മാർഗങ്ങൾ തേടുന്നു. അതേസമയം അതിന്റെ ഭാവാത്മകമായ ഉപയോഗത്തെ വളർത്താൻ നമുക്ക് എല്ലാവർക്കും ബാധ്യതയും ഉത്തരവാദിത്വവും ഉണ്ട്.

ബന്ധങ്ങൾ വർദ്ധിപ്പിച്ചതുകൊണ്ടുമാത്രം പരസ്പരധാരണ വളർത്താൻ കഴിയില്ലല്ലോ. അങ്ങനെയെങ്കിൽ ഓൺലൈൻ നെറ്റുവർക്കിൽ പരസ്പര ഉത്തരവാദിത്വത്തെക്കുറിച്ചുള്ള ബോധത്തോടെ എങ്ങനെ യഥാർത്ഥ സാമൂഹിക തനിമ കണ്ടെത്താനാവും?

### "നാം ഒരേ ശരീരത്തിന്റെ അവയവങ്ങളാണ്"

മൂന്നാമത്തെ ഒരു രൂപകാലങ്കാരത്തിൽനിന്ന്, ശരീരവും അവയവങ്ങളും എന്ന രൂപകാലങ്കാരത്തിൽനിന്ന് സാധ്യമായ ഒരു ഉത്തരം കണ്ടെത്താൻ കഴിയും. ആ രൂപകമാണ് മനുഷ്യരെ ബന്ധിപ്പിക്കുന്ന ശരീരത്തെ അടിസ്ഥാനപ്പെടുത്തി മനുഷ്യരുടെ പരസ്പരബന്ധം വിവരിക്കാൻ വിശുദ്ധ പൗലോസ് ശ്ലീഹാ ഉപയോഗിക്കുന്നത്: "അതിനാൽ വ്യാജം വെടിഞ്ഞ് എല്ലാവരും തങ്ങളുടെ അയൽക്കാരോട് സത്യം സംസാരിക്കണം. കാരണം, നാം ഒരേ ശരീരത്തിലെ അവയവങ്ങളാണ്" (എഫേ 4:25). പരസ്പരം അവയവങ്ങളായിരിക്കുകയെന്നത് ആഴമുള്ള ഒരു ലക്ഷ്യമാണ്. അത് ഉപയോഗിച്ച് അപ്പസ്തോലൻ നമ്മെ വ്യാജം വെടിയാനും സത്യം പറയാനും ക്ഷണിക്കുന്നു. സത്യത്തെ സംരക്ഷിക്കാനുള്ള കടമ ഐക്യത്തിന്റെ പരസ്പരബന്ധത്തിൽനിന്നുണ്ടാകുന്നു. സത്യം ഐക്യം വെളിവാക്കുന്നു. നുണയാകട്ടെ, നമ്മൾ ഒരേ ശരീരത്തിന്റെ അംഗങ്ങളാണെന്നത് നിഷേധിക്കുന്നു.

ശരീരത്തിന്റെയും അവയവങ്ങളുടെയും അലങ്കാരം നമ്മുടെ തനിമയെപ്പറ്റി ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു. ആ തനിമ ഐക്യത്തിലും "അപരത്വ"ത്തിലും അടിയുറച്ചതാണ്. ക്രിസ്തു ശിരസ്സായിട്ടുള്ള ഏകശരീരത്തിലെ അവയവങ്ങളാണ് നമ്മൾ എന്ന് ക്രൈസ്തവരായ നമ്മൾ അംഗീകരിക്കുന്നു. ഭാവിയിൽ മത്സരിക്കാനുള്ളവരായി ആളുകളെ കാണാതിരിക്കാനും ശത്രുക്കളെപ്പോലും വ്യക്തികളായി കാണാനും ഇത് സഹായിക്കും. നമ്മെത്തന്നെ നിർവചിക്കാൻ നമുക്കു ശത്രുവിന്റെ ആവശ്യമില്ല. എന്തെന്നാൽ എല്ലാറ്റിനെയും ഉൾക്കൊള്ളുന്ന നോട്ടം നാം ക്രിസ്തുവിൽനിന്നു പഠിക്കുന്നുണ്ട്. അത് അപരത്വത്തെ പുതിയൊരു രീതിയിൽ കണ്ടെത്താൻ – അവശ്യഘടകമായും ബന്ധത്തിന്റെയും അടുപ്പത്തിന്റെയും വ്യവസ്ഥയായും കണ്ടെത്താൻ – നമ്മെ പ്രേരിപ്പിക്കുന്നു.

മനസ്സിലാക്കാനും ബന്ധപ്പെടാനും മനുഷ്യരിലുള്ള കഴിവ് ദൈവിക വ്യക്തികൾ തമ്മിലുള്ള സ്നേഹത്തിന്റെ ഐക്യത്തിൽ അടിയുറപ്പിച്ചതാണ്. ദൈവം ഏകാന്തതയല്ല, ഐക്യമാണ്. അവിടന്നു സ്നേഹമാണ്; അതുകൊണ്ട്, സമ്പർക്കമാണ്. എന്തെന്നാൽ സ്നേഹം എപ്പോഴും ആശയവിനിമയം നടത്തുന്നു. അന്യനെ കണ്ടെത്താൻ സ്വയം അങ്ങനെ ചെയ്യുന്നു. ചരിത്രത്തിലുടനീളം യഥാർത്ഥ സംവാദം സ്ഥാപിച്ചുകൊണ്ട് നമ്മോടു സംസാരിക്കുന്നതിനും നമ്മോടു ബന്ധപ്പെടുന്നതിനും ദൈവം നമ്മുടെ ഭാഷ സ്വീകരിക്കുന്നു. (cf. രണ്ടാം വത്തിക്കാൻ കൗൺസിൽ ഡേഗ്മാറ്റിക്ക് കോൺസ്റ്റിറ്റ്യൂഷൻ, ദേയി വെർബും 2).

നമ്മൾ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവിടന്ന് ഐക്യവും ആത്മസമ്പർക്കവുമാണ്. അതുകൊണ്ട് ഐക്യത്തിൽ ജീവിക്കാനുള്ള – ഒരു സമൂഹത്തിന്റേതായിരിക്കാനുള്ള ആഗ്രഹം നമ്മുടെ ഹൃദയത്തിൽ നാം കൊണ്ടുനടക്കുന്നു. "പരസ്പരബന്ധ

ത്തിൽ പ്രവേശിക്കുക, പരസ്പരം ആവശ്യപ്പെട്ടുകൊണ്ടിരിക്കുക - ഇതിനെക്കാൾ സവിശേഷമായ മറ്റൊന്നും നമ്മുടെ പ്രകൃതിയിലില്ല" വിശുദ്ധ ബേസിൽ പറയുന്നു.

ബന്ധങ്ങളിലായിരിക്കാനും മനുഷ്യത്വത്തിന്റെ വ്യക്ത്യന്തരബന്ധ സ്വഭാവം സൂക്ഷിക്കാനും ഇപ്പോഴത്തെ സാഹചര്യം നമ്മോട് ആവശ്യപ്പെടുന്നു - നെറ്റുവർക്കിലും നെറ്റുവർക്കിലൂടെയും അങ്ങനെ ചെയ്യണം. അതിലും കൂടുതലായി വിശ്വാസികൾ എന്ന നിലയിലുള്ള തനിമയുടെ അടയാളമായ ഐക്യം വെളിപ്പെടുത്താൻ, ക്രിസ്ത്യാനികൾ എന്ന നിലയിൽ നാം വിളിക്കപ്പെട്ടിരിക്കുന്നു. വിശ്വാസംതന്നെ യഥാർത്ഥത്തിൽ ഒരു ബന്ധമാണ്, കണ്ടുമുട്ടലാണ്. ദൈവസ്നേഹത്തിന്റെ പ്രേരണകൊണ്ട് നമുക്കു സമ്പർക്കത്തിലാകാനും സ്വാഗതംചെയ്യാനും അപരന്റെ ദാനത്തെ തിരിച്ചറിഞ്ഞ് അതിനോടു പ്രത്യുത്തരിക്കാനും കഴിയും. ഞാൻ ഞാൻ തന്നെ ആയിരിക്കണമെങ്കിൽ എനിക്ക് മറ്റുള്ളവരെ ആവശ്യമുണ്ട് എന്നത് ത്രിത്വമായ ദൈവത്തിലുള്ള വിശ്വാസത്തിൽനിന്നുളവാകുന്ന കാര്യമാണ്. ഞാൻ മറ്റുള്ളവരോടു ബന്ധപ്പെട്ടാൽ മാത്രമേ ഞാൻ യഥാർത്ഥത്തിൽ മനുഷ്യത്വവും വ്യക്തിത്വവും ഉള്ളവനായിരിക്കുകയുള്ളൂ. യഥാർത്ഥത്തിൽ, "വ്യക്തി" എന്ന വാക്ക് ഒരു "മുഖം" എന്ന നിലയിൽ മനുഷ്യജീവിയെ സൂചിപ്പിക്കുന്നു. അവന്റെ മുഖം മറ്റുള്ളവരുടെ നേരേ തിരിഞ്ഞിരിക്കുകയാണ്. അവർ മറ്റുള്ളവരുമായി ബന്ധപ്പെട്ടിരിക്കുന്നവരുമാണ്. നമ്മുടെ ജീവിതം കൂടുതൽ മാനുഷികമായിത്തീരുന്നത് അതിന്റെ സ്വഭാവം കുറച്ചുമാത്രം ഒറ്റപ്പെട്ടതാകുകയും കൂടുതൽ വ്യക്തിത്വമുള്ളതാവുകയും ചെയ്യുമ്പോഴാണ്. മറ്റുള്ളവനെ എതിരാളിയായി കാണുന്ന ഒറ്റപ്പെട്ടവനായിരിക്കുന്നതിൽനിന്ന് മറ്റുള്ളവരെ സഹചാരികളായി അംഗീകരിക്കുന്ന വ്യക്തിയിൽ വിശ്വാസ്യമായ ഈ മാർഗം കാണാം.

**'ലൈക്ക്' (like) എന്നതിൽനിന്നും 'ആമ്മേൻ' എന്നതിലേക്ക്**

ശരീരത്തിന്റെയും അവയവങ്ങളുടെയും ബിംബം നമ്മെ ഒരു കാര്യം ഓർമിപ്പിക്കുന്നു: മറ്റൊരാളുടെ ശരീരം, ഹൃദയം, കണ്ണുകൾ, നോട്ടം, ശ്വസനം എന്നിവയിലൂടെ സജീവമായിത്തീരുന്ന ശരീരത്തിലുള്ള കണ്ടുമുട്ടലിന് സാമൂഹിക വെബ് ഉപകാരപ്രദമാണ്. അത്തരം ഒരു കണ്ടുമുട്ടലിന്റെ ഒരു വ്യാപിപ്പിക്കലോ പ്രതീക്ഷിക്കലോ ആയി നെറ്റ് ഉപയോഗിച്ചാൽ നെറ്റുവർക്ക് എന്ന സങ്കല്പം ഒറ്റിക്കൊടുക്കപ്പെടുകയില്ല. അത് ഐക്യത്തിനുള്ള നിമിത്തമായി നിലകൊള്ളും. ഒരു കുടുംബം കൂടുതൽ ബന്ധപ്പെടാനും തുടർന്ന് മേശയ്ക്കരികേ കണ്ട് പരസ്പരം കണ്ണുകളിലേക്കു നോക്കാനും നെറ്റ് ഉപയോഗിക്കുമ്പോൾ അത് വിഭവമായിത്തീരുന്നു. ഒരു സഭാസമൂഹം നെറ്റുവർക്കിലൂടെ പ്രവർത്തനം സംഘടിപ്പിക്കുകയും ഒന്നിച്ച് ദിവ്യകാരുണ്യാഘോഷം നടത്തുകയും ചെയ്താൽ നെറ്റ് വിഭവമായിത്തീരും. ശാരീരികമായി നമ്മിൽനിന്ന് അകന്നിരിക്കുന്ന സൗന്ദര്യത്തിന്റെയോ സഹനത്തിന്റെയോ കഥകളോ അനുഭവങ്ങളോ പങ്കുവയ്ക്കാനുള്ള അവസരം നെറ്റ് തരുമ്പോൾ അത് വിഭവമാ

ണ്. ഒന്നിച്ചുപ്രാർത്ഥിക്കാനും നന്മ അന്വേഷിക്കാനും ഐക്യപ്പെടുത്തുന്നവയെ കണ്ടെത്താനും നെറ്റ് സഹായിക്കുന്നു.

ഈ വിധത്തിൽ നമുക്ക് രോഗനിർണയത്തിൽ നിന്ന് ചികിത്സയിലേക്കു കടക്കാം. സംവാദത്തിനും കണ്ടുമുട്ടലിനും "പുഞ്ചിരികൾക്കും" വാത്സല്യ പ്രകടനങ്ങൾക്കും ഉള്ള വഴി തുറക്കുന്നു. ഈ നെറ്റുവർക്കാണ് നമുക്കും വേണ്ടത് - കെണിയിൽപെടാനുള്ളതല്ല വിമോചിപ്പിക്കാനുള്ളത്, സ്വതന്ത്രജനതയുടെ ഐക്യം സംരക്ഷിക്കാനുള്ളത്. സഭതന്നെ ദിവ്യകാരുണ്യ ഐക്യം വഴി ഒന്നിച്ചു നെയ്യപ്പെട്ട ഒരു നെറ്റുവർക്കാണ്. അവിടെ ഐക്യത്തിന്റെ അടിസ്ഥാനം "ലൈക്ക്" അല്ല പിന്നെയോ സത്യത്തിൽ "ആമ്മേൻ" ആണ്. അതുവഴി ഓരോ വ്യക്തിയും ക്രിസ്തുവിന്റെ ശരീരത്തോട് ഒട്ടിച്ചേരുകയും മറ്റുള്ളവർക്ക് സ്വാഗതമരുളുകയും ചെയ്യുന്നു.

**ഫ്രാൻസിസ് പാപ്പാ**

N.B: ഈ സർക്കുലർ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും മാധ്യമദിനമായ 2019 ജൂൺ 2-ാം തീയതി വായിക്കുകയോ, സന്ദേശം പങ്കുവയ്ക്കുകയോ ചെയ്യേണ്ടതാണ്.

സർക്കുലർ 07/2019

# പന്തക്കുസ്ത തിരുനാൾ

മിശിഹായിൽ പ്രിയപ്പെട്ടവരേ,

തിരുസ്സഭയുടെ ജന്മദിനമായ പന്തക്കുസ്ത തിരുനാളിനെക്കുറിച്ച് സൂചിപ്പിക്കുന്നതിനുവേണ്ടിയാണ് ഞാനിതെഴുതുന്നത്. സഭ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടതും അപ്പസ്തോലന്മാർ പുതുചൈതന്യത്താൽ നിറഞ്ഞ് ക്രിസ്തുവിന് സാക്ഷ്യം വഹിച്ചതും പന്തക്കൂസ്തായോടുകൂടിയാണല്ലോ. ഇനിയെന്ത് ചെയ്യും എന്നുകരുതി ഭയപ്പെട്ടിരുന്ന ശിഷ്യന്മാരുടെ ജീവിതത്തിന് ദിശാബോധം ലഭിച്ച ദിവസമാണത്. ആകുലതകളുടെയും, നിരാശയുടെയും, കുറ്റബോധത്തിന്റെയും നഷ്ടബോധത്തിന്റെയും നടുവിലായിരുന്ന ശിഷ്യന്മാരുടെ ജീവിതത്തിൽ പ്രതീക്ഷയുടെയും സന്തോഷത്തിന്റെയും ദൗത്യബോധത്തിന്റെയും ഉണർത്തുപാട്ടാണ് പന്തക്കൂസ്തായിൽ നാം കാണുന്നത്. "ഞാൻ മീൻ പിടിക്കാൻ പോവുകയാണ്" (യോഹ. 21:3) എന്ന് പറഞ്ഞുകൊണ്ട് പഴയ പണിക്കുപോയ ശിഷ്യപ്രമുഖനായ പത്രോസിനും, "ഞങ്ങളും നിന്നോടു കൂടെ വരുന്നു" എന്നു പറഞ്ഞ മറ്റു ശിഷ്യന്മാർക്കും തങ്ങളുടെ ദൈവവിളിയുടെ ആഴങ്ങൾ മനസ്സിലാക്കുവാൻ സാധിച്ച ദിവസമാണ് പന്തക്കുസ്തതിരുനാൾ.

നമുക്കറിയാവുന്നതുപോലെ ഈശോയുടേത് ഒരു സ്വഭാവിക മരണമായിരുന്നില്ലല്ലോ. രണ്ടു കള്ളന്മാരുടെ നടുവിൽ മറ്റൊരു കള്ളനെപ്പോലെ വധിക്കപ്പെട്ടവനാണ് അവൻ. ഒരു കൊടും കുറ്റവാളിയെ വെറുതെവിട്ടിട്ട് അവന് പകരമായി കുരിശിലേറ്റപ്പെട്ടവനാണ് അവൻ. "കുരിശിൽ തറക്കപ്പെട്ടവൻ ശപിക്കപ്പെട്ടവനാണ്" എന്നറിയാമായിരുന്നതുകൊണ്ട് അപമാനഭാരത്താൽ നാട്ടിലും വീട്ടിലും നില്ക്കാനാവാത്തവണ്ണം നാണക്കേടിന്റെ വേദന അനുഭവിച്ചവരാണ് ശിഷ്യന്മാർ. ലൂക്കായുടെ സുവിശേഷം 24-ാം അദ്ധ്യായത്തിൽ എമ്മാവൂസിലേക്കുപോയ ശിഷ്യന്മാരെക്കുറിച്ചു പ്രതിപാദിക്കുന്നത് നോക്കുക. അവർ വാദിക്കുകയും തർക്കിക്കുകയും ചെയ്തു. അവർ മ്ലാനവദനരായിരുന്നു. കുരിശിന്റെ അർത്ഥവും, ക്രൂശിതന്റെ ലക്ഷ്യവും മനസ്സിലാക്കാനാവാതെ, വിഷമിച്ച ശിഷ്യന്മാർക്ക് അപാരമായ ശക്തിയും ചൈതന്യവുമാണ് പന്തക്കൂസ്താത്തിരുനാളിൽ ലഭിച്ചത്. ഈശോയുടെ ഉത്ഥാനത്തിനുശേഷം അമ്പത് ദിവസങ്ങൾ കഴിഞ്ഞ് പരിശുദ്ധാത്മാവ് തീ നാവുകളുടെ രൂപത്തിൽ ഇറങ്ങിവന്നതിന്റെ ആഘോഷമാണല്ലോ പന്തക്കുസ്തതിരുനാൾ. ഉയിർപ്പുകാലത്തിന്റെ അവസാനവും ഉയിർപ്പിന്റെ കാത്തിരിപ്പുമാണ് അന്ന് നടന്നത്. അത്യുന്നതിന്റെ ശക്തി അക്ഷരാർത്ഥത്തിൽ അപ്പസ്തോലന്മാരുടെമേൽ ആവസിച്ചു എന്നത് അവരുടെ ജീവിത വ്യതിയാനംതന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട്. മരണഭയത്തിൽ നിന്ന് ധൈര്യത്തിലേക്കും, നിരാശയിൽ നിന്ന് പ്രത്യാശയിലേക്കും, ദുഃഖത്തിൽ നിന്ന് സന്തോഷത്തിലേക്കും, നഷ്ടബോധത്തിൽ നിന്ന് ആത്മബോധത്തിലേക്കും കടന്നുവരുവാൻ അപ്പസ്തോലന്മാർക്കു കഴിഞ്ഞു. വ്യക്തിത്വത്തിൽ കാതലായ മാറ്റം അവരിൽ നാം കാണുന്നുണ്ട്. ഭയപ്പെട്ട് കതകടച്ചിരുന്ന ശിഷ്യന്മാർ ആത്മധൈര്യത്തോടും ബോധ്യത്തോടും കൂടി യേശുവിന്റെ സാക്ഷികളാവുന്നതാണ് നാം കാണുന്നത്. ലോകത്തിന്റെ അതിർത്തികൾ വരെ സാക്ഷ്യം വഹിക്കാനുള്ള ധൈര്യവും ശക്തിയും തീഷ്ണതയും ശിഷ്യന്മാർക്കു ലഭിച്ചു. രക്തസാക്ഷികളായി മാറുവാനും അനേകരെ സത്യവിശ്വാസത്തിലേക്ക് നയിക്കുവാനും ശിഷ്യന്മാർക്കു കഴിഞ്ഞു. ആദ്യദിവസം തന്നെ മൂവായിരം പേർ വിശ്വാസം സ്വീകരിച്ച് സഭ ഉദ്ഘാടനം ചെയ്യപ്പെട്ടു. പിന്നീടങ്ങോട്ടു പന്തക്കുസ്തയുടെ അനുഭവത്തിൽ തിരുസ്സഭയുടെ വളർച്ചയാണ് നാം കാണുന്നത്.

പ്രിയപ്പെട്ടവരേ, പുതിയൊരു പന്തക്കുസ്തയുടെ അനുഭവം സ്വന്തമാക്കുവാൻ വളരെയേറെ പ്രാർത്ഥിച്ച് ഒരുങ്ങേണ്ട ഒരു കാലഘട്ടമാണിത് എന്ന് നമുക്കറിയാം. ഭയത്തിന്റെയും, ഉത്കണ്ഠയുടെയും നീരസത്തിന്റെയും, നഷ്ടബോധത്തിന്റെയും, കുറ്റബോധത്തിന്റെയും ചൈതന്യം ഈ നാളുകളിൽ നമ്മൾ കാണുന്നുണ്ട്. ക്രിസ്തുവിൽ വിശ്വസിക്കുന്നത് അപമാനമായും തിരുസ്സഭയിലെ അംഗമാണ് എന്നതിൽ ദുരഭിമാനവും പലരിലും തോന്നുന്ന ഒരു കാലഘട്ടം. വിദ്വേഷത്തിന്റെയും, പകയുടെയും, പകരം വീട്ടലുകളുടെയും അനീതിയുടെയും, അധാർമ്മികതയുടെയും, ഉതപ്പുകളുടെയും നടുവിൽ സഭ ഇന്ന് നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കാൻ പുതുചൈതന്യം നമ്മിൽ

നിറയേണ്ടതുണ്ട്. ഓരോരുത്തരെയും ദൈവം ഭരമേല്പിച്ച ദൗത്യമെന്താണെന്ന് തിരിച്ചറിയേണ്ട കാലഘട്ടമാണിത്. സ്നേഹത്തിൽ വേരുപാകി ക്രിസ്തു ചൈതന്യത്താൽ നിറഞ്ഞ് ഈ ലോകത്തിൽ സജീവ സാക്ഷികളാകേണ്ടവരാണ് നമ്മൾ എന്ന് നാം തിരിച്ചറിയണം. അതിനായി അപ്പസ്തോലന്മാരേപ്പോലെ പരി. അമ്മയോട് ചേർന്ന് ഒരു പുതിയ പന്തക്കുസ്തായ്ക്കായി നമുക്കൊരുങ്ങാം. വി. പൗലോസ്ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നത് ഇപ്രകാരമാണ്: "എന്റെ കൈവയ്പിലൂടെ നിനക്ക് ലഭിച്ച ദൈവികവരത്തെ വീണ്ടും ഉജ്ജ്വലിപ്പിക്കണം" (2 തിമോ. 1:6). മാമ്മോദീസയിലൂടെ നാം ദൈവത്തിന്റെ മക്കളും തിരുസ്സഭയുടെ അംഗങ്ങളും സ്വർഗ്ഗരാജ്യത്തിന്റെ അവകാശികളുമായി എന്നു നമുക്കറിയാം. സ്ഥൈര്യലേപനത്തിലൂടെ പരിശുദ്ധാത്മാവിന്റെ ആലയങ്ങളും ക്രിസ്തുവിന്റെ പടയാളികളുമാണ് നമ്മൾ. വി. കുർബാനയിലൂടെ അനുനിമിഷം നാം പവിത്രീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

കൂദാശകളിലൂടെ നമുക്ക് ലഭിക്കുന്ന പരിശുദ്ധാത്മാവിന്റെ അഭിഷേകം ഉജ്ജ്വലിപ്പിക്കേണ്ടത് നമ്മുടെയും സഭയുടെയും ആവശ്യമാണ്. കലഹത്തിന്റെയും വിഭാഗീയതയുടെയും ഭിന്നതയുടെയും അവസ്ഥയിൽ നിന്നും ഐക്യത്തിന്റെയും സ്നേഹത്തിന്റെയും ജീവിതസാക്ഷ്യത്തിന്റെയും സമാധാനത്തിന്റെയും അരൂപി നമ്മിൽ നിറയുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം.

പന്തക്കൂസ്താത്തിരുനാൾ സമുചിതമായി ആചരിക്കുവാൻ ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. മെയ് 31-ാം തീയതിമുതൽ സഭയുടെ ഏറ്റവും പുരാതനമായ പരിശുദ്ധാത്മാവിനോടുള്ള നൊവേന ചൊല്ലി ആത്മീയമായി ഒരുങ്ങി ജൂൺ 9 ന് പന്തക്കൂസ്താത്തിരുനാൾ ആഘോഷിക്കേണ്ടതാണ്. പുതിയ ഒരു പന്തക്കൂസ്തായുടെ അനുഭവം ഏവർക്കും ലഭിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും പന്തക്കൂസ്താത്തിരുനാളിന്റെ നന്മകളും അനുഗ്രഹങ്ങളും നേർന്നുകൊണ്ടും,

സ്നേഹപൂർവം,



**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

താമരശ്ശേരി രൂപതയുടെ മെത്രാൻ

# കച്ചേരിക്കാര്യം

**1. പുതിയ നിയമനങ്ങൾ**

ബഹു. വൈദികർ:

ഇടയാൽ തോമസ് MCBS : വികാരി, ചാത്തൻകോട്ടുനട

ഇരുപ്പക്കാട്ട് സെബാസ്റ്റ്യൻ OFM Cap. : അസി.വികാരി, കുണ്ടായിത്തോട്

കപ്പലുമാക്കൽ ജേക്കബ് : ഡയറക്ടർ, മദ്യവിരുദ്ധസമിതി (അധിക ചുമതല)

കരിങ്ങടയിൽ ജോസ് മാത്യു OFM Cap. : അസി. വികാരി, പേരാമ്പ്ര

കൊളങ്ങയിൽ തോമസ് OFM Cap. : വികാരി, കുണ്ടായിത്തോട്

കുറൂർ വർഗ്ഗീസ് CMI : അസി. വികാരി, അമലാപുരി

പരത്തനാൽ ജോസഫ് OFM Cap. : വികാരി, പേരാമ്പ്ര

പ്ലാക്കൂട്ടത്തിൽ ജേക്കബ് : ഡയറക്ടർ, പെയിൻ ആന്റ് പാലിയേറ്റീവ് (അധികചുമതല)

<u>മിഷൻ ലീഗ് മേഖലാഡയക്ടേഴ്സ്</u>

എടക്കാട്ടിൽ ജോസഫ് : മലപ്പുറം

മഴുവഞ്ചേരി അബ്രാഹം : കരുവാരകുണ്ട്

മുണ്ടക്കൽ ചാക്കോ : വിലങ്ങാട്

നെടുമല സഖറിയാസ് : കോടഞ്ചേരി

തേവടിയിൽ തോമസ് : താമരശ്ശേരി

തുണ്ടത്തിൽ സ്കറിയ : പാറോപ്പടി

വള്ളിക്കുന്നേൽ ജെയിംസ് : തിരുവമ്പാടി

<u>കുടുംബകൂട്ടായ്മ മേഖലാഡയക്ടേഴ്സ്</u>

ചെമ്പുതൂക്കിൽ മാത്യു : കോടഞ്ചേരി

കണ്ടത്തിൽ വിൻസെന്റ് : കൂരാച്ചുണ്ട്

കാവിൽ റോണി പോൾ : പാറോപ്പടി

മഞ്ഞക്കഴക്കുന്നേൽ ജോസഫ് : വിലങ്ങാട്

മഴുവഞ്ചേരി അബ്രാഹം : കരുവാരകുണ്ട്

തേവടിയിൽ തോമസ് : താമരശ്ശേരി

വരകിൽ ആന്റണി : തോട്ടുമുക്കം

വള്ളിക്കുന്നേൽ ജെയിംസ് : തിരുവമ്പാടി

കെ.സി.വൈ.എം. മേഖലാഡയറക്ടേഴ്സ്

കൊച്ചുമുറിയിൽ തോമസ് : പെരിന്തൽമണ്ണ

മഴുവഞ്ചേരി അബ്രാഹം : കരുവാരകുണ്ട്

പുത്തൻവീട്ടിൽ കുര്യാക്കോസ് : കോടഞ്ചേരി

**2. ജൂൺ 9 പന്തക്കുസ്തതിരുനാൾ**

പന്തക്കുസ്തതിരുനാളിനോടനുബന്ധിച്ച് ജൂൺ 1 മുതൽ 9-ാം തീയതിവരെ പ്രത്യേക നൊവേന ചൊല്ലി ഇടവക ജനത്തെ ഒരുക്കുകയും പന്തക്കുസ്താദിനം സമുചിതമായി ആചരിക്കുകയും വേണം.

**3. മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ ചരമവാർഷികദിനം**

ജൂൺ 11 നമ്മുടെ രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ 25-ാം ചരമവാർഷികദിനമാണ്. അന്നേദിവസം ചൊവ്വാഴ്ച രാവിലെ 9.45 ന് മാർ മങ്കുഴിക്കരി പാസ്റ്ററൽ സെന്റിന്റെ വെഞ്ചരിപ്പ് കർമ്മവും തുടർന്ന് 10.30 ന് താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിപ്പിതാവിന്റെ കാർമ്മികത്വത്തിൽ വി. കുർബാനയും മറ്റു ശുശ്രൂഷകളും നടക്കുന്നു. ചരമദിനം നേരത്തെ ഇടവകയിൽ അറിയിക്കുകയും ഇടവകകളിൽ പിതാവിനുവേണ്ടി നടത്തുന്ന വി. കുർബാനയിൽ പങ്കെടുക്കുവാൻ വിശ്വാസികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്.

**4. വൈദികസമിതി സമ്മേളനം - ജൂലൈ 25**

പത്താമത് പ്രസ്ബിറ്ററൽ കൗൺസിലിന്റെ സമ്മേളനം ജൂൺ 18 ചൊവ്വാഴ്ച രാവിലെ 10.30 ന് രൂപതാഭവനിൽ നടക്കുമെന്ന് കഴിഞ്ഞ ലക്കം താമരമൊട്ടിൽ അറിയിച്ചിരുന്നു. എന്നാൽ ചില പ്രത്യേക കാരണങ്ങളാൽ അത് **2019 ജൂലൈ 25-ാം തീയതി**യിലേക്ക് മാറ്റിയിരിക്കുന്നുവെന്ന കാര്യം അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**5. വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ - ജൂൺ 29 കടമുള്ള ദിവസം**

സീറോ മലബാർ സഭയുടെ പ്രത്യേക നിയമപ്രകാരം, വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ ദിവസമായ ജൂൺ 29 കടമുള്ള ദിവസമാണെന്ന് ഓർമ്മിപ്പിക്കുന്നു. ഇക്കാര്യം ദൈവജനത്തെ അറിയിക്കേണ്ടതും അതനുസരിച്ച് വി. കുർബാനയുടെ സമയം ക്രമീകരിക്കേണ്ടതുമാണ്.

**6. മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ നാമഹേതുകത്തിരുനാൾ**

വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ ദിനമായ ജൂൺ 29-ാം തീയതി അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ നാമഹേതുകത്തിരുനാളാണ്.

അന്നേദിവസം നമ്മുടെ പ്രാർത്ഥനകളിൽ വന്ദ്യ പിതാവിനെ പ്രത്യേകം അനുസ്മരിക്കാം. ബഹു. വികാരിയച്ചന്മാർ പിതാവിന്റെ നാമഹേതുകത്തിരുനാളിനെക്കുറിച്ച് വിശ്വാസികളെ അറിയിച്ച് പിതാവിനുവേണ്ടി പ്രാർത്ഥിക്കുവാൻ ഓർമ്മിപ്പിക്കുമല്ലോ.

**7. പത്രോസിന്റെ കാശ് പിരിവ്**

ആഗോളസഭയുടെ പ്രവർത്തനങ്ങളിൽ വിശ്വാസികൾ എല്ലാവരും പങ്കാളികളാകുന്നതിന്റെ ഭാഗമായി വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ ദിനത്തോടനുബന്ധിച്ച് അന്നേദിവസമോ അതിനടുത്തുള്ള ഞായറാഴ്ചയോ വി. കുർബാനമദ്ധ്യേ സ്തോത്രക്കാഴ്ച എടുക്കുകയും അത് രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കുകയും ചെയ്യേണ്ടതാണ്.

**8. ദുക്റാനത്തിരുനാൾ, സീറോ മലബാർ സഭാദിനം**

നമ്മുടെ വിശ്വാസ പൈതൃകത്തിന്റെ പിതാവായ മാർ തോമാശ്ലീഹായുടെ മരണത്തിരുനാളായ ജൂലൈ 3 കടമുള്ള ദിവസമായി നാം ആചരിക്കുന്നു. ദുക്റാനത്തിരുനാളിന് ഒരുക്കമായി തൊട്ടടുത്ത ദിവസങ്ങളിൽ വിശുദ്ധനോടുള്ള നൊവേന ചൊല്ലുന്നത് ഉചിതമായിരിക്കും.

നമ്മുടെ പിതാവായ വി. തോമാശ്ലീഹായുടെ തിരുനാൾ സീറോ മലബാർ സഭാദിനമായും ആചരിക്കുന്നു. സഭയ്ക്കുവേണ്ടിയും സഭയുടെ പ്രവർത്തനങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കുവാനും ഈ ദിവസം നാം മാറ്റിവെച്ചിരിക്കുന്നു. അന്നേദിവസം വി. കുർബാനമദ്ധ്യേ എടുക്കുന്ന സ്തോത്രക്കാഴ്ച സഭയുടെ പ്രവർത്തനങ്ങൾക്കുവേണ്ടി സീറോ മലബാർ സഭാകേന്ദ്രത്തിലേക്ക് അയച്ചുകൊടുക്കുന്നതാണ്. ആളൊന്നിന് 2 രൂപ പ്രകാരമാണ് ഓരോ ഇടവകയിൽ നിന്ന് സഭാദിനപ്പിരിവായി രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടത്.

**9. നന്ദി, സ്വാഗതം**

സ്തുത്യർഹമായ സേവനങ്ങൾക്കുശേഷം പുതിയ കർമ്മമേഖലയിലേക്ക് പോകുന്ന പേരാമ്പ്ര ഇടവക വികാരിയായിരുന്ന **ബഹു. ഫാ. ജോസ് തോമസ് കരിങ്ങടയിൽ** OFM Cap. , കുണ്ടായിത്തോട് ഇടവക വികാരിയായിരുന്ന **ബഹു. ഫാ. ജോസ് തച്ചുകുന്നേൽ** OFM Cap., ചാത്തൻകോട്ടുനട ഇടവക വികാരിയായിരുന്ന **ബഹു. ഫാ. ജോർജ് തീണ്ടാപ്പാറ** MCBS, അമലാപുരി ഇടവക അസി. വികാരിയായിരുന്ന **ബഹു. ഫാ. ജോസഫ് പടേട്ട്** CMI എന്നിവർക്ക് താമരശ്ശേരി രൂപതയുടെ കൃതജ്ഞതയും പ്രാർത്ഥനാശംസകളും നേരുന്നു.

രൂപതാകൂട്ടായ്മയിലേക്ക് പുതിയതായി കടന്നുവരുന്ന ബഹു. ഫാ. തോമസ് ഇടയാൽ MCBS, ബഹു. ഫാ. ഇരുപ്പക്കാട്ട് സെബാസ്റ്റ്യൻ OFM Cap., ബഹു. ഫാ. കരിങ്ങടയിൽ ജോസ് മാത്യു OFM Cap., ബഹു. ഫാ. കൊളങ്ങയിൽ തോമസ് OFM Cap., ബഹു. ഫാ. പരത്തനാൽ ജോസഫ് OFM Cap., ബഹു. ഫാ. കുറൂർ വർഗ്ഗീസ് CMI ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

**10. പുതിയ ഫോൺ നമ്പർ**

**ഫാ. ഫ്രാൻസിസ് പുതിയേടത്ത് : 7034940309**

**11. ആദരാഞ്ജലികൾ**

ബഹു. അഗസ്റ്റിൻ പാറ്റാനിയിലച്ചന്റെ പിതാവ് **അഗസ്റ്റിൻ പാറ്റാനിയിൽ (83)** 2019 മെയ് 5 ന് നിത്യസമ്മാനത്തിന് വിളിക്കപ്പെട്ടു. മെയ് 6 ന് വൈകുന്നേരം തലശ്ശേരി അതിരൂപതയിലെ കൊട്ടോടി ഇടവകയിൽ നടന്ന മൃതസംസ്കാരശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങളോടും പ്രത്യേകിച്ച് ബഹു. അഗസ്റ്റിൻ പാറ്റാനിയിലച്ചനോടും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുകയും പരേതന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**12. വൈദികരുടെ വാർഷിക ധ്യാനം**

നമ്മുടെ വൈദികരുടെ വാർഷിക ധ്യാനം പുല്ലൂരാംപാറ ബഥാനിയായിൽ വച്ച് രണ്ടു ബാച്ചുകളിലായി നടത്തപ്പെടുന്നു. ആദ്യബാച്ച് ജൂലൈ 7 ഞായറാഴ്ച വൈകുന്നേരം 7 മണിക്ക് ആരംഭിച്ച് 12 വെള്ളിയാഴ്ച ഉച്ചയ്ക്ക് അവസാനിക്കുന്നു. രണ്ടാമത്തെ ബാച്ച് ജൂലൈ 14 ഞായറാഴ്ച വൈകുന്നേരം 7 മണിക്ക് ആരംഭിച്ച് 19 വെള്ളിയാഴ്ച ഉച്ചയ്ക്ക് അവസാനിക്കുന്നു. ബാച്ച് തിരിച്ചുള്ള ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നു. ബഹു. അച്ചന്മാർ തങ്ങൾ ഏത് ബാച്ചിലാണ് പങ്കെടുക്കേണ്ടത് എന്ന് ഉറപ്പുവരുത്തുമല്ലോ.

## Batch -1

**സമയം : 2019 ജൂലൈ 7 ഞായറാഴ്ച വൈകുന്നേരം 7 മണി മുതൽ ജൂലൈ 12 വെള്ളിയാഴ്ച ഉച്ചവരെ**

**സ്ഥലം : ബഥാനിയ സെന്റർ, പുല്ലൂരാംപാറ**

**ധ്യാനഗുരു : മാർ ജോസ് പുളിക്കൽ**

1 Alappattukottayil Joseph
2 Chakkittamuriyil Thomas(Jr)
3 Cheeramattathil Sebastian
4 Chembuthoockil Mathew
5 Chemparathical George
6 Chennickara Antony
7 Chilambikunnel Thomas
8 Chirakandathil Jose
9 Iykolambil Kuriakose
10 Kalappurackal Joseph
11 Kalarickal Thomas
12 Kalariparambil John
13 Kalathoor George
14 Kalathoor Varghese
15 Kandathil Vincent
16 Kanivelil Augustine CMI
17 Kappalumackal Jacob
18 Karakkattu Christo
19 Karikunnel Antony
20 Kavil Rony Paul
21 Kavilpurayidathil Abraham
22 Kizhakkarakat Danties

23 Kocheelath Abraham
24 Kochukaipayil Kuriakose
25 Kochukaipayil Thomas
26 Kochumuriyil Thomas
27 Kollamparambil Mathew
28 Kuzhimattathil James
29 Maliyeckal Joseph
30 Mangalamadathil Mathew
31 Mangarayil Scaria
32 Manjakazhakunnel Joseph
33 Mattakottil Mathew
34 Mavely Mathew
35 Moolayil John
36 Mukaleparambil Joseph
37 Mundackal George
38 Muttathukudiyil Dominic
39 Nagaparambil Thomas
40 Nandalath Johnson
41 Nedumala Zacharias
42 Njavallil Jose
43 Oliakattil Jose
44 Oravankara John
45 Palakkatt Joseph
46 Palathumthalackal Augustine
47 Pallickavayalil John
48 Pennaparambil Jose
49 Peruvelil Mathew
50 Plakoottathil Jacob
51 Poovathinkal Paul
52 Pulichamakkal Joseph
53 Pulickal Sebastian
54 Pullolickal Mathew
55 Purayidathil Sebastian
56 Puthenpurackal Jacob (Jr.)
57 Puthettupadavil Joseph
58 Puthiyedath Francis
59 Puthusseriputhenpura George
60 Thalachirakuzhy Kurian
61 Thandamparambil Joseph
62 Thayyil Kuriakose
63 Thundathil Scaria
64 Vadakkel Joseph
65 Valliamthadathil John
66 Vattottutharappel Thomas
67 Vayalil Abraham
68 Vellackakkudiyil George
69 Vellamackal Francis

## Batch -2

**സമയം : 2019 ജൂലൈ 14 ഞായറാഴ്ച വൈകുന്നേരം 7 മണി മുതൽ ജൂലൈ 19 വെള്ളിയാഴ്ച ഉച്ചവരെ**

**സ്ഥലം : ബഥാനിയ സെന്റർ, പുല്ലൂരാംപാറ**

**ധ്യാനഗുരു : മാർ ജോസ് പുളിക്കൽ**

1 Alunkal Augustine
2 Areethara Jacob
3 Chakkummottil Philip
4 Chempukandathil Sebastian
5 Cherupillattu Varkey
6 Cheruvelil Mathew
7 Chittilappilly Varghese CSsR
8 Chundayil Joseph
9 Edakkattil Joseph
10 Ezhanikatt Joseph

11 Kalappurackal George
12 Kalarickal Joseph
13 Kalathil Joseph
14 Karakunnel Jacob
15 Karottuzhunnalil Jose
16 Karukamalil George
17 Karukamalil Vincent
18 Kizhakkarakat Sudeep
19 Kizhakkekunnel Simon
20 Kochumannarath Thomas OFM
21 Koonanickal Joseph
22 Koothur Jacob
23 Kothanickal Chacko
24 Kottackal Mathew
25 Kozhuvanal Antony
26 Kuttikatt George
27 Kuzhivelil Dominic
28 Machukuzhiyil Augustine
29 Malapravanal Thomas
30 Mannancheril Joseph
31 Mazhuvanchery Abraham
32 Mukalayil Kuriakose
33 Mundackal Chacko
34 Mundanatt George
35 Muttathukunnel Wilson
36 Naduvathettu Francis
37 Nirappel Mathew
38 Panamattamparambil Sebastian
39 Pannikottu Augustine
40 Parankulangara Thomas
41 Parathottathil Sebastian
42 Pattaniyil Augustine
43 Pattassery Sebastian
44 Pazhukunnel Johnson
45 Poothakuzhy Joseph
46 Poriyath Thomas
47 Pulimoottil Mathew (Jr.)
48 Pulimoottil Mathew (Sr.)
49 Puramadathil Kurian
50 Puthenveettil Kuriakose
51 Puthiyaparambil Thomas
52 Thadathil Mathew
53 Thakidiyel Mathew
54 Thannickal Kurian
55 Thekkanath Devassy CSsR
56 Thekkekaramattathil George
57 Thekkumkattil Joseph
58 Thevadiyil Thomas
59 Thittayil Mathew
60 Thoomkuzhy Dominic
61 Vadakkedom Jose
62 Vadakkel Sebastian
63 Vallikunnel James
64 Vallopilly Simon
65 Valloppilly Abraham
66 Vamattathil Augustine
67 Vamattathil James
68 Varakil Antony
69 Varikkassery George
70 Vellaramkalayil George

**14. സ്മരണാഞ്ജലി**

04-06-1985 – റവ. ഫാ. സിറിയക് ചെമ്മാഴം
08-06-1977 – റവ. ഫാ. തോമസ് കോട്ടൂർ
09-06-1986 – റവ. ഫാ. ജോൺ വിയാനി സി.എം.ഐ.
10-06-1994 – റവ. ഫാ. സെബാസ്റ്റ്യൻ പുളിയമ്മാക്കൽ
**11-06-1994 – മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി**

**11-06-2005 - റവ. ഫാ. ജോസഫ് അരഞ്ഞാണിപുത്തൻപുര**
**19-06-2006 - റവ. ഫാ. പോൾ മൂശാരിയേട്ട്**
21-06-2001 - മോൺ. ജേക്കബ് വാരിക്കാട്ട്
**21-06-2008 - റവ. ഫാ. ജോസഫ് അടിപുഴ**
24-06-1974 - റവ. ഫാ. സെബാസ്റ്റ്യൻ സി.എം.ഐ
**24-06-2009 - മോൺ. സി. ജെ വർക്കി കുഴികുളം**
25-06-1970 - റവ. ഫാ. ഫുൾജെൻസിയൂസ് സി.എം.ഐ.

**പ്രോട്ടോസിഞ്ചെല്ലൂസ്**

---

**MAR REMIGIOSE INCHANANIYIL**
**Bishop of Thamarassery**

**Order No. 278/19**

**Constitution of the Election Commission for Presbyteral Council**

**REMIGIOSE INCHANANIYIL**
**Bishop of Thamarassery**

In virtue of the norms given in the Statutes of the Eparchial Presbyteral Council Article VII, a., I hereby constitute the Election Commission with the following members to conduct the election to constitute XI Presbyteral Council.

Very Rev. Fr. George Mundanatte (Convener)
Very Rev. Fr. Abraham Kocheelath
Rev. Fr. Thomas Chilampikunnel

**Given this from the Bishop's Office on 24 May, 2019**

**✠Remigiose Inchananiyil**
Bishop of Thamarassery

REMIGIOSE INCHANANIYIL ★ BISHOP OF THAMARASSERY ★

Fr. George Mundanatte
Chancellor

Bishop's House, P .B. No. 1, Thamarassery P.O., Calicut - 673 573, Kerala, India
Phone : 0495 - 2223376, 2223019 (P+ Fax), Mob : 9447425951
Web : www.dioceseofthamarassery.org
Email : remigiusm@hotmail.com, diocesetmy09@gmail.com

# പാവനസ്മരണയ്ക്ക്




ഫാ. ജോസഫ്
അരഞ്ഞാണിപുത്തൻപുര
11.06.2005



ഫാ. പോൾ
മൂശാരിയേട്ട്
19.06.2006



ഫാ. ജോസഫ്
അടിപുഴ
21.06.2008



മോൺ. സി. ജെ. വർക്കി
കുഴികുളം
24.06.2009



# ആദരാഞ്ജലികൾ

**റവ. ഫാ. സെബാസ്റ്റ്യൻ ഇളംതുരുത്തിൽ (83)**

1936 ആഗസ്റ്റ് 17 ന് പാലാ രൂപതയിലെ പ്ലാശനാൽ ഇടവകയിൽ ജോസഫ്- റോസ ദമ്പതികളുടെ പന്ത്രണ്ടുമക്കളിൽ മൂന്നാമനായി ജനിച്ച സെബാസ്റ്റ്യൻ അച്ചൻ 1963 മാർച്ച് 19 ന് തലശ്ശേരി രൂപതയുടെ ഇടയൻ മാർ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. താമരശേരി രൂപതയിലെ തേക്കുക്കുറ്റി, വിലങ്ങാട്, പെരുവണ്ണാംമൂഴി, മഞ്ഞുവയൽ, ചാപ്പൻത്തോട്ടം, മരഞ്ചാട്ടി, നെന്മേനി, കാളികാവ്, പി ടി ചാക്കോനഗർ, മഞ്ഞക്കടവ് എന്നീ ഇടവകകളിലും തലശ്ശേരി അതിരൂപതയിലെ കുടിയാൻമല, മാലോം, ചരൾ, റയറോം എന്നീ ഇടവകകളിലും വികാരിയായി അച്ചൻ സതുത്യർഹമായ സേവനം അനുഷ്ഠിച്ചു. കുടിയേറ്റ ത്തിന്റെ ഭാരം മുഴുവൻ അനുഭവിച്ചറിഞ്ഞവനാണ് ബഹു. സെബാസ്റ്റ്യനച്ചൻ. 1947 ൽ 11-ാം വയസ്സിൽ തിരുവമ്പാടിയിലേക്കുള്ള കുടിയേറ്റമാണ് മലബാറിന്റെ അജപാലകനാകാൻ അച്ചനെ പ്രേരിപ്പിച്ചത്.

കഠിനാധ്വനത്തിന്റെ തഴമ്പുള്ള ബലിഷ്ഠമായ കരങ്ങളും ആത്മീയതയാൽ സ്ഫുടം ചെയ്ത ധൈര്യവും അദ്ദേഹത്തിന്റെ പ്രത്യേകത യായിരുന്നു. സ്വതസിദ്ധവും നിഷ്കളങ്കവുമായ പുഞ്ചിരിയിലൂടെ അജപാ ലന ദൗത്യം നിർവ്വഹിച്ച ഇളംതുരുത്തിയച്ചൻ ആടിന്റെ ചൂടും ചൂരുമുള്ള ഇടയനായിരുന്നു. വാസ്തവത്തിൽ തനിക്ക് ഭരമേൽപ്പിക്കപ്പെട്ട അജഗണത്തെ പൂർണ്ണമായും സ്നേഹിച്ചും സേവിച്ചും നന്മചെയ്തും കടന്നു പോയ ലളിതജീവിതത്തിന്റെ ഉടമയായിരുന്നു അദ്ദേഹം.

അഗതികളോടും നിരാലംബരോടും സവിശേഷമായ ഒരു കരുതൽ അച്ചനുണ്ടായിരുന്നു. തന്നെ സമീപിക്കുന്നവർക്ക് ഒരു കാരുണ്യത്തിന്റ പ്രവൃത്തിയെങ്കിലും ചെയ്യാതെ അച്ചൻ മടക്കിയയച്ചിട്ടുണ്ടാവില്ല. ചെറുപ്പക്കാരായ മക്കളെ സ്വയം തൊഴിൽ പരിശീലിപ്പിച്ച് ദാരിദ്രത്തിൽ നിന്നും കരകയറ്റുകയെന്നത് തന്റെ ജീവിത നിയോഗം പോലെയാണ് അച്ചൻ കരുതിയിരുന്നത്. തന്റെയൊപ്പം പള്ളിമുറിയിൽ താമസിപ്പിച്ചും, തറവാട്ടുവീട്ടിൽ നിർത്തിയും, കുടുംബസുഹൃത്തുക്കളുടെ ഭവനങ്ങളിൽ താമസിപ്പിച്ചും വിശ്വസ്തരായ മറ്റുപലരെയും ആശ്രയിച്ചുമൊക്കെ ഒരേ സമയം അനേകം മക്കളെ വിദ്യാഭ്യാസവും തൊഴിലും നൽകി അച്ചൻ സുരക്ഷിത ഭാവിയിലേക്ക് നയിച്ചിട്ടുണ്ട്.

ഇടവക ചുമതലകൾ നിർവഹിക്കുന്നതോടൊപ്പം ആ നാടിന്റെ സർവോന്മുഖമായ വികസന കാര്യങ്ങളിൽ അച്ചൻ ബദ്ധശ്രദ്ധനായിരുന്നു. നാനാജാതി മ

തസ്തരുടെ നേതാവും പ്രതിനിധിയുമായി മാറാൻ അച്ചന് സാധിച്ചിരുന്നു. പുറം മോടികളോ വച്ചുകെട്ടുകളോ ഇല്ലാത്ത ഒരുവൻ, തെരുവോരങ്ങളിലും മാടക്കടകളിലും അതുപോലെ സാധാരണ മനുഷ്യൻ കടന്നുചെല്ലുന്ന സകല ഇടങ്ങളിലും തന്റെ സാന്നിധ്യമറിയിക്കുന്നവൻ, ആരെയും കുറ്റപ്പെടുത്താതെ അവന്റെ അവശതകളോടു സഹതപിക്കുന്നവൻ, അദ്ധ്വാനിക്കുന്നവരുടെ പ്രതിപുരുഷൻ, ലാളിത്യമാർന്ന പുരോഹിത ശുശ്രൂഷകളാൽ ധന്യമായ ഒരു ജീവിതത്തിനുടമ, ഭയമെന്തെന്നറിയാത്ത മനുഷ്യസ്നേഹി, പാവങ്ങൾക്ക് ഉടയവൻ ഇതൊക്കെയായിരുന്നു ഇളംതുരുത്തിയച്ചൻ.

ഒരു നല്ല ഗായകൻ എന്ന നിലയിൽ അൾത്താരയിലെ ദിവ്യബലി ഗീതങ്ങളോടൊപ്പം, സൗഹൃദവേദികളിലും, ക്ലബുകളിലും, സ്കൂൾ വാർഷിക വേദികളിലുമൊക്കെ അച്ചൻ നന്നായി ഗാനങ്ങൾ ആലപിക്കുമായിരുന്നു. ഇടവകകളിൽ തിരുനാളിനോടനുബന്ധിച്ച് നാടകം അവതരിപ്പിക്കുമ്പോൾ ആ നാടകങ്ങളിൽ അച്ചൻ കഥാപാത്രങ്ങളെ അവതരിപ്പിച്ചിട്ടുണ്ട്.

നിർമ്മാണ പ്രവർത്തികളിൽ അച്ചൻ അതീവ തൽപ്പരനായിരുന്നു. ചരൽ ഇടവകയിൽ ദേവാലയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത് അച്ചനാണ്. 1997 മുതൽ 2002 വരെ അച്ചൻ ചാപ്പൻത്തോടം ഇടവകയിലായിരുന്ന കാലഘട്ടത്തിലായിരുന്നു അവിടുത്തെ ദൈവാലയ നിർമ്മാണം. ഇതേക്കുറിച്ച് മാർ പോൾ ചിറ്റിലപ്പിള്ളി പിതാവ് സെബാസ്റ്റ്യനച്ചന്റെ ചരമ സന്ദേശത്തിനിടെ അനുസ്മരിച്ചത് ഇപ്രകാരമാണ്. ചാപ്പൻത്തോട്ടത്തിലെ ദൈവാലയ നിർമ്മാണത്തിൽ ഇളംത്തുരിത്തിയച്ചന്റെ കരസ്പർശമേൽക്കാത്ത ഒരു കല്ലുപോലുമുണ്ടാവില്ല. അപ്രകാരമായിരുന്നു അച്ചൻ ആ ദൈവാലയ നിർമ്മാണത്തിൽ സഹകരിച്ചിരുന്നത്. നിർമ്മാണ തൊഴിലാളികൾക്ക് ഒപ്പം നിന്ന് അച്ചൻ പ്ലാൻ, എസ്റ്റിമേറ്റ്, കോൺട്രാക്ട് എന്നീ ഉത്തരവാദിത്വങ്ങൾക്കൂടി ഏറ്റെടുത്തു പണിത പള്ളിയാണത്.

കർമ്മനിരതനായ അച്ചൻ നല്ലൊരു വചനപ്രഘോഷകനും കൂടിയായിരുന്നു. അരികെയിരുന്ന് സംസാരിക്കുന്ന ഒരു പിതാവിന്റെ സംഭാഷണരീതികളായിരുന്നു അദ്ദേഹത്തിന്റേത്. ഇതര മതസ്ഥരെ ഒന്നിപ്പിക്കുന്ന മതമൈത്രിയുടെ ഉത്തമ വക്താവും, ഇതര സഭാസമൂഹങ്ങളെ ഒരു ചരടിൽ കോർക്കുന്ന സഭൈക്യത്തിന്റെ പ്രവാചകനുമായിരുന്നു അച്ചൻ. പ്രശ്നകലുഷിതങ്ങളായ ജീവിതങ്ങളെ ക്രിസ്തുവിന്റെ സമാധാനത്തിലേക്ക് കൊണ്ടുവരുവാൻ പ്രത്യേകമായ സിദ്ധിയും അച്ചനുണ്ടായിരുന്നു.

56 വർഷങ്ങൾ നീണ്ട പൗരോഹിത്യ ജീവിതം. 83-ാം വയസിൽ ശാന്തമായ മരണം. കഠിനമായ ശ്വാസമുട്ടലും, തീവ്ര പ്രമേഹവും, കിഡ്നി സംബന്ധമായ തകരാറുകളും മൂലം മെയ് മൂന്ന് മുതൽ മേരിക്കുന്ന് നിർമ്മല ഹോസ്പ്പിറ്റലിൽ രണ്ടാഴ്ച്ച ചികിത്സ. മെയ് 7-ാം തിയ്യതി മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിൽ നിന്നും രോഗീലേപനം സ്വീകരിച്ച് 2019 മെയ് 16-ാം തിയ്യതി രാവിലെ 7.15ന് ആ ആത്മാവ് കർത്താവിൽ വിലയം പ്രാപിച്ചു. അച്ചന്റെ ആത്മാവിന് നിത്യശാന്തിനേരുന്നു.

# 33-ാമത് രൂപതാദിനാഘോഷ റിപ്പോർട്ട്

താമരശ്ശേരി രൂപത സ്ഥാപിതമായതിന്റെ 33-ാമത് വാർഷികാഘോഷങ്ങൾ 2019 ഏപ്രിൽ 27 ശനിയാഴ്ച കൂരാച്ചുണ്ട് സെന്റ് തോമസ് ഫൊറോന ഇടവകയിൽ വെച്ച് നടത്തപ്പെടുകയുണ്ടായി. രാവിലെ 8.45 ന് സെന്റ് തോമസ് ഫൊറോന ദൈവാലയങ്കണത്തിൽ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് രൂപതാദിന പതാക ഉയർത്തിയതോടെ ആഘോഷ പരിപാടികൾക്ക് തുടക്കം കുറിച്ചു. വൈദികരും സമർപ്പിതരും പാരിഷ് കൗൺസിൽ അംഗങ്ങളും അത്മായ പ്രതിനിധികളും യുവജനങ്ങളും കുട്ടികളും 33-ാമത് രൂപതാദിനാഘോഷത്തിൽ സജീവപങ്കാളികളായി.

**രൂപതാദിന കൃതജ്ഞതാബലി**

കഴിഞ്ഞ കാലഘട്ടങ്ങളിൽ രൂപതയ്ക്കു ദൈവം നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദിയർപ്പിച്ചുകൊണ്ടുള്ള വി. ബലിയ്ക്ക് രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. സീറോ മലബാർ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ വചനസന്ദേശം നൽകി. മോൺ. ജോൺ ഒറവുങ്കര, സി.എം.ഐ. കോഴിക്കോട് പ്രൊവിൻഷ്യൽ ഫാ. തോമസ് തെക്കേൽ, എം.സി.ബി.എസ്. കോഴിക്കോട് പ്രൊവിൻഷ്യൽ ഫാ. ജോസ് തോട്ടകര എന്നിവർ സഹകാർമ്മിരായിരുന്നു. വി. കുർബാനയിൽ രൂപതയിലെ വൈദികരും സമർപ്പിതരും അത്മായ പ്രതിനിധികളും പങ്കെടുത്ത് ദൈവത്തിന് കൃതജ്ഞതയർപ്പിച്ചു.

**പ്രതിനിധി സമ്മേളനങ്ങൾ**

രൂപതാദിനാഘോഷത്തിന്റെ ഭാഗമായി നാലുവേദികളിലായി പ്രതിനിധി സമ്മേളനങ്ങൾ 10.45 ന് ആരംഭിച്ചു. കൂരാച്ചുണ്ട് സ്കൂൾ ഗ്രൗണ്ടിൽ പ്രത്യേകം സജ്ജീകരിച്ച ഓഡിറ്റോറിയത്തിൽ ഇടവകകളിൽ നിന്നുള്ള പാരിഷ് കൗൺസിൽ അംഗങ്ങൾ, സംഘടനാഭാരവാഹികൾ, കൈക്കാരന്മാർ എന്നിവർക്കുള്ള പ്രതിനിധി സമ്മേളനം ജസ്റ്റിസ് അബ്രഹാം മാത്യു നയിച്ചു. കൂരാച്ചുണ്ട് ഫൊറോന ദൈവാലയത്തിൽ നടന്ന ബഹു. വൈദികരുടെയും സന്ന്യസ്തരുടെയും പ്രതിനിധി സമ്മേളനം നയിച്ചത് സീറോ മലബാർ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയ ബിഷപ് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കലാണ്. കൂരാച്ചുണ്ട് പാരിഷ് ഹാളിൽ യുവജനങ്ങൾക്കായുള്ള പ്രതിനിധി സമ്മേളനം നയിച്ചത് ശ്രീ. സജി ജോസ് ചാലിൽ ആണ്. യു.പി.സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന മിഷൻലീഗ് കുട്ടികൾക്കായുള്ള പ്രതിനിധി സമ്മേളനത്തിന് തലശ്ശേരി അതിരൂപതയുടെ മിഷൻലീഗ് ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേൽ നേതൃത്വം നൽകി.

**രൂപതാദിന പൊതുസമ്മേളനം**

രൂപതാദിനാഘോഷത്തിന്റെ ഭാഗമായ പൊതുസമ്മേളനം ഉച്ചയ്ക്ക് 12 മണിക്ക് കൂരാച്ചുണ്ട് ഗ്രൗണ്ടിലെ ഓപ്പൺ ഓഡിറ്റോറിയത്തിൽ ആരംഭിച്ചു. വൈദികരുടെയും സന്ന്യസ്തരുടെയും ഓരോ ഇടവകയിലെയും അത്മായ പ്രതിനിധികളുടെയും യുവജനങ്ങളുടെയും കുട്ടികളുടെയും നിറസാന്നിധ്യത്തിൽ കൂരാച്ചുണ്ട് ഇടവകയിലെ ഗായകസംഘം നേതൃത്വം നൽകിയ പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ച പൊതുസമ്മേളനത്തിലേക്ക് രൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ജോൺ ഒറവുങ്കര ഏവർക്കും സ്വാഗതം ആശംസിച്ചു.

പൊതുസമ്മേളനത്തിന്റെ അദ്ധ്യക്ഷനായ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് രൂപതയെന്ന കൂട്ടായ്മയെ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത ഇന്നിന്റെ സാഹചര്യത്തിൽ വിശദീകരിച്ചു. കുടിയേറ്റ മക്കൾ നേരിടുന്ന ആത്മീയവും ഭൗതികവുമായ വിവിധ വെല്ലുവിളികളെ നേരിടാൻ നാം ഒരുമിച്ച് നിൽക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന് പിതാവ് സമ്മേളനത്തിൽ പങ്കെടുത്തവരെ ഓർമ്മിപ്പിച്ചു. മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. മലബാറിന്റെ വികസനത്തിന് ക്രൈസ്തവർ നൽകിയ പങ്കിനെ തമസ്ക്കരിക്കുന്ന കാലഘട്ടത്തിൽ നമ്മുടെ പ്രസക്തി കൈവിടാതെ സൂക്ഷിക്കണമെന്ന് പിതാവ് തന്റെ ഉദ്ഘാടനപ്രസംഗത്തിൽ ഓർമ്മിപ്പിച്ചു. താമരശ്ശേരി രൂപത മുൻദ്ധ്യക്ഷൻ അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവ് അനുഗ്രഹപ്രഭാഷണം നടത്തി. ധാർമ്മികമൂല്യങ്ങൾ നഷ്ടപ്പെടുന്ന ഇന്നത്തെ സമൂഹത്തിൽ ഫ്രാൻസിസ് മാർപ്പാപ്പ പകർന്നു നൽകുന്ന ഊർജ്ജത്തോടെ ക്രൈസ്തവവിശ്വാസം മുറുകെപ്പിടിക്കാൻ പിതാവ് ആഹ്വാനം ചെയ്തു.

**വിശിഷ്ടവ്യക്തികളെ ആദരിക്കൽ**

വിവിധ ജീവിത സാമൂഹിക സേവന മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച രൂപതാംഗങ്ങളെ പൊതുസമ്മേളനത്തിന്റെ വേദിയിൽ ആദരിക്കുകയുണ്ടായി. മുൻകോർപ്പറേറ്റ് മാനേജരും തലശ്ശേരി അതിരൂപതാംഗവുമായ ബഹു. ഫാ. മാത്യു ചാലിൽ, ബഹു. ഫാ. മാത്യു പനച്ചിപ്പുറം, ഡി.വൈ.എസ്.പി. മി. രാജു പി.കെ., കാർഷികമേഖലയിൽ മികവു തെളിയിച്ച മി. ഫ്രാൻസിസ് കൈതക്കുളത്ത്, മി. മാത്യു കണ്ടത്തിൽ കായികമേഖലയിൽ ഉന്നത വിജയം നേടിയ മാസ്റ്റർ മെർവിൻ സാന്റി, കുമാരി ലെനമരിയ രാജു, അദ്ധ്യാപന മേഖലയിൽ മികവുതെളിയിച്ച മി. സാജോ സണ്ണി എന്നിവരെയും ദുരിതാശ്വാസപ്രവർത്തനങ്ങളിൽ മികച്ച രീതിയിൽ സഹകരിച്ച ദേവഗിരി ഇടവകയെയും രൂപതാസമൂഹത്തിനുവേണ്ടി അഭിവന്ദ്യ പിതാക്കന്മാർ ആദരിക്കുകയുണ്ടായി. പൗരോഹിത്യ സമർപ്പിത ജീവിതങ്ങളിൽ സുവർണ്ണ രജത ജൂബിലി ആഘോഷിക്കുന്നവരെയും വിവാഹജീവിതത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്നവരെയും അഭിവന്ദ്യ പിതാക്കന്മാർ പൊന്നാടയണിയിച്ച് ആദരിച്ചു.

**ഭവനനിർമ്മാണ പദ്ധതി, താക്കോൽദാനം**

കഴിഞ്ഞ പ്രളയകാലത്ത് വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാനായി താമരശ്ശേരി രൂപത നിർമ്മിച്ചു നൽകിയ 26 ഭവനങ്ങളുടെ താക്കോൽ അർഹത പ്പെട്ടവർക്ക് രൂപതാദ്ധ്യക്ഷൻ കൈമാറി.

**സമ്മാനദാനം**

രൂപതാദിനത്തോടനുബന്ധിച്ച് നടത്തിയ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പ്രസംഗമത്സരത്തിന്റെയും മദ്യവിരുദ്ധ സമിതി, കുടുംബകൂട്ടായ്മ, കെ.സി.വൈ. എം., മിഷൻലീഗ് എന്നിവ സംഘടിപ്പിച്ച വിവിധ മത്സരങ്ങളുടെ സമ്മാനങ്ങളും ഏറ്റവും മികച്ച പാരിഷ് ബുള്ളറ്റിനുള്ള അവാർഡും തദവസരത്തിൽ അഭിവന്ദ്യ പിതാവ് നൽകുകയുണ്ടായി.

വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പ്രസിഡണ്ട് ശ്രീ. തോമസ് പുലി ക്കോട്ടിൽ, സെന്റ് അൽഫോൻസ പാലിയേറ്റീവ് കെയർ രൂപതാ പ്രസിഡണ്ട് ശ്രീ. ജേക്കബ് പടലോടി, മദ്യവിരുദ്ധ സമിതി രൂപതാ പ്രസിഡണ്ട് ശ്രീ. കുര്യൻ ചെമ്പനാനി, മരിയൻ പ്രോലൈഫ് രൂപതാ പ്രസിഡണ്ട് ശ്രീ. സജീവ് പുരയിട ത്തിൽ, കുടുംബകൂട്ടായ്മ രൂപതാ പ്രസിഡണ്ട് ശ്രീ. തോമസ് വലിയപറമ്പൻ, ഇൻഫാം രൂപതാ വൈസ് പ്രസിഡണ്ട് ശ്രീ. കെ.കെ. മത്തായി കുന്നത്ത്, ഡി.എ ഫ്.സി. രൂപതാ വൈസ് പ്രസിഡണ്ട് ശ്രീ. സെബാസ്റ്റ്യൻ ഉാമണ്ണിൽ എന്നിവർ സന്നിഹിതരായിരുന്ന വേദിയിൽ ഫാ. മാത്യു ചാലിൽ, കത്തോലിക്ക കോൺഗ്രസ്സ് രൂപതാ പ്രസിഡണ്ട് ശ്രീ. ബേബി പെരുമാലിൽ, തിരുഹൃദയ സന്യാസിനി സമൂ ഹത്തിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. എൽസീന, സീറോ മലബാർ മാതൃ വേദി രൂപതാസെക്രട്ടറി ശ്രീമതി ഷാനി സണ്ണി, കെ.സി.വൈ.എം. രൂപതാപ്രസി ഡണ്ട് ശ്രീ. സൗബിൻ ഇലഞ്ഞിക്കൽ, മിഷൻലീഗ് ജോയിന്റ് സെക്രട്ടറി കുമാരി ആൽവിയ മരിയ ജോൺ ഇലവുങ്കൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരി ച്ചു. രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ചാക്കോ കാളംപറമ്പിൽ രൂപതാദിനാഘോഷത്തിൽ പങ്കെടുത്തവർക്കും സംഘാടകർക്കും നന്ദി പറഞ്ഞു. കൂരാച്ചുണ്ട് ഇടവക ഗായകസംഘം സീറോ മലബാർ ആന്തം ആലപിച്ചതോടെ 33–ാമത് രൂപതാദിനാഘോഷങ്ങൾക്ക് സമാപനമായി.

രൂപതാദിനാഘോഷങ്ങൾ ഭംഗിയായി ക്രമീകരിക്കുവാൻ മോൺ. ജോൺ ഒറവുങ്കര കൺവീനറും, ഫാ. തോമസ് ചിലമ്പിക്കുന്നേൽ, ഫാ. ജെയിംസ് വാമ റ്റത്തിൽ, ഡോ. ചാക്കോ കാളംപറമ്പിൽ എന്നിവർ കോർഡിനേറ്റേഴ്സുമായി വിവിധ കമ്മിറ്റികൾ പ്രവർത്തിച്ചു.

**രൂപതാദിനമത്സര വിജയികൾ**

മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി മെമ്മോറിയൽ പ്രസംഗമത്സരം

| | | |
|---|---|---|
| ഒന്നാം സമ്മാനം | – | സി. ടിൻസി ജോൺ എഫ്.സി.സി. |
| രണ്ടാം സമ്മാനം | – | സി. ജാൻസി മരിയ എഫ്.സി.സി. |
| മൂന്നാം സമ്മാനം | – | സി. മേഴ്സി മാത്യു എസ്.എച്ച്. |

**ഏറ്റവും മികച്ച കുടുംബകൂട്ടായ്മ അവാർഡ്**

ഒന്നാം സമ്മാനം - സെന്റ് മേരീസ് യൂണിറ്റ്, പെരിന്തൽമണ്ണ
രണ്ടാം സമ്മാനം - സെന്റ് സേവ്യർ യൂണിറ്റ്, പാറോപ്പടി
മൂന്നാം സമ്മാനം - സെന്റ് മേരീസ് യൂണിറ്റ്, മാവൂർ

**ഏറ്റവും മികച്ച പാരിഷ് ബുള്ളറ്റിൻ അവാർഡ്**

ഒന്നാം സമ്മാനം - തോട്ടുമുക്കം
രണ്ടാം സമ്മാനം - പാറോപ്പടി
മൂന്നാം സമ്മാനം - പുഷ്പഗിരി & ദേവഗിരി

**കെ.സി.വൈ.എം. മികച്ച ശാഖ**

ഒന്നാം സമ്മാനം - പാറോപ്പടി മേഖല
രണ്ടാം സമ്മാനം - തിരുവമ്പാടി മേഖല
മൂന്നാം സമ്മാനം - കൂരാച്ചുണ്ട് മേഖല

**കൃതജ്ഞതയോടെ**

കൂരാച്ചുണ്ട് ഫൊറോനയുടെ ആതിഥേയത്വത്തിൽ നടത്തിയ 33-ാമത് രൂപതാദിനാഘോഷങ്ങൾ രൂപതയുടെ സഹകരണത്തിന്റെയും കൂട്ടായ്മയുടെയും പ്രകാശനമായിരുന്നു. കൂരാച്ചുണ്ട് ഫൊറോന വികാരി ഫാ. ജെയിംസ് വാമറ്റത്തിലിന്റെയും അസി. വികാരി ഫാ. സെബാസ്റ്റ്യൻ ചീരമറ്റത്തിലിന്റെയും ഇടവക കൈക്കാരന്മാരുടെയും പാരിഷ് കൗൺസിൽ അംഗങ്ങളുടെയും നേതൃത്വത്തിൽ കൂരാച്ചുണ്ട് ഇടവകയിലെ ജനങ്ങളുടെ അകമഴിഞ്ഞ സഹകരണം രൂപതാദിനാഘോഷങ്ങൾക്ക് മാറ്റുകൂട്ടി. കൂരാച്ചുണ്ട് ഫൊറോനയിലെ വൈദികരായ ഫാ. തോമസ് തേവടിയിൽ, ഫാ. ജോസ് മണ്ണഞ്ചേരിയിൽ, ഫാ. ഫ്രാൻസിസ് വെള്ളാമ്മാക്കൽ, ഫാ. മാത്യു കോട്ടയ്ക്കൽ, ഫാ. സെബാസ്റ്റ്യൻ പുളിക്കൽ, ഫാ. കുര്യൻ കൊച്ചുപുരയിൽ, ഫാ. ഡാന്റിസ് കിഴുക്കരക്കാട്ട്, ഫാ. കരിങ്ങടയിൽ ജോസ് മാത്യു, ഫാ. ജെയ്സൺ വിഴക്കപ്പാറയിൽ, ഫാ. തോമസ് വട്ടോട്ടുതറപ്പേൽ, ഫാ. ജേക്കബ് കപ്പിലുമാക്കൽ, ഫാ. മാത്യു നിരപ്പേൽ, ഫാ. മാത്യു കുന്നുംപുറം എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ രൂപതാദിനത്തിന്റെ വിജയത്തിനായി പ്രയത്നിച്ചു. രൂപതാദിനാഘോഷത്തിന്റെ സുഗമമായ പ്രവർത്തനതിനായി അക്ഷീണം പ്രയത്നിച്ച കൂരാച്ചുണ്ട് ഫൊറോനയിലെ വിവിധ ഇടവകകളിൽ നിന്നുള്ള കൈക്കാരന്മാരെയും പ്രത്യേകം നന്ദിയോടെ ഓർക്കുന്നു. വിവിധ കമ്മിറ്റികൾക്ക് നേതൃത്വം നൽകിയ രൂപതാ ഫിനാൻസ് ഓഫീസർ ഫാ. ജെയിംസ് കുഴിമറ്റത്തിൽ, രൂപത ചാൻസലർ ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ, കമ്യൂണിക്കേഷൻ ഡയറക്ടർ ഫാ. മാത്യു കൊല്ലംപറമ്പിൽ, കെ.സി.വൈ.എം. ഡയറക്ടർ ഫാ. ജോർജ് വെള്ളയ്ക്കാകുടിയിൽ, മിഷൻലീഗ് ഡയറക്ടർ ഫാ. അഗസ്റ്റിൻ വാമറ്റത്തിൽ എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

2019 ഏപ്രിൽ 27-ാം തീയതി കൂരാച്ചുണ്ട് ഫൊറോന ഇടവക ദൈവാലയങ്കണത്തിൽ സമ്മേളിച്ച മൂവായിരത്തോളം അത്മായരുടെയും വൈദികരുടെയും

സന്ന്യസ്തരുടെയും സാന്നിധ്യം രൂപതയുടെ ഐക്യത്തെയും സമഭാവനയെയും വിളിച്ചോതുന്നതായിരുന്നു. വിശ്വാസത്തിൽ ഒരുമിച്ച് നിന്ന് ഐക്യത്തോടെ ക്രിസ്തുവിൽ ഒരു കുടുംബമായി മുന്നേറാൻ 33-ാമത് രൂപതാദിനാഘോഷം ഓരോരുത്തരെയും ഓർമ്മിപ്പിക്കുന്നു.

**ഫാ. തോമസ് ചിലമ്പിക്കുന്നേൽ**

കോർഡിനേറ്റർ രൂപതാദിനാഘോഷം

# പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്

താമരശ്ശേരി രൂപതയുടെ പത്താമത് പാസ്റ്ററൽ കൗൺസിലിന്റെ ആറാമത്തേതും അവസാനത്തെതുമായ സമ്മേളനം 2019 മെയ് 11-ാം തീയതി ശനിയാഴ്ച താമരശ്ശേരി രൂപതാഭവനിലെ പോപ്പ് ജോൺപോൾ ഓഡിറ്റോറിയത്തിൽ നടന്നു. റവ. സി. ഡെയ്സി സി.എം.സി. യുടെ പ്രാർത്ഥനയോടുകൂടി ആരംഭിച്ച യോഗത്തിൽ വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര അംഗങ്ങളെ സ്വാഗതം ചെയ്തു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ചാക്കോ കാളംപറമ്പിൽ റിപ്പോർട്ട് അവതിപ്പിച്ചു. രൂപതാകുടുംബത്തിൽ നിന്നും മരണംമൂലം വേർപിരിഞ്ഞുപോയ ബഹു. ഫാ. ജോസഫ് കാളക്കുഴി, സി. ജോസ് മേരി CMC, സി. മേരി ബനഡിക്ട് SH, സി. സിസിലി മുകുളത്ത് MSMI, സി. ഡാമിയാന ഇളംതുരുത്തിൽ (സെന്റ് അലോഷ്യസ്), സി. സ്റ്റെല്ല മേരി SH എന്നിവരെയും അത്മായ സഹോദരങ്ങളെയും പ്രത്യേകം അനുസ്മരിച്ച് ജനറൽ സെക്രട്ടറി ഫാ. ജോർജ് മുണ്ടനാട്ട് പ്രാർത്ഥിച്ചു. തുടർന്ന് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് യോഗത്തെ അഭിസംബോധന ചെയ്ത് സംസാരിച്ചു. പാസ്റ്ററൽ കൗൺസിലിലേയ്ക്ക് പുതുതായി കടന്നുവന്ന രൂപത ഫിനാൻസ് ഓഫീസർ ബഹു. ഫാ. മാത്യു പുളിമൂട്ടിൽ, ബഹു. ഫാ. മാത്യു കൊല്ലംപറമ്പിൽ, എസ്. എച്ച്. പ്രൊവിൻഷ്യൽ ബഹു. സി. എൽസീന എസ്.എച്ച്. എന്നിവർക്ക് അഭിവന്ദ്യ പിതാവ് സ്വാഗതം ആശംസിച്ചു. പാസ്റ്ററൽ കൗൺസിൽ അംഗങ്ങളായിരുന്ന രൂപതാ മുൻ ഫിനാൻസ് ഓഫീസർ ബഹു. ജെയിംസ് കുഴിമറ്റത്തിലച്ചനും, പാസ്റ്ററൽ കൗൺസിൽ ജനറൽ സെക്രട്ടറിയും രൂപതാ ചാൻസലറുമായിരുന്ന ബഹു. എബ്രഹാം കാവിൽപുരയിടത്തിലച്ചനും നന്ദി പറഞ്ഞു.

രൂപതയിൽ പുതുതായി ആരംഭിക്കുന്ന മിണ്ടാമഠത്തെക്കുറിച്ച് അഭിവന്ദ്യ പിതാവ് സൂചിപ്പിച്ചു. തുടർന്ന് യോഗത്തിന്റെ പ്രധാനപ്പെട്ട ചർച്ചാവിഷയമായ കുടുംബത്തെക്കുറിച്ച് അഭിവന്ദ്യ പിതാവ് പരാമർശിച്ചു. ഇന്ന് കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികൾ, പ്രതിസന്ധികൾ, പ്രശ്നങ്ങൾ എന്നിവ നമ്മുടെ സത്വര ശ്രദ്ധയിൽപ്പെടേണ്ട കാര്യമാണെന്നും അജപാലന ശുശ്രൂഷ ഏറ്റവും ആവശ്യമായ മേഖലയാണ് കുടുംബപ്രേഷിതത്വം എന്നും പിതാവ് സൂചിപ്പിക്കുകയുണ്ടായി. കുടുംബങ്ങളുടെ ധാർമ്മിക പ്രശ്നങ്ങൾ, സാമൂഹിക പ്രശ്നങ്ങൾ എന്നിവയെക്കുറി

ച്ചുള്ള അവബോധം നമ്മിലുണ്ടാകണമെന്നും അദ്ധ്യക്ഷപ്രസംഗത്തിൽ പിതാവ് എടുത്തുപറഞ്ഞു.

താമരശ്ശേരി രൂപതയിൽ 2019 കുടുംബവർഷമായി ആചരിക്കുന്നതിനാൽ ആറാമത് സമ്മേളനത്തിന്റെ പ്രത്യേക വിഷയം കുടുംബമായിരുന്നു. "കുടുംബപ്രേഷിതത്വത്തിന്റെ വെല്ലുവിളികളും സാധ്യതകളും" എന്ന വിഷയത്തെ അധികരിച്ച് സി.എം.ഐ. കോഴിക്കോട് സെന്റ് തോമസ് പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. ഫാ. തോമസ് തെക്കേൽ CMI ക്ലാസ്സ് നടത്തി. ദൈവം സ്ഥാപിച്ച കുടുംബത്തിന്റെ ശ്രേഷ്ഠത മഹനീയമാണെന്നും കുടുംബങ്ങളിൽ സഭ കൂടുതലായി ഇടപെടേണ്ട സമയം അതിക്രമിച്ചിരിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. സഭയുടെ ജീവനാണ് കുടുംബം. അതിന്റെ അടിത്തറ ഇളകാതെ നോക്കേണ്ട ഉത്തരവാദിത്വം സഭയ്ക്കുണ്ട്. കുടുംബം അങ്ങനെയങ്ങ് പൊയ്ക്കൊള്ളും എന്ന ഒരു ചിന്ത ഇന്നു നമുക്കുണ്ട്. പക്ഷേ അടിത്തറ ഇളകിയാടുന്നത് നാം കാണാതെ പോകരുത്. അടിത്തറ ഉറപ്പാണെങ്കിലേ, അതിൽ പടുത്തുയർത്താനാവൂ. കുലീനതയും, വിശ്വാസവും, തീഷ്ണതയും നിറഞ്ഞ ഒരു കുടുംബ പശ്ചാത്തലം നമുക്കുണ്ടായിരുന്നു എന്നത് വാസ്തവമാണ്. എന്നാൽ ആഗോളീകരണത്തിന്റെയും, സ്വകാര്യവത്ക്കരണത്തിന്റെയും ഉപഭോഗസംസ്കാരത്തിന്റെയും ഫലമായി കുടുംബങ്ങളിൽ ഇന്ന് ആടിയുലച്ചിലുകൾ സംഭവിക്കുന്നുണ്ട്. 150 വർഷം മുമ്പ് എഴുതപ്പെട്ട ചാവറപ്പിതാവിന്റെ ചാവരുറുകൾ ഇന്നും പ്രസക്തമാണെന്നും അദ്ദേഹം സൂചിപ്പിച്ചു.

മക്കളുടെ അന്യവത്ക്കരണം, ആഴമായ ബന്ധമില്ലായ്മ, ആദ്ധ്യാത്മിക മികവ് ചിന്താവിഷയമേ അല്ലാത്ത അവസ്ഥ, അതിമൗനവും അതിക്രമവും, അവിശ്വസ്തത, അസഹിഷ്ണത, ഹൃദയങ്ങളുടെ അകൽച്ച, യുവജനങ്ങളുടെ കുടിയേറ്റം ഇങ്ങനെ ഇന്ന് കുടുംബങ്ങളെ ബാധിച്ചിരിക്കുന്ന വിഘടനങ്ങളുടെ ആഴങ്ങളെപ്പറ്റി അച്ചൻ പ്രത്യേകം പരാമർശിച്ചു.

ആത്മബോധവും ആത്മാഭിമാനവുമുള്ള തലമുറയെ വാർത്തെടുക്കുവാനുതകുന്ന കർമ്മപദ്ധതികൾക്ക് രൂപം നൽകുവാൻ ഫാ. തെക്കേൽ ആഹ്വാനം ചെയ്തു. ഹോം മിഷന്റെയും യുവജന പ്രേഷിതത്വത്തിന്റെയും ആവശ്യകത, വിവാഹശേഷമുള്ള ക്ലാസ്സുകൾ, കുടുംബ കൗൺസിലിംഗ് സെന്ററുകൾ, വിശ്വാസപരിശീലനത്തിന്റെ കാര്യക്ഷമമായ നടത്തിപ്പ് എന്നിവ സത്വരമായി ശ്രദ്ധിക്കേണ്ട മേഖലകളാണ് എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

കുടുംബ വഴക്കുകൾ പരിഹരിക്കുവാനും 7, 8, 9 ക്ലാസ്സുകളിലെ കുട്ടികൾക്ക് പ്രത്യേക ട്രെയിനിംഗ് നല്കുവാനുമുള്ള കർമ്മപദ്ധതികൾ രൂപീകരിക്കണം. ഒരുമിച്ച് പ്രാർത്ഥിക്കുന്ന, ഒരുമിച്ച് ഭക്ഷിക്കുന്ന കുടുംബങ്ങൾക്ക് രൂപഭാവം നല്കുവാൻ കൂട്ടായ പരിശ്രമം ആവശ്യമാണ് എന്ന ആഹ്വാനത്തോടെയാണ് ഫാ. തോമസ് തെക്കേൽ തന്റെ ഓറിയന്റേഷൻ ക്ലാസ് അവസാനിപ്പിച്ചത്.

പിന്നീട് യോഗാംഗങ്ങൾ 5 ഗ്രൂപ്പുകളായി തിരിഞ്ഞ് ഇന്നത്തെ കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികളും പ്രതിസന്ധികളും, 2020 കുടുംബ നവീകരണ

വർഷം ഫലപ്രദമായും ക്രിയാത്മകമായും പങ്കാളിത്തത്തിലൂടെയും എങ്ങനെ നടപ്പിൽ വരുത്താം എന്നിങ്ങനെ രണ്ട് ചോദ്യങ്ങൾ ചർച്ച ചെയ്ത് ശുപാർശകൾ അഭിവന്ദ്യ പിതാവിന് കൈമാറി. തുടർന്ന് നടന്ന ശൂന്യവേളയിൽ ശ്രീലങ്കയിലെ സ്ഫോടനപരമ്പരകളുടെ പശ്ചാത്തലത്തിൽ നമ്മുടെ പള്ളികളിലെ സുരക്ഷ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ശ്രീ. അഗസ്റ്റിൻ മഠത്തിപ്പറമ്പിൽ സൂചിപ്പിച്ചു. പ്രളയദുരന്ത നിവാരണ പദ്ധതിയിൽ നമ്മുടെ രൂപതയുടെ പങ്ക് പ്രസിദ്ധീകരിക്കണമെന്ന് ശ്രീ. തോമസ് വലിയപറമ്പിൽ ആവശ്യപ്പെട്ടു. ത്രികാലജപത്തോടെ സമ്മേളനം അവസാനിച്ചു.

**ഡോ. ചാക്കോ കാളംപറമ്പിൽ**

സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ

# മതബോധനം

വിശ്വാസപരിശീലന കാര്യാലയത്തിൽ നിന്നും ആശംസകൾ!

സ്നേഹത്തിന്റെയും കരുണയുടേയും പ്രവർത്തിയിലൂടെ വിശ്വാസ ജീവിതം വളരണമെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് **'സ്നേഹത്തിലൂടെ പ്രവർത്തനനിരതമായ വിശ്വാസം'** (ഗലാ 5: 6) എന്ന പ്രമേയവുമായി പുതിയ അധ്യയനവർഷം ആരംഭിക്കുകയാണ്. വിശ്വാസദീപം തെളിച്ച് ഒരു പുതിയ വിശ്വാസപരിശീലന വർഷത്തിന് നാം തുടക്കം കുറിക്കുമ്പോൾ വി. അൽഫോൻസാമ്മയുടേയും വി. ചാൾസ് ബൊറോമിയോയുടേയും മധ്യസ്ഥ സഹായത്താൽ നമ്മുടെ ഒത്തൊരുമിച്ചുള്ള പ്രയാണം ആത്മീയ സമ്പത്തുകൾ വെട്ടിപ്പിടിക്കാനും വിശ്വാസത്തിന്റെ ഉറപ്പുള്ള പാറയിൽ നമ്മുടെ ക്രൈസ്തവ ജീവിതം പടുത്തുയർത്താനും സഹായകമാകട്ടെ. നമ്മുടെ രൂപതയുടെ വിശ്വാസപരിശീലനരംഗം സ്നേഹത്തിലൂടെ നമുക്ക് പ്രവർത്തനനിരതമാക്കാം. വിശ്വാസപരിശീലന ക്ലാസുകളിലൂടെ നാം പഠിച്ചറിയുന്ന വിശ്വാസ സംഹിതകൾക്ക് സ്നേഹത്തിന്റെ ചിറകുകൾ നൽകി അതിനെ കർമ്മനിരതമാക്കാൻ പരിശ്രമിക്കാം. കെട്ടിക്കിടക്കുന്ന ജലാശയം ചാവുകടൽ പോലെ മൃതമാണ്. അതുപോലെ പുസ്തക ത്താളുകളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന പ്രാർത്ഥന ജീവനില്ലാത്ത തായിത്തീരുന്നു. വ്യക്തിപരമായും സംഘടനാപരമായും കൂടുതൽ സ്നേഹപ്രവർത്തനങ്ങൾ ചെയ്ത്, നമ്മുടെ വിശ്വാസത്തെ മഹത്തര മാക്കാം. ഏവർക്കും നന്മനിറഞ്ഞ ഒരു അധ്യയന വർഷം ആശംസിക്കുന്നു.

**രൂപതാമതബോധന കമ്മറ്റി**

2019–2020 അധ്യയന വർഷത്തിനു മുന്നോടിയായുള്ള രൂപതാ മതബോധന

കമ്മറ്റി മീറ്റിംഗ് 11.05.2019 ശനിയാഴ്ച അഭിവന്ദ്യ മാർ റെമീജിയോസ് പിതാവിന്റെ അധ്യക്ഷതയിൽ രൂപതാഭവനിൽ വച്ച് ചേരുകയുണ്ടായി. വികാരി ജനറാളച്ചനും മതബോധന ഡയറക്ടറും 04 ഫൊറോന വികാരിയച്ചന്മാരുമടക്കം 26 പേർ യോഗത്തിൽ സംബന്ധിച്ചു. മതബോധന സെക്രട്ടറി പ്രകാശ് നെട്ടേൽ കഴിഞ്ഞ യോഗത്തിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. 1.30 ന് ആരംഭിച്ച സമ്മേളനം 3.45 ന് മതബോധന പ്രസിഡന്റ് ബാബു ചെട്ടിപ്പറമ്പിലിന്റെ നന്ദി പ്രകാശനത്തോടെ സമാപിച്ചു.

**ഗുരുദർശൻ**

റവ. ഫാ. ഷാന്തി പുതുശ്ശേരിയുടെ നേതൃത്വത്തിൽ മതാധ്യാപകർ ക്കായി നടക്കുന്ന ഗുരുദർശൻ പ്രോഗ്രാം മെയ് 27-28, 30-31 തീയതികളിൽ പി.എം.ഒ.സി. യിൽ വച്ച് നടക്കുകയുണ്ടായി. രണ്ട് ബാച്ചുകളിലായി 123 മതാധ്യാപകർ പ്രോഗ്രാമിൽ പങ്കെടുത്തു.

**ഗുരുദർശൻ ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ:**

ആഗസ്റ്റ് 14-15 (ബുധൻ, വ്യാഴം) @ പി.എം.ഒ.സി.;
സെപ്റ്റംബർ 20-21 (വെള്ളി, ശനി) @ പി.എം.ഒ.സി

ബൈബിൾ, കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം (CCC) എന്നിവയും ഒരു ദിവസം താമസിക്കാനാവശ്യമായ ബെഡ്ഷീറ്റടക്കമുള്ള സാധനങ്ങളും പ്രോഗ്രാമിനു വരുന്നവർ കൊണ്ടുവരേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 300/രൂപ.

**ദിവ്യകാരുണ്യ ആരാധന**

2019-2020 അധ്യയന വർഷത്തിന്റെ ആദ്യദിനം ജൂൺ 02 ഞായറാഴ്ച എല്ലാ ഇടവകകളിലും വി. കുർബാനയ്ക്കുശേഷം സൺഡേസ്കൂളിലെ അധ്യാപകരും കുട്ടികളും ഒരുമിച്ച് അരമണിക്കൂർ ദിവ്യകാരുണ്യ ആരാധന നടത്തി ഈ വർഷത്തെ രൂപതയുടെ വിശ്വാസപരിശീലന പ്രവർത്തനങ്ങളെ സമർപ്പിച്ച് പ്രത്യേകം പ്രാർത്ഥിക്കേണ്ടതാണ്.

**പ്രധാനാധ്യാപക സംഗമം**

2019-2020 അധ്യയന വർഷത്തിനു മുന്നോടിയായുള്ള ആദ്യത്തെ പ്രധാനാധ്യാപക സംഗമം ജൂൺ 01 ശനിയാഴ്ച രാവിലെ 9 .45 മുതൽ ഉച്ചക്ക് 01 .30 വരെ പി.എ.ഒ.സി. യിൽ വച്ച് ചേരുന്നതാണ്. എല്ലാ ഹെഡ്മാസ്റ്റേഴ്സും നിർബന്ധമായും സംഗമത്തിൽ പങ്കെടുക്കേണ്ടതാണ്. കഴിഞ്ഞവർഷത്തെ A+ Grade സർട്ടിഫിക്കറ്റുകൾ അന്നേദിവസം വിതരണം ചെയ്യുന്നതാണ്. (2018-2019 അധ്യയന വർഷത്തെ നാല് പേജിൽ കവിയാത്ത വികാരിയച്ചന്റെ ഒപ്പോടുകൂടിയ റിപ്പോർട്ട് അന്ന് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്).

**എഴുത്തിനിരുത്ത്**

വിശ്വാസപരിശീലന ക്ലാസുകളിലേക്ക് ആദ്യമായി കടന്നുവരുന്ന കുഞ്ഞുങ്ങൾക്ക് പന്തക്കുസ്താദിനത്തിൽ (ജൂൺ 09) എഴുത്തിനിരുത്ത് നടത്താവുന്നതാണ് (അതിന്റെ പ്രാർത്ഥനകൾ മതബോധന കലണ്ടറിൽ ചേർത്തിട്ടുണ്ട്).

**പ്രാഥമിക റിപ്പോർട്ട്/മതാധ്യാപക സർവ്വേ**

സൺഡേ സ്കൂൾ കുട്ടികളുടെ വിവരങ്ങളും മതാധ്യാപകരുടെ വിവരങ്ങളും അടങ്ങിയ പ്രാഥമിക റിപ്പോർട്ടുകൾ ജൂലൈ 01-ാം തീയതിക്കുള്ളിൽ മതബോധന കേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

**HCC ഗ്രാജുവേഷൻ മാസ്**

പന്ത്രണ്ട് വർഷത്തെ വിശ്വാസപരിശീലനം പൂർത്തിയാക്കിയ കുട്ടികളെ പ്രത്യേകം ആദരിച്ച് സർട്ടിഫിക്കറ്റുകൾ നൽകുന്നത് ഉചിതമായിരിക്കും. പുതിയ അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിലോ ജൂൺ മാസത്തിലെ ഏതെങ്കിലും ഒരു ഞായറാഴ്ചയോ ഇത് നടത്തുന്നതാണ് ഏറ്റവും ഉചിതം.

**HCC Registration 2019**

അടുത്ത അധ്യയന വർഷത്തിൽ HCC II ക്ലാസുകൾക്ക് 125 രൂപയും HCC I ക്ലാസുകൾക്ക് 200 രൂപയും (വിശ്വാസവഴിയിലെ സംശയങ്ങൾ എന്ന പുസ്തകം ഉൾപ്പെടെ) ആയിരിക്കും രജിസ്ട്രേഷൻ ഫീസ്. HCC ആപ്ലിക്കേഷൻ ഫോമുകൾ ജൂലൈ 15-ാം തീയതിക്കുള്ളിൽ പ്രധാനാധ്യാപകർ മതബോധന ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

**ഇടവക മതബോധന കമ്മറ്റി**

ജൂൺ മാസത്തിലോ, മതബോധന ദിനത്തോടനുബന്ധിച്ചോ (ജൂലൈ 28) മാതാപിതാക്കൾക്കുള്ള സെമിനാർ നടത്തുകയും ഇടവകകളിൽ മതബോധന കമ്മറ്റി രൂപീകരിക്കുകയും ചെയ്യേണ്ടതാണ്.

**മതബോധന ലൈബ്രറി**

കഴിഞ്ഞ വർഷത്തേതുപോലെ മതബോധന ലൈബ്രറിയിൽ ഈ വർഷവും അഞ്ച് പുതിയ പുസ്തകങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. ഈ വർഷം മതബോധന ലൈബ്രറിയിലേക്ക് മതബോധനകേന്ദ്രം നിർദ്ദേശിക്കുന്ന രണ്ട് പുസ്തകങ്ങൾ : 1. ദിവ്യകാരുണ്യ അത്ഭുതങ്ങൾ(വില 160/-) 2. തിരുസഭാരാമത്തിലെ രക്തപുഷ്പങ്ങൾ (വില 420/-) ഈ രണ്ടു പുസ്തകങ്ങൾ 425/- രൂപയ്ക്ക് മതബോധന ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്.

**ബൈബിൾ ചിത്രകഥകൾ**

ബഹു. മൈക്കിൾ കാരിമറ്റം അച്ചൻ പുറത്തിറക്കിയ ബൈബിൾ

ചിത്രകഥകളുടെ ഡി.വി.ഡികൾ മതബോധന ഓഫീസിൽ ലഭ്യമാണ്. നൂറിൽ കൂടുതൽ കുട്ടികളുള്ള സൺഡേ സ്കൂളുകൾ നിർബന്ധമായും ഒരു സെറ്റ് ഡി.വി.ഡികൾ (8 എണ്ണം) വാങ്ങിക്കുകയും, ഉപയോഗിക്കുകയും ചെയ്യേണ്ടതാണ്. (വില 650/-)

**എവുക്കരിസ്തിയ 2019 (അധ്യാപക സെമിനാർ STD IV, IX)**

ആദ്യകുർബാന സ്വീകരണത്തിനായി കുട്ടികളെ ഒരുക്കുന്ന നാലാം ക്ലാസിലേയും വിശുദ്ധ കുർബാനയെ സംബന്ധിച്ച് ക്ലാസ് എടുക്കുന്ന ഒൻപതാം ക്ലാസിലേയും മതാധ്യാപകർക്കായി നടത്തുന്ന പ്രോഗ്രാം 2019 ജൂൺ 15-16 (ശനി, ഞായർ), 22-23(ശനി, ഞായർ) തീയതികളിൽ പി.എം.ഒ.സിയിൽ വച്ച് രണ്ട് ബാച്ചുകളിലായി ഉച്ചകഴിഞ്ഞ് 3.30 മുതൽ പിറ്റേദിവസം ഉച്ചകഴിഞ്ഞ് 3.00 മണിവരെയാണ് പ്രോഗ്രാം ക്രമീകരി ച്ചിരിക്കുന്നത്. നാല്, ഒൻപത് ക്ലാസുകളിൽ പഠിപ്പിക്കുന്ന മുഴുവൻ മതാ ധ്യാപകരും പ്രോഗ്രാമിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. രജിസ് ട്രേഷൻ ഫീസ് 250/- രൂപ. റവ. ഡോ. സിബി പുളിക്കൽ ക്ലാസു കൾക്ക് നേതൃത്വം നൽകുന്നു.

**ഫീലിയ 2019 (Sex Education STD VIII, IX)**

എട്ട്, ഒൻപത് ക്ലാസുകളെ ഫൊറോനതലത്തിൽ ഏകോപിപ്പിച്ച് ലൈംഗിക വിദ്യാഭ്യാസത്തെക്കുറിച്ച് ഡോ. എബ്രഹാം ജേക്കബ് നയിക്കുന്ന ക്ലാസ് ഈ വർഷവും ഫൊറോനകളിൽ നടത്തുന്നു. മേഖലാഭാരവാഹികൾ പ്രോഗ്രാം നടത്തേണ്ട സ്ഥലം തീരുമാനിച്ച് എത്രയും വേഗം ഓഫീസിൽ അറിയിക്കേണ്ടതാണ്.

**ഫീലിയ ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ**

| | | |
|---|---|---|
| ജൂലൈ | 14 : | കൂരാച്ചുണ്ട് മേഖല |
| ജൂലൈ | 21 : | കോടഞ്ചേരി മേഖല |
| ആഗസ്റ്റ് | 11 : | തോട്ടുമുക്കം മേഖല |
| ആഗസ്റ്റ് | 18 : | താമരശ്ശേരി മേഖല |

**ലൂമിന 2019**

2019-2020 അധ്യയന വർഷത്തെ 11, 12 (HCC) ക്ലാസുകൾക്കുവേണ്ടി യുള്ള ലൂമിന പ്രോഗ്രാം ജൂൺ 23 ഞായറാഴ്ച ആരംഭിക്കുന്നു. ഈ വർഷ ത്തെ ലൂമിന പ്രോഗ്രാമിന് റവ. ഫാ. ഷാന്തി പുതുശ്ശേരി PIME, റവ. ഫാ. ടോബി കൊഴുപ്പക്കളം SJ എന്നിവർ നേതൃത്വം നൽകുന്നതാണ്. പ്രോഗ്രാം രാവിലെ 9 .30 ന് ആരംഭിച്ച് ഉച്ചക്കഴിഞ്ഞ് 3 .30 ന് അവസാനിക്കുന്നതാണ്. എച്ചി.സി.സി വാർഷിക പരീക്ഷയിൽ പങ്കെടുക്കുന്നതിന് രൂപതയിലെ ഏതെങ്കിലും സെന്ററിൽ ലൂമിന പങ്കാളിത്തം കുട്ടികൾക്ക് നിർബന്ധമാണ്. HCC II കുട്ടികളുടെ പേരുകളടങ്ങിയ രജിസ്ട്രേഷൻ ഫോം മതബോധന ഓഫീസിൽ നിന്നും നൽകുന്നതാണ്. മറ്റ്

ഫൊറോനകളിൽ കുട്ടികൾ ലൂമിനയിൽ പങ്കെടുക്കുന്നുണ്ടെങ്കിൽ അക്കാര്യം നേരത്തെ തന്നെ പങ്കെടുക്കാൻ പോകുന്ന മേഖലയിലെ ഭാരവാഹികളെ വിളിച്ചറിയി ക്കേണ്ടതാണ്.

| | | |
|---|---|---|
| **ജൂൺ :** | ജൂൺ 23 : | പാറോപ്പടി മേഖല -ദേവഗിരി |
| | ജൂൺ 30 : | താമരശ്ശേരി മേഖല -താമരശ്ശേരി |
| **ജൂലൈ :** | ജൂലൈ 07 : | തോട്ടുമുക്കം മേഖല -തോട്ടുമുക്കം |
| **ആഗസ്റ്റ്:** | ആഗസ്റ്റ് 04 : | കരുവാരകുണ്ട് മേഖല -കരുവാരകുണ്ട് |
| | ആഗസ്റ്റ് 10 : | പെരിന്തൽമണ്ണ മേഖല -പെരിന്തൽമണ്ണ |
| | ആഗസ്റ്റ് 11 : | തിരുവമ്പാടി മേഖല -തിരുവമ്പാടി |
| | ആഗസ്റ്റ് 18 : | കൂരാച്ചുണ്ട് മേഖല -കൂരാച്ചുണ്ട് |
| | ആഗസ്റ്റ് 25 : | വിലങ്ങാട് മേഖല -വിലങ്ങാട് |

**ആമുഖസെമിനാർ**

പുതിയ അധ്യയന വർഷത്തിൽ നവാഗതരായ അധ്യാപകർക്കു വേണ്ടിയുള്ള ആമുഖസെമിനാർ പി.എം.ഒ.സിയിൽ വച്ച് ജൂലൈ 12-ാം തീയതി (വെള്ളി) വൈകിട്ട് 5.00 മണിക്ക് ആരംഭിച്ച് 14-ാം തീയതി (ഞായർ) ഉച്ചകഴിഞ്ഞ് 2.00 മണിക്ക് അവസാനിക്കുന്നതാണ്. ആമുഖസെമിനാറിന് വരുന്നവർ പഠിപ്പിക്കുന്ന ക്ലാസിലെ ടെക്സ്റ്റ് ബുക്ക്, അധ്യാപക സഹായി, ബൈബിൾ എന്നിവയും താമസിക്കാനാവശ്യമായ ബെഡ്ഷീറ്റടക്കമുള്ള സാധനങ്ങളും കൊണ്ടുവരേണ്ടതാണ്. ജൂൺ 30-നു മുമ്പായി ഓരോ ഇടവകകളിൽ നിന്നും വരുന്ന അധ്യാപകരുടെ എണ്ണം മതബോധന ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 400/- രൂപ.

**ഡി.സി.എൽ ഐക്യു ചലഞ്ച്**

അഭിവന്ദ്യപിതാവിന്റെ നിർദ്ദേശപ്രകാരം ഈ വർഷം സൺഡേ സ്കൂളുകളിൽ ദീപിക ദിനപത്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പ്രോഗ്രാം. നമ്മുടെ കുട്ടികൾക്ക് അവരുടെ പൊതുവിജ്ഞാനവും അറിവും വർദ്ധി പ്പിക്കുന്നതിനുള്ള ഒരു അവസരമാണിത്. പരീക്ഷാ ഫീസ് 150 രൂപ. അതിൽ 20 രൂപ സൺഡേ സ്കൂൾ ഫണ്ടിലേക്ക് എടുക്കാം. ബാക്കി 130 രൂപ വീതം ഡി.സി.എൽ ഓഫീസിൽ അടച്ചാൽ മതിയാകും. രജിസ്റ്റർ ചെയ്യുന്ന കുട്ടികൾക്ക് 60 രൂപ വില വരുന്ന സഹായകഗ്രന്ഥം സൗജന്യമായി ലഭ്യ മാണ്. ബൈബിൾ നേഴ്സറി മുതൽ പത്താം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ഈ പരീക്ഷയിൽ പങ്കെടുക്കാം. എല്ലാ ക്ലാസിനും പ്രത്യേകം പരീക്ഷ യായിരിക്കും. ഓരോ ക്ലാസിനും പ്രത്യേക സഹായ ഗ്രന്ഥങ്ങളും ഉണ്ട്. രജിസ്റ്റർ ചെയ്യുന്ന എല്ലാ കുട്ടികൾക്കും പുസ്തകം സൗജന്യമായി നൽകുന്നതാണ്. പരീക്ഷയ്ക്ക് 80% ചോദ്യങ്ങൾ സഹായക ഗ്രന്ഥത്തിൽ നിന്നും 20% പൊതുവിജ്ഞാനവുമായിരിക്കും

**EDUCO Quiz**

അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശപ്രകാരം കുട്ടികളിൽ സ്പിരിചൽ എക്സലൻസിനോടൊപ്പം അക്കാദമിക് എക്സലൻസ് കൂടി വളർത്തുന്നതിനായി കഴിഞ്ഞ അധ്യയന വർഷം ആരംഭിച്ച ക്വിസ് മത്സരം ഈ അധ്യയന വർഷം രണ്ടാം ടേമിൽ ആരംഭിക്കാമെന്ന് രൂപതാ മതബോധന കമ്മിറ്റിയിൽ തീരുമാനിച്ചു.

**മതാധ്യാപക തുടർപഠനം (ASPCT)**

ഈ അധ്യയന വർഷം മതാധ്യാപക തുടർപഠനത്തിലേക്ക് (Advanced Self Study Programme for Catechism Teachers) നിശ്ചയിച്ചിരിക്കുന്നത് 'വിശ്വാസവഴിയിലെ സംശയങ്ങൾ' എന്ന പുസ്തകത്തിലെ ക്രൈസ്തവ സഭയും ഇതരമതങ്ങളും, വിവാഹം ചില കാനോനിക സംശയങ്ങൾ (Part: 03 & 10)എന്നീ ഭാഗങ്ങൾ ആണ്. അടുത്ത അധ്യയന വർഷത്തെ പരീക്ഷ 2020 ഫെബ്രുവരി 23 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിമുതൽ 4.00 മണിവരെ നടക്കുന്നതാണ്.

**2018–2019 അധ്യായന വർഷത്തെ ASPCT രൂപതാതല വിജയികൾ**

1st Prize: ജിൻസി പി. വർഗീസ് പൊയിലത്ത് – വെറ്റിലപ്പാറ
2nd Prize: സി. ആൻസ് മരിയ സി.എം.സി. – തിരുവമ്പാടി
3rd Prize: അപർണ്ണ ജോസഫ് പടപ്പനാനിക്കൽ – വലിയകൊല്ലി

**Smart Catechism - Mobile Application**

വിശ്വാസപരിശീലന പ്രവർത്തനങ്ങൾ നവീനവും ആകർഷക വുമാക്കാൻ സീറോമലബാർ വിശ്വാസപരിശീലന കമ്മീഷൻ Smart Catechism എന്ന പേരിൽ പുതിയ മൊബൈൽ ആപ്ലിക്കേഷൻ ആവിഷ്കരിച്ചു. നൂതനമായ രീതിയിൽ ക്ലാസുകൾ ക്രമപ്പെടുത്തി ഈ അവസരം വേണ്ടവിധം പ്രയോജനപ്പെടുത്താൻ എല്ലാ മതാധ്യാപകരും ശ്രദ്ധിക്കേ ണ്ടതാണ്.

**അഭിനന്ദനങ്ങൾ**

കാക്കനാട് സീറോമലബാർ സഭാ കാര്യാലയത്തിൽ വച്ചു നടന്ന ഏഴാം ക്ലാസുകാരുടെ സഭാതല പ്രതിഭാസംഗമത്തിൽ പ്രതിഭാപുരസ്കാ രത്തിന് അർഹനായ പൂതംപാറ ഇടവകാംഗം അലക്സ് ഡെന്നീസ് ചമ്പക്കരക്ക് അഭിനന്ദനങ്ങൾ.

**100% ഹാജർ**

ഒന്നു മുതൽ പന്ത്രണ്ടാം ക്ലസ് വരെ മുടങ്ങാതെ വിശ്വാസപരിശീലന ക്ലാസിൽ സംബന്ധിച്ച കൂരോട്ടുപാറ ഇടവകാംഗം ജോൺ പി. പടിഞ്ഞാറേക്കരക്ക് അഭിനന്ദനങ്ങൾ.



**ആദരാജ്ഞലികൾ**

കൂരാച്ചുണ്ട് ഫൊറോനയിലെ ചക്കിട്ടപ്പാറ സൺഡേ സ്കൂളിൽ മതാധ്യാപകനായി സേവനം ചെയ്തുകൊണ്ടിരുന്ന ബെന്നി ജേക്കബ് കിഴക്കേക്കര ഇക്കഴിഞ്ഞ ഏപ്രിൽ 21-ാം തീയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ചക്കിട്ടപ്പാറ ഇടവകയിൽ വിശ്വാസപരിശീലന രംഗത്ത് ബെന്നി സാർ ചെയ്ത സ്തുത്യർഹമായ സേവനങ്ങളെ നന്ദിയോടും പ്രാർത്ഥനയോടും കൂടി ഓർക്കുകയും കുടുംബാംഗങ്ങളോടുള്ള അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

**ഫാ. ജോസഫ് വടക്കേൽ**

ഡയറക്ടർ, മതബോധനം



**ആദരാഞ്ജലികൾ**

**സി. സ്റ്റെല്ലമരിയ കണക്കഞ്ചേരി എസ്. എച്ച്**

**ജനനം - 03-02- 1938**

**മരണം - 24- 04- 2019**

താമരശ്ശേരിരൂപതയിലെ കുളത്തുവയൽ ഇടവകയിൽ കണക്കഞ്ചേരി ജോസഫ്-മറിയാമ്മ ദമ്പതികളുടെ നാലാമത്തെ പുത്രിയായി സി. സ്റ്റെല്ലമരിയ എസ്. എച്ച് ജനിച്ചു. മറിയക്കുട്ടി എന്ന പേരിൽ അറിയപ്പെട്ട ബഹു. സ്റ്റെല്ലാമ്മ കുളത്തുവയൽ സെന്റ് ജോർജ്ജ് ഹയർസെക്കന്ററി സ്കൂളിൽ നിന്നും വിദ്യാഭ്യാസം പൂർത്തിയാക്കി തിരുഹൃദയസന്യാസിനി സമൂഹം തലശ്ശേരി പ്രൊവിൻസിലെ പേരാവൂർ തൊണ്ടി ഭവനത്തിൽ അർത്ഥിനിയായി ചേർന്നു. സന്യാസപരിശീലനം പൂർത്തിയാക്കി 1959 മെയ് 1 ന് സഭാവസ്ത്രം സ്വീകരിച്ചു. 1962 മെയ് 8 ന് നിത്യവ്രതവാഗ്ദാനം നടത്തി. തുടർന്ന് വായാട്ടുപറമ്പ്, കട്ടിപ്പാറ, മരിയാപുരം, തരിയോട്, പൈസക്കരി, വിളക്കന്നൂർ, ഉദയഗിരി, കൂരാച്ചുണ്ട് എന്നിവിടങ്ങളിൽ അദ്ധ്യാപികയായിസേവനം അനുഷ്ഠിച്ചിട്ടുണ്ട് . കുളത്തുവയൽ, അമലാപുരി, തിരൂർ, സെന്റ് ജോസഫ്സ്ഹോം കൂരാച്ചുണ്ട് എന്നിവിടങ്ങളിൽ ശുശ്രൂഷചെയ്തിട്ടുണ്ട്.

വചനപ്രഘോഷകയായും, ധ്യാനഗുരുവായും, ആത്മനിയന്താവായും വർത്തിച്ച് ഭാവിതലമുറയെ വളർത്തുവാൻ സിസ്റ്റർ ഉത്സുകയായിരുന്നു. ദൈവവിളി പ്രോത്സാഹനത്തിലൂടെ അനേകം വൈദികരെയും, സമർപ്പിതരെയുംതിരുസഭയ്ക്ക് നൽകി. സാന്തോംപ്രൊവിൻസ് കോർഡിനേറ്റർ, ജൂണിയേഴ്സ് ഡിറക്ട്രസ്, പ്രൊവിൻഷ്യൽ കൗൺസിലർ, ലോക്കൽസുപ്പീരിയർ, എഴുത്തുകാരി

എന്നീ മേഖലകളിലെല്ലാം സിസ്റ്റർ തന്റെ കൈയൊപ്പ് പതിപ്പിച്ചിട്ടുണ്ട്.

രോഗാവസ്ഥയിൽ തന്റെ ആത്മമണവാളനോടൊത്ത് സഹനങ്ങളെ സന്തോഷത്തോടെ സ്വീകരിച്ച് ദൈവമഹത്വത്തിനായി ആത്മാക്കളുടെ രക്ഷക്കായി കാഴ്ചവെച്ച് 2019 ഏപ്രിൽ 24 ന് അമ്മയുടെ പാവനാത്മാവ് ഈ ലോകത്തിൽ നിന്നും പറന്നുയർന്നു. വിശുദ്ധിയോടെ, വിശ്വസ്തതയോടെ, വിവേകത്തോടെ തന്റെ ഓട്ടം പൂർത്തിയാക്കിയ സ്റ്റെല്ലാമ്മയെ നല്ല ദൈവം ജീവന്റെ കിരീടം അണിയിക്കട്ടെ. അമ്മയുടെ പാവന സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ

# സെമിനാരി വർത്തകൾ

### മേജർ സെമിനാരി ക്യാമ്പ്

മെയ് 24-ാം തീയതി മേജർ സെമിനാരി വിദ്യാർത്ഥികൾക്കായി മൈനർ സെമിനാരിയിൽ വച്ച് ക്യാമ്പ് നടത്തി. അഭിവന്ദ്യ മാർ റെമീജിയോസ് പിതാവാണ് ക്ലാസുകളെടുത്തത്. വി. ഗ്രന്ഥത്തെ അടിസ്ഥാനമാക്കിയുള്ള ക്ലാസുകൾ സെമിനാരി വിദ്യാർത്ഥികൾക്ക് പുത്തനുണർവും പ്രചോദനാത്മകവുമായിരുന്നു.

### പുതിയ അധ്യയനവർഷം

വേനലവധിക്കു ശേഷം മെയ് 28-ാം തീയതി മുതൽ സെമിനാരിയുടെ പ്രവർത്തനങ്ങൾ പുനരാരംഭിച്ചു. 28 മുതൽ ജൂൺ 1 വരെ നീണ്ടുനിന്ന ഇംഗ്ലീഷ് കോഴ്സ് പുത്തനുണർവോടെ പുതിയ അധ്യയന വർഷത്തിലേക്ക് പ്രവേശിക്കാൻ സെമിനാരി വിദ്യാർത്ഥികളെ സഹായിച്ചു. +1, +2 ക്ലാസുകൾ ജൂൺ 3 ന് ആരംഭിക്കും. ഒന്നാം വർഷ സെമിനാരി വിദ്യാർത്ഥികൾ ജൂൺ 8 നാണ് സെമിനാരിയിലേക്ക് കടന്നു വരുന്നത്.

### വൈദിക വസ്ത്രസ്വീകരണം

തത്വശാസ്ത്രപഠനം പൂർത്തിയാക്കിയ 6 സെമിനാരി വിദ്യാർത്ഥികളാണ് അഭിവന്ദ്യ മാർ റെമീജിയോസ് പിതാവിൽ നിന്ന് മെയ് 1-ാം തീയതി വൈദിക വസ്ത്രം സ്വീകരിച്ചത്.

1. ബ്ര. ജോസഫ് (ആൽബിൻ) വിലങ്ങുപാറ - ചുണ്ടത്തുംപൊയിൽ
2. ബ്ര. ജേക്കബ് (ആൽബിൻ) കോയിപ്പുറത്ത് - പുല്ലൂരാംപാറ
3. ബ്ര. ജോസഫ് (ജിതിൻ) പന്തലാടിയ്ക്കൽ - പുല്ലൂരാംപാറ
4. ബ്ര. കുര്യൻ (ജ്യോതിസ്) ചെറുശ്ശേരിൽ - പുല്ലൂരാംപാറ
5. ബ്ര. ജോർജ്ജ് (നിധിൻ) കരിന്തോളിൽ - കൂടരഞ്ഞി
6. ബ്ര. ജോസഫ്(പ്രിൻസ്) നെല്ലരിയിൽ - വണ്ണപ്പുറം (കോതമംഗലം)

എല്ലാവർക്കും അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും.

**മേജർ സെമിനാരികളിലേക്ക്**

ഈ വർഷം 13 സെമിനാരി വിദ്യാർത്ഥികളാണ് വിവിധ മേജർ സെമിനാരികളിൽ തത്വശാസ്ത്രപഠനം ആരംഭിച്ചിരിക്കുന്നത്.

**പൂന പേപ്പൽ സെമിനാരി**

1.) പരക്കൽ ബിനു — വെറ്റിലപ്പാറ

**ആലുവ മംഗലപ്പുഴ സെമിനാരി**

2.) ഏഴാനിക്കാട്ട് ജെസ്ഫിൻ - കോടഞ്ചേരി
3.) കാളാംപറമ്പിൽ സ്റ്റെഫിൻ - കോനൂർകണ്ടി
4.) കൊച്ചുപറമ്പിൽ ജോയൽ - വിലങ്ങാട്
5.) കുറുർ മനു - ചെമ്പുകടവ്
6.) വെളിയത്ത് അജിത്ത് - കരിയാത്തുംപാറ

**കോട്ടയം വടവാതൂർ സെമിനാരി**

7.) അടപ്പൂർപുത്തൻപുരയിൽ ജോയൽ - കട്ടിപ്പാറ
8.) നീലംപറമ്പിൽ ആഷിൻ - കണ്ണോത്ത്
9.) പന്തപ്ലാക്കൽ അമൽ - പൂഴിത്തോട്
10.) പൂവത്തോലിൽ അലൻ - പനംപ്ലാവ്
11.) തിട്ടിയിൽ റിനു - കരിയാത്തുംപാറ

**കുന്നോത്ത് ഗുഡ്ഷെപ്പേർഡ്**

12.) കണ്ടച്ചാലിൽ സിബിൻ - പൊയിലോംചാൽ
13.) കടുകമാക്കൽ ജിയോ - കല്ലാനോട്വിവിധ മേജർ സെമിനാരികളിൽ ദൈവശാസ്ത്രപഠനം ആരംഭിച്ചിരിക്കുന്നത് ആറ് പേരാണ്.

**റോം**

1.) ചെറുശ്ശേരിൽ ജ്യോതിസ് - പുല്ലൂരാംപാറ

**ആലുവ മംഗലപ്പുഴ**

2.) പന്തലാടിയ്ക്കൽ ജിതിൻ - പുല്ലൂരാംപാറ

**കോട്ടയം വടവാതൂർ**

3.) വിലങ്ങുപാറ ആൽബിൻ - ചുണ്ടത്തുംപൊയിൽ
4.) കോയിപ്പുറത്ത് ആൽബിൻ - പുല്ലൂരാംപാറ

**കുന്നോത്ത് ഗുഡ്ഷെപ്പേർഡ്**

5.) കരിന്തോളിൽ നിധിൻ - കൂടരഞ്ഞി
6.) നെല്ലരിയിൽ പ്രിൻസ് - വണ്ണപ്പുറം (കോതമംഗലം)

വൈദിക പരിശീലനത്തിന്റെ പുതിയ ഘട്ടങ്ങളിലേക്ക് കടന്നിരിക്കുന്ന സഹോദരന്മാർക്ക് അഭിനന്ദനങ്ങളും ദൈവാനുഗ്രഹവും നേരുന്നു.

**ഫാ. അബ്രാഹം കൊച്ചീലാത്ത്**
റെക്ടർ, അൽഫോൻസ സെമിനാരി

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ് 2019**

ബൈബിൾ വായിക്കാനും പഠിക്കാനുമായി കേരള കത്തോലിക്ക ബൈബിൾ സൊസൈറ്റി നടത്തുന്ന ലോഗോസ് ക്വിസ് പഠനപദ്ധതി വിജയകരമായി 20-ാം വർഷത്തിലേയ്ക്ക് കടക്കുന്നു. പങ്കെടുക്കുന്നവർക്ക് സംസ്ഥാന-രൂപത-ഇടവകാതലങ്ങളിൽ ആകർഷകങ്ങളായ ധാരാളം സമ്മാനങ്ങളും ലോഗോസ് പ്രതിഭയ്ക്ക് വിശുദ്ധനാട് തീർത്ഥാടനവും.

**സംസ്ഥാനതല സമ്മാനങ്ങൾ**

ലോഗോസ് പ്രതിഭയ്ക്ക് - വിശുദ്ധനാട് തീർത്ഥാടനവും 25,000 രൂപയും ഓരോ പ്രായ വിഭാഗത്തിൽപ്പെട്ടവർക്കും ഗോൾഡ് മെഡലും ക്യാഷ് അവാർഡും.

1-ാം സമ്മാനം 6 പേർക്ക് - 15,000 രൂപയും സ്വർണ്ണമെഡലും സർട്ടിഫിക്കറ്റും
2-ാം സമ്മാനം 6 പേർക്ക് - 10,000 രൂപയും സ്വർണ്ണമെഡലും സർട്ടിഫിക്കറ്റും
3-ാം സമ്മാനം 6 പേർക്ക് - 5,000 രൂപയും സ്വർണ്ണമെഡലും സർട്ടിഫിക്കറ്റും
4-ാം സമ്മാനം 42 പേർക്ക് 1,000 രൂപയും വെള്ളിമെഡലും സർട്ടിഫിക്കറ്റും
5-ാം സമ്മാനം 480 പേർക്ക് 500 രൂപ വീതം

**രൂപതാതല സമ്മാനങ്ങൾ**

1-ാം സമ്മാനം 6 പേർക്ക് - 2,000 രൂപയും സർട്ടിഫിക്കറ്റും
2-ാം സമ്മാനം 6 പേർക്ക് - 1,500 രൂപയും സർട്ടിഫിക്കറ്റും
3-ാം സമ്മാനം 6 പേർക്ക് - 1,000 രൂപയും സർട്ടിഫിക്കറ്റും

രൂപതയിൽ ഓരോ പ്രായവിഭാഗത്തിലും 1,2,3 സ്ഥാനങ്ങൾ നേടുന്ന 18 പേർക്ക് എറണാകുളം പി.ഒ.സി.യിൽ നടക്കുന്ന സംസ്ഥാനതലമത്സരങ്ങളിൽ പങ്കെടുക്കാൻ അവസരം (യാത്ര ചിലവുകൾ സൗജന്യം)

**ഇടവകതല സമ്മാനങ്ങൾ**

70% മാർക്കിൽ കൂടുതൽ ലഭിക്കുന്നവർക്ക് ആകർഷകമായ സമ്മാനങ്ങളും സർട്ടിഫിക്കറ്റും

ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന മൂന്ന് ഇടവകകൾക്ക് ക്യാഷ് അവാർഡ്.

**പ്രായ വിഭാഗങ്ങൾ**

എ വിഭാഗം - 1-1-2008 നു ശേഷം ജനിച്ചവർ
ബി വിഭാഗം - 1-1-2003 നും 31-12-2007 നും ഇടയ്ക്കു ജനിച്ചവർ
സി വിഭാഗം - 1-1-1988 നും 31-12-2002 നും ഇടയ്ക്കു ജനിച്ചവർ
ഡി വിഭാഗം - 1-1-1968 നും 31-12-1987 നും ഇടയ്ക്കു ജനിച്ചവർ
ഇ വിഭാഗം - 1-1-1955 നും 31-12-1967 നും ഇടയ്ക്കു ജനിച്ചവർ
എഫ് വിഭാഗം - 1-1-1954 ന് മുമ്പ് ജനിച്ചവർ

**രൂപതാതല പരീക്ഷ : 2019 സെപ്റ്റംബർ 29, ഉച്ചകഴിഞ്ഞ് 2 മണി മുതൽ 3.30 വരെ;**

സംസ്ഥാന പരീക്ഷ : 2019 നവംബർ 10, 23-24

**രജിസ്ട്രേഷൻ : അവസാന തീയതി 2019 ജൂലൈ 31**

ഇടവകയിലെ കുടുംബകൂട്ടായ്മ പ്രസിഡന്റ്, സെക്രട്ടറി, മതാദ്ധ്യാപകർ എന്നിവർ മുഖാന്തിരം രജിസ്ട്രേഷൻ നടത്തപ്പെടുന്നു. രജിസ്ട്രേഷൻ ഫീസ് 10 രൂപയാണ്.

ലോഗോസ് ക്വിസ് 2019 പാഠഭാഗം : നിയമാവർത്തനം 12-21, പ്രഭാഷകൻ 11-17, വി. മത്തായി 19-28, വെളിപാട് 17-22

**ഭിന്നശേഷിയുള്ളവർക്ക് സംസ്ഥാനതല ലോഗോസ് പരീക്ഷ**

**ഫാമിലി ബൈബിൾ ക്വിസ്**

- കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്ന് ബൈബിൾ പഠിക്കാൻ താമരശ്ശേരി രൂപത ബൈബിൾ അപ്പോസ്റ്റലേറ്റ് സംഘടിപ്പിക്കുന്ന ക്വിസ് മത്സരം.
- ഫാമിലി ബൈബിൾ ക്വിസിന്റെ പാഠഭാഗം ലോഗോസ് 2019 പാഠഭാഗം ആയിരിക്കും.
- ഫാമിലി ബൈബിൾ ക്വിസിൽ പങ്കെടുക്കാൻ ഒരു കുടുംബത്തിലെ 3 അംഗങ്ങൾക്കാണ് യോഗ്യത (പിതാവ്, മാതാവ്, ഒരു കുട്ടി)
- ഫാമിലി ബൈബിൾ ക്വിസിൽ പങ്കെടുക്കാൻ കുടുംബാംഗങ്ങൾ ഏവരും ലോഗോസ് ബൈബിൾ ക്വിസിൽ പേര് രജിസ്റ്റർ ചെയ്തിരിക്കണം.
- ഫാമിലി ക്വിസിൽ പങ്കെടുക്കുന്നവർ 2019 സെപ്റ്റംബർ 29 ലെ ലോഗോസ് ക്വിസ്സിൽ പങ്കെടുത്തിരിക്കണം.
- ഒരു കുടുംബത്തിലെ അംഗങ്ങൾക്ക് കിട്ടുന്ന മാർക്കിന്റെ ശരാശരി അനുസരിച്ച് ഇടവകയിൽ ഒന്നാം സ്ഥാനം നൽകുന്നതാണ്.
- ഓരോ ഇടവകയിൽ നിന്നും ഒന്നാംസ്ഥാനം ലഭിക്കുന്ന കുടുംബങ്ങൾ ക്കായി രൂപതാതല ഫാമിലി ബൈബിൾ ക്വിസ് നടത്തപ്പെടുന്നു.
- രൂപതാതല ഫാമിലി ബൈബിൾ ക്വിസ് നടത്തുന്നത് രൂപത ബൈബിൾ അപ്പോസ്റ്റലേറ്റാണ്.

**രൂപതാതല സമ്മാനങ്ങൾ**

1-ാം സമ്മാനം 1 കുടുംബത്തിന് - 5000 രൂപ

2-ാം സമ്മാനം 1 കുടുംബത്തിന് - 2000 രൂപ

3-ാം സമ്മാനം 1 കുടുംബത്തിന് - 1000 രൂപ

4-ാം സമ്മാനം 7 കുടുംബത്തിന് - 500 രൂപ വീതം

ഇടവകാതലത്തിൽ വിജയികൾക്ക് ആകർഷകമായ സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും

ഇടവകാതല ഫാമിലി ബൈബിൾ ക്വിസ് – 2019 സെപ്റ്റംബർ 29 2 pm – 3.30 pm

**ഫാ. തോമസ് ചിലമ്പിക്കുന്നേൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്തോലേറ്റ

# മിഷൻലീഗ്

**1. വചനോപാസി**

സീനിയർ വിഭാഗം കുട്ടികളുടെ വിഭാഗം വചനോപാസി ക്വിസ് മത്സരം പി.എം.ഒ.സിയിൽ വച്ച് ഏപ്രിൽ 30 ന് നടന്നു. രൂപതാ പ്രസിഡന്റ് ശ്രീ. ജോയി ജോർജ്ജ് നേതൃത്വം നൽകി. അനില, എയ്ഞ്ചൽ എന്നിവർ യഥാക്രമം ഒന്നും, രണ്ടും സ്ഥാനം കരസ്ഥമാക്കി. ഇരുവരും പാലൂർക്കോട്ട ഇടവകാംഗമാണ്. വിജയികൾക്ക് രൂപതയുടെ അഭിനന്ദനങ്ങൾ.

**2. ഗ്രാന്റ് മാസ്റ്റർ ക്യാമ്പ്**

ഏപ്രിൽ 29 മുതൽ മെയ് 2 വരെ പി.എം.ഒ.സിയിൽ വച്ചു നടന്ന ഗ്രാന്റ് മാസ്റ്റർ ക്യാമ്പിൽ 81 കുട്ടികൾ പങ്കെടുത്തു. രൂപതാ പ്രസിഡന്റ് ശ്രീ. ജോയി ജോർജ്ജ് അദ്ധ്യക്ഷത വഹിച്ച ഉദ്ഘാടന യോഗത്തിൽ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. അഗസ്റ്റിൻ വാമറ്റത്തിൽ ആശംസയർപ്പിച്ചു. എറണാകുളത്തുനിന്നുള്ള ശ്രീ. സെമിച്ചൻ, ശ്രീ. ടോമി എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. കുട്ടികളുടെ സമഗ്ര വളർച്ചക്കുപകരിക്കുന്ന ഈ ക്യാമ്പിലേക്ക് കുട്ടികളെ പറഞ്ഞയച്ച വികാരിയച്ചന്മാർക്കും, സിസ്റ്റേഴ്സിനും ക്യാമ്പിന്റെ വിജയത്തിനായി അക്ഷീണം യത്നിച്ച രൂപതാ ടീം അംഗങ്ങൾക്കും സ്നേഹത്തോടെ നന്ദിപറയുന്നു.

**3. വചനഭേരി**

ചെറുപുഷ്പ മിഷൻ ലീഗ് സംസ്ഥാനതലത്തിൽ സംഘടിപ്പിച്ച വചനഭേരി ബൈബിൾ ക്വിസിൽ (പ്രഭാഷകന്റെ പുസ്തകം മനഃപാഠമാക്കുക) ജൂനിയർ വിഭാഗത്തിൽ ഡാനിയേൽ വടക്കൻ, സൈമൺ വടക്കൻ (തേഞ്ഞിപ്പാലം ഇടവക) എന്നിവർ ഒന്നാം സ്ഥാനം കരസ്ഥമാക്കി. സീനിയർ വിഭാഗത്തിൽ അനില, എയ്ഞ്ചൽ (പാലൂർകോട്ട) എന്നിവർ അഞ്ചാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക് രൂപതയുടെ അഭിനന്ദനങ്ങൾ.

**4. രൂപതക്ക് പുതിയ ജൂനിയർ നേതൃത്വം**

മെയ് 2-ാം തിയതി പി.എം.ഒ.സിയിൽ വച്ച് ജൂനിയർ ഭാരവാഹികളുടെ ഇലക്ഷൻ നടന്നു. പ്രസിഡന്റ് സോണിയ സണ്ണി (അശോകപുരം) സെക്രട്ടറി ജോസ് മാർട്ടിൻ (പുഷ്പഗിരി), ജോയിന്റ് സെക്രട്ടറി മരിയ തോമസ് (മുതുകാട്)

എന്നിവരെ തിരഞ്ഞെടുത്തു. പുതിയ ഭാരവാഹികൾക്ക് എല്ലാ ആശംസകളും നേരുന്നു.

**5. രൂപതാ വാർഷികം പ്രേഷിത റാലി**

ചെറുപുഷ്പ മിഷൻലീഗ് രൂപതാ വാർഷികവും പ്രേഷിത റാലിയും മെയ് 2-ന് പി.എം.ഒ.സിയിൽ വച്ചു നടന്നു. രൂപതാ ഡയറക്ടർ ഫാ. അഗസ്റ്റിൻ വാമറ്റത്തിൽ നേതൃത്വം നൽകി. രൂപതാ പ്രസിഡന്റ് ശ്രീ. ജോയി ജോർജ്ജ് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ശ്രീ. ജിനോ മാത്യു വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു.

**6. രൂപതാദിനം**

കൂരാച്ചുണ്ട് ഫൊറോനയിൽ വച്ച് ഏപ്രിൽ 27 ന് നടന്ന രൂപതാ ദിനാഘോഷത്തിൽ മിഷൻലീഗ് കുട്ടികൾക്കായി നടത്തിയ സെമിനാറിൽ 250 ഓളം കുട്ടികൾ പങ്കെടുത്തു. തലശ്ശേരി അതിരൂപതയുടെ മിഷൻ ലീഗ് ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേൽ കുട്ടികൾക്ക് ക്ലാസെടുത്തു.

**7. സംസ്ഥാന ക്യാമ്പും മാനേജിംഗ് കമ്മിറ്റിയും**

സംസ്ഥാന ക്യാമ്പും മാനേജിംഗ് കമ്മിറ്റിയും മെയ് 12 ന് ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടന്നു. രൂപതയെ പ്രതിനിധീകരിച്ച് 10 പേർ കമ്മിറ്റിയിൽ പങ്കെടുത്തു.

**8. തീർത്ഥാടനം**

രൂപതാ ടീം അംഗങ്ങൾ വി. അൽഫോൻസാമ്മയുടെ കബറിടം, വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ കബറിടം, ധന്യൻ കദളിക്കാട്ടിൽ മത്തായിച്ചന്റെ ജന്മഗൃഹം എന്നീ സ്ഥലങ്ങളിലേക്ക് തീർത്ഥയാത്ര നടത്തി.

**9. നന്ദിയോടെ**

ചെറുപുഷ്പ മിഷൻ ലീഗ് രൂപതാ വൈസ് ഡയറക്ടറായി കഴിഞ്ഞ 3 വർഷം സ്തുത്യർഹമായ സേവനം കാഴ്ചവെച്ച, രൂപതയുടെ എല്ലാ പ്രവർത്തനങ്ങളിലും സജീവ പങ്കാളിത്തം വഹിച്ചുകൊണ്ട് മിഷൻ ലീഗിന്റെ അഭ്യുന്നതിക്കുവേണ്ടി അക്ഷീണം പ്രയത്നിച്ച സി. ജാൻസി മരിയ എഫ്.സി.സി യുടെ നിസ്വാർത്ഥ സേവനത്തിന് രൂപതയുടെ നന്ദി. തുടർന്നുള്ള സിസ്റ്ററിന്റെ ജീവിതം ദൈവാനുഗ്രഹ പ്രദമായി തീരട്ടെയെന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

**10. പ്രവർത്തന വർഷ ഉദ്ഘാടനം, വൈസ് ഡയറക്ടേഴ്സ്, ജൂനിയർ ലീഡേഴ്സ് സംഗമം**

2019 ജൂൺ 5 ന് ബുധനാഴ്ച പി.എം.ഒ.സിയിൽ വച്ച് വൈസ് ഡയറക്ടേഴ്സ്, ജൂനിയർ ലീഡേഴ്സ് സംഗമം, പ്രവർത്തന വർഷ ഉദ്ഘാടനവും നടക്കുന്നു. രാവിലെ 9 30 ന് രജിസ്ട്രേഷനോടുകൂടെ ആരംഭിച്ച് ഉച്ചഭക്ഷണത്തോടെ അവസാനിക്കുന്നു. നിർബന്ധമായും എല്ലാ ശാഖാ വൈസ് ഡയറക്ടേഴ്സും 2 ജൂനിയർ ഭാരവാഹികളും പങ്കെടുക്കേണ്ടതാണ്. എന്തെങ്കിലും

അസൗകര്യമുള്ളവർ അക്കാര്യം രൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 300 (3X100) രൂപ ആയിരിക്കും.

രൂപതയിൽ ഏൽപ്പിക്കേണ്ട ശാഖാ വാർഷിക റിപ്പോർട്ട്, മിഷൻ സഹായ നിധി, രൂപതാ വിഹിതം തരാത്തവർ അതും കൂടി അന്നേ ദിവസം വരുമ്പോൾ കൊണ്ടുവരേണ്ടതാണ്.

**11. മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി ഉപന്യാസം**

മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി മെമ്മോറിയൽ ഉപന്യാസ മത്സരം ജൂൺ 23-ാം തീയതി ഞായറാഴ്ച 2 മണിമുതൽ 4 മണിവരെ ശാഖകളിൽ നടത്തേണ്ടതാണ്. വിഷയം രൂപതയിൽ നിന്ന് നൽകുന്നതായിരിക്കും. ഓരോ ശാഖയിൽ നിന്നും ഏറ്റവും മികച്ച 2 രചനകൾ ജൂലൈ 1 നു മുമ്പായി മേഖലയിൽ എത്തിക്കുകയും മേഖലയിൽ നിന്നും ഏറ്റവും മികച്ച 2 രചനകൾ ജൂലൈ 14 ന് മുമ്പ് രൂപതയിൽ എത്തിക്കേണ്ടതുമാണ്.

**12. സ്കോളർഷിപ്പുകൾ**

കുഞ്ഞേട്ടൻ സ്കോളർഷിപ്പ്:- 10-ാം ക്ലാസിൽ പഠിക്കുന്ന എല്ലാ വിഷയങ്ങൾക്കും A+ നേടുകയും മിഷൻ ലീഗിന്റെ പ്രവർത്തനങ്ങളിൽ സജീവമായി പ്രവർത്തിക്കുകയും ചെയ്യുന്ന കുട്ടികൾക്കായി സംസ്ഥാന തലത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന സ്കോളർഷിപ്പ് മേഖലകളിൽ നിന്ന് ഓരോരുത്തരെ തിരഞ്ഞെടുത്ത് അവരുടെ പേര്, അഡ്രസ്, ഇടവക, കുടുംബപശ്ചാത്തലം എന്നിവ ജൂൺ 15 ന് മുമ്പായി രൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്. അവസാന തീയതി ജൂൺ 15.

ചെറുകാട്ടിൽ സ്കോളർഷിപ്പ്:- ചെറുകാട്ടിൽ ഔസേപ്പച്ചൻ മെമ്മോറിയൽ വിദ്യാഭ്യാസ സ്ക്കോളർഷിപ്പിന് അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 30. അപേക്ഷകർ ഏതെങ്കിലും പ്രൊഫഷണൽ കോഴ്സ് പഠിക്കുന്നവരും മിഷൻലീഗ് പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്നവരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ ഒരു ആൺകുട്ടി ആയിരിക്കണം. അപേക്ഷയോടൊപ്പം കുട്ടിയുടെ ബയോഡാറ്റ, വികാരിയച്ചന്റെ സാക്ഷ്യപത്രം എന്നിവയും സമർപ്പിക്കേണ്ടതാണ്.

**13. ഇടയന്മാർക്കായി**

നമ്മുടെ രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാ വൈദികരേയും അവരുടെ ശുശ്രൂഷാ മേഖലയേയും മിഷൻലീഗ് അംഗങ്ങൾ പ്രാർത്ഥന കൊണ്ട് ശക്തിപ്പെടുത്തുന്ന പ്രോഗ്രാമാണിത്. ഓരോ ശാഖയ്ക്കും പ്രാർത്ഥിക്കുന്നതിനായി ഒന്നോ, രണ്ടോ വൈദികരെ നൽകുകയും ഒരു വർഷം മുഴുവൻ മിഷൻ ലീഗിന്റെ പ്രത്യേക പ്രാർത്ഥനാ ദിനങ്ങളിൽ അവരുടെ പേരുകൾ പറഞ്ഞ് പ്രാർത്ഥിക്കുകയും മറ്റ് അവസരങ്ങളിൽ കുട്ടികൾ വ്യക്തിപരമായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**14. മിഷൻ സഹായ നിധി**

ഛാന്ദാ മിഷനിലെ ബാലാപ്പൂർ ഇടവകയിലെ ഏതാനും കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം ചെയ്യുന്നതിന് രൂപതാ സമിതി ഛാന്ദാ മിഷൻ സന്ദർശനം നടത്തിയതിന്റെ വെളിച്ചത്തിൽ തീരുമാനമെടുത്തു. ഇക്കാര്യം കുട്ടികളെ അറിയിക്കുകയും എല്ലാ ശാഖയിലും ഞായറാഴ്ചകളിൽ മിഷൻ സഹായനിധി കളക്ട് ചെയ്ത് വർഷാവസാനം രൂപതയിൽ ഏൽപിക്കേണ്ടതുമാണ്.

**ഫാ. അഗസ്റ്റിൻ വാമറ്റം**
ഡയറക്ടർ, മിഷൻലീഗ്

## കെ.സി.വൈ.എം.

**വുമൺസ- 2019- വനിതാദിനം.**

കെ. സി. വൈ. എം. താമരശ്ശേരി രൂപതയുടെ ആഭിമുഖ്യത്തിൽ വനിതാ ഭാരവാഹികളുടെ നേതൃത്വത്തിൽ . മെയ് 11 ശനിയാഴ്ച വുമൺസ് 2019 വനിതാ സംഗമം സംഘടിച്ചു. 160 തോളം യുവതികൾ പങ്കെടുത്ത ഈ സമ്മേളനം ആൾ ഇന്ത്യ റേഡിയോ ജോക്കി ശ്രീ. ജീന മരിയ ഉദ്ഘാടനം ചെയ്തു. രൂപതാ വൈസ് പ്രസിഡന്റ് കുമാരി സിപ്സിയ മാർട്ടിൻ അധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാപഞ്ചായത്ത് മെമ്പർ ശ്രീമതി അന്നമ്മ മാത്യു, കെ സി വൈ എം സംസ്ഥാന വൈസ് പ്രസിഡന്റ് കുമാരി ഡെലിൻ ഡേവിഡ്, സംസ്ഥാന സെക്രട്ടറി കുമാരി റോസ്മോൾ രൂപതാ ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ, ലിസ കോളേജ് അസ്സി. ഡയറക്ടർ ഫാ. ബോബി പുള്ളോലിക്കൽ, മേഖല വൈസ് പ്രസിഡന്റ് ടീന ടോം സംസ്ഥാന സിൻഡിക്കേറ്റ് അംഗം ലിമ്ന ജോർജ്ജ്, രൂപത സമിതി അംഗങ്ങളായ ലിമ കാതറിൻ, അനുപ്രിയ, അതുല്യ, ഐവി, എന്നിവർ നേതൃത്വം നൽകി. താമരശ്ശേരി രൂപത അധ്യക്ഷൻ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ യുവജനങ്ങളെ അഭിസംബോധനചെയ്യുകയുണ്ടായി. വളരെ ക്രമീകൃതമായും രസകരമായും ഒരുക്കിയ പരിപാടിയിൽ നാഷണൽ ഫിലിം അവാർഡ് ജേതാവ് സി. ജിയ എം എസ്. ജെ ക്ലാസ് നയിച്ചു.

സഹകരിച്ച എല്ലാ ആനിമേറ്റർമാർക്കും യുവജനങ്ങളെ പറഞ്ഞയച്ച വികാരിയച്ചൻമാർക്കും നന്ദി.

**എലീസിയൻ റിസോഴ്സ് ടീം ഫോർമേഷൻ**

എലീസിയൻ റിസോഴ്സ് ടീമിന്റെ മലപ്പുറം മേഖല ഫോർമേഷൻ ക്യാപ് ഏപ്രിൽ മാസം 25, 26, 27 തിയ്യതികളിൽ മഞ്ചേരി നസ്രത്ത് കോൺവെന്റ് ആന്റ് നഴ്സറി സ്കൂളിലും കോടഞ്ചേരി, തിരുവമ്പാടി, തോട്ടുമുക്കം, പാറോപ്പടി, താമരശ്ശേരി മേഖലകളുടെ രണ്ടാമത്തെ ക്യാംപ് ഏപ്രിൽ 30 മുതൽ മെയ് 2 വരെ

തൊണ്ടിമ്മൽ സാൻജോ പ്രതീക്ഷ ഭവനിലും നടന്നു. രണ്ടു ക്യാമ്പിലുമായി 40 തിരഞ്ഞെടുക്കപ്പെട്ട യുവജനങ്ങൾക്ക് ഫോർമേഷൻ നൽകി. റവ. ഫാ. ഷാന്തി പി. ഐ. എം. ഇ. ക്യാമ്പുകൾക്ക് നേതൃത്വം നൽകി. സഹകരിച്ച എല്ലാ കെ. സി വൈ എം രൂപതാ ഭാരവാഹികൾക്കും വൈദികർക്കും സിസ്റ്റേഴ്സിനും നന്ദി.

**അത്‌ലേറ്റിക്കോസ് 2019**

രൂപതയിൽ കായിക പ്രതിഭകളെ കണ്ടെത്തുക എന്ന ഉദ്ദേശത്തോടുകൂടെ നടത്തിയ അത്‌ലറ്റിക്കോസ് 2019 കായിക മാമാങ്കത്തിൽ വിജയികളായവർ

**ക്രിക്കറ്റ് ടൂർണ്ണമെന്റ്**

1. നരിനട ഇടവക ടീം
2. കട്ടിപ്പാറ ഇടവക ടീം

**ഷട്ടിൽ ടൂർണ്ണമെന്റ്**

1. കുപ്പായക്കോട് ഇടവക ടീം
2. കൂരാച്ചുണ്ട് ഇടവക ടീം

**ഫുട്ബോൾ ടൂർണ്ണമെന്റ്**

1. തോട്ടുമുക്കം യൂണിറ്റ് ടീം
2. കൂടരഞ്ഞി യൂണിറ്റ് ടീം

**ബാസ്ക്കറ്റ് ബോൾ ടൂർണ്ണമെന്റ്**

1. കൂടരഞ്ഞി യൂണിറ്റ് ടീം
2. തോട്ടുമുക്കം ടീം

മത്സരങ്ങൾ കോ ഓർഡിനേറ്റ് ചെയ്ത രൂപത പ്രസിഡന്റ് സൗബിൻ ഇലഞ്ഞിക്കലിനും സ്പോർട്സ് ഇൻചാർജ്ജ് റ്റിബിൻ അഗസ്റ്റിനും സഹകരിച്ച എല്ലാ മേഖലകൾക്കും പങ്കെടുത്ത എല്ലാ ടീമംഗങ്ങൾക്കും നന്ദി. വിജയികൾക്ക് അഭിനന്ദനങ്ങൾ.

**നന്ദിയോടെ..**

**രൂപത ആനിമേറ്റർ സി. പ്രീതി എം എസ് എം ഐക്ക് യാത്രാമൊഴി**

കഴിഞ്ഞ രണ്ടുവർഷക്കാലം (2017-2019) കെ സി വൈ എം താമരശ്ശേരി രൂപതയുടെ ആനിമേറ്ററായി സ്തുത്യർഹമായും നിസ്വാർത്ഥമായും സേവനം ചെയ്ത് സ്ഥലം മാറി പോകുന്ന സി. പ്രീതി എം എസ് എം ഐ ക്ക് രൂപതയുടെ പേരിലുള്ള കൃതഞ്ജത അറിയിക്കുന്നു. ബൽത്തങ്ങാടി രൂപതയിലെ എല്ലാ ശുശ്രൂഷകൾക്കും കെ സി വൈ എം താമരശ്ശേരി രൂപതയുടെ എല്ലാ ദൈവാനുഗ്രഹങ്ങളും നേരുന്നു.

**മേഖല ഡയറക്ടറച്ചൻമാർക്ക് നന്ദി...**

തിരുവമ്പാടി ഫൊറോനയുടെ ഡയക്ടറായി കഴിഞ്ഞ മൂന്നു വർഷക്കാലം സേവനം ചെയ്ത **സഖറിയാസ് നെടുമലയച്ചനും** കോടഞ്ചേരി ഫൊറോന ഡയറക്ടറായി ആറുമാസത്തോളം സ്തുത്യർഹമായ സേവനം ചെയ്ത് ഫൊറോനയെ ഊർജ്ജസ്വലമാക്കിയി **മാത്യു പുള്ളോലിക്കലച്ചനും** താമരശ്ശേരി ഫൊറോ

നയുടെ ഡയറ്ടറായി മൂന്നു വർഷത്തോളം സേവനം ചെയ്ത **വിൻസെന്റ് കണ്ടത്തിലച്ചനും** കരുവാരക്കുണ്ട് മേഖലയുടെ ഡയക്ടറായി മൂന്നു വർഷക്കാലം യുവജനങ്ങളെ നയിച്ച **ജോസഫ് ഇടക്കാട്ടിൽ അച്ചനും** പെരിന്തൽമണ്ണ ഫൊറോന ഡയറക്ടായി രണ്ടുവർത്തോളം സേവനം ചെയ്ത **സെബാസ്റ്റ്യൻ പാട്ടശ്ശേരി അച്ചനും** കെ സി വൈ എം താമരശ്ശേരി രൂപതയുടെ ഹൃദയംഗമമായ നന്ദി..

കെ സി വൈ എം ഫൊറോന ആനിമേറ്റേഴ്സായും യൂണിറ്റ് ആനിമേറ്റേഴ്സായും സേവനം ചെയ്ത എല്ലാ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനും കെ സി വൈ എം താമരശ്ശേരി രൂപതയുടെ നന്ദിയർപ്പിക്കുന്നു.

**പുതിയ രൂപത ആനിമേറ്റർക്ക് സ്വാഗതം**

കെ സി വൈ എം താമരശ്ശേരി രൂപതയുടെ പുതിയ രൂപതാ ആനിമേററായി ചാർജ്ജെടുക്കുന്ന കർമ്മലീത്ത സഭാംഗം **സി. ഷാർലറ്റ് റോസ് സി. എം. സി.** ക്ക് രൂപതാ സമിതിയിലേക്ക് സ്വാഗതം. എല്ലാ വിജയാശംസകളും നേരുന്നു.

**നിലാവുകൂട്ടം നടത്തിയ ഇടവകൾ**

ചെമ്പനോട - മെയ് 13

പുതുപ്പാടി - മെയ് 22

പെരിന്തൽമണ്ണ - മെയ് 26

**പുതിയ മേഖല ഡയറക്ടേഴ്സിന് സ്വാഗതം**

താമരശ്ശേരി രൂപത കെ സി വൈ എം സംഘടനയുടെ പെരിന്തൽമണ്ണ മേഖല ഡയറക്ടറായി **ഫാ. തോമസ്സ് കൊച്ചുമുറിയിൽ അച്ചനെയും** കരുവാരക്കുണ്ട് ഫൊറോന ഡയറക്ടറായി **ഫാ. അബ്രഹാം മഴുവഞ്ചേരിയെയും** കോടഞ്ചേരി മേഖല ഡയറക്ടറായി **ഫാ. കുര്യാക്കോസ് (നിഖിൽ) പുത്തൻവീട്ടിൽ** അച്ചനെയും തിരഞ്ഞെടുത്തിരിക്കുന്നു. പുതിയ ഡയറക്ടറച്ചൻമാർക്ക് കെ സി വൈ എം താമരശ്ശേരി കൂട്ടായ്മയിലേക്ക് സ്വാഗതം.

**മേഖല വാർത്തകൾ**

**മലപ്പുറം മേഖല- മാറാനാത്ത - 2019'- യുവജനധ്യാനം**

മലപ്പുറം ഫൊറോനയിലെ യുവജനങ്ങളെ ഒരുമിപ്പിച്ചുകൊണ്ട് മെയ് 19 ഞായറാഴ്ച മലപ്പുറം ഫൊറോന ദൈവാലയത്തിൽ വെച്ച് **മാറാനാത്ത - 2019 യുവജനധ്യാനം** നടത്തി. 110 യുവജനങ്ങൾ പങ്കെടുത്ത ധ്യാനത്തിന് തൃശ്ശൂർ യേശുനാമം ധ്യാന ടീം നേതൃത്വം നൽകി. ഫൊറോന വികാരി ഫാ. സെബാസ്റ്റ്യൻ ചെമ്പുകണ്ടത്തിൽ, മലപ്പുറം മേഖല കെ സി വൈ എം ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളാരംകാലായിൽ, കെ സി വൈ എം മലപ്പുറം മേഖല പ്രസിഡന്റ് വിപിൻ എന്നിവരുടെയും മലപ്പുറം മേഖല സമിതി അംഗങ്ങളുടെയും വലിയ പിന്തുണയോടും നേതൃത്വത്തോടും കൂടെ നടത്തിയ ഏകദിന ധ്യാനം പങ്കെടുത്തവർക്ക് വലിയ അനുഭവം പ്രദാനം ചെയ്തു.

**അറിയിപ്പുകൾ**

**1. പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്**

യൂണിറ്റ് തലത്തിലുള്ള അടുത്ത വർഷത്തേക്കുള്ള പുതിയ ഭാരവാഹികളുടെ ഇലക്ഷൻ **ജൂൺ മാസം 23- ാം തിയ്യതിക്ക് മുൻപായി** നടത്തണമെന്ന് ബഹുമാനപ്പെട്ട വികാരിയച്ചൻമാരോടും യൂണിറ്റ് ആനിമേറ്റേഴ്സ് സിസ്റ്റേഴ്സിനോടും വിനീതമായി അഭ്യർത്ഥിക്കുന്നു.

**തിരഞ്ഞെടുപ്പ് നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. ഭാരവാഹികളെ തിരഞ്ഞെടുക്കുമ്പോൾ വരുന്ന ഒരു വർഷം ഇടവകയിൽ ഉണ്ടായിരിക്കുന്നവരെ (പഠനത്തിനോ ജോലിക്കോ പുറത്തേക്ക് പോകാത്തവരെ) ഭാരവാഹികളായി തിരഞ്ഞെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

2. രണ്ടു വർഷത്തിൽ കൂടുതൽ ഒരു വ്യക്തിക്ക് ഒരേ പദവിൽ തുടരാൻ അനുവാദമില്ല. പ്രത്യേക സാഹചര്യത്തിൽ അനുവാദത്തോടെ മാത്രം ചെയ്യുക. രാഷ്ട്രീയ പാർട്ടികളുടെ പ്രധാന പദവികൾ നിലവിൽ വഹിച്ചുകൊണ്ടിരിക്കുന്നവർക്ക് ഭാരവാഹിത്വം നൽകാൻ പാടില്ല.

3. തിരഞ്ഞെടുക്കേണ്ട പദവികൾ

പ്രസിഡന്റ് (യുവാവ്), വൈസ് പ്രസിഡന്റ് (യുവതി), സെക്രട്ടറി (യുവാവ്), ജോയിന്റ് സെക്രട്ടറി (യുവതി), ട്രഷറർ (യുവാവ്), നാല് എക്സിക്യൂട്ടിവ് മെംബേഴ്സ് (രണ്ടു വീതം യുവാക്കളും യുവതികളും), ഇവരിൽ നിന്നോ മറ്റൊരാളെയോ മേഖല പ്രതിനിധിയായി തിരഞ്ഞെടുക്കേണ്ടതുമാണ്.

4. പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ പോസ്റ്റുകളിലേക്ക് ഡിഗ്രി ലെവലിൽ പഠിക്കുന്നയുവജനങ്ങളെ തിരഞ്ഞെടുക്കാൻ ശ്രദ്ധിക്കുക.

5. ഇടവകയുടെ പ്രവർത്തനത്തിന് കൂടുതൽ പ്രതിനിധികളെ ആവശ്യമാണെങ്കിൽ (ഉദാ. പ്ലസ് വൺ, പ്ലസ് ടു കുട്ടികളുടെ ലീഡർഷിപ്പിനും ഏകീകരണത്തിനും) പാരിഷ് എക്സിക്യൂട്ടീവ് എന്ന നിലയിൽ ആവശ്യമായ പ്രതിനിധികളെ തിരഞ്ഞെടുക്കാം. പക്ഷേ ഫൊറോനയിലോ രൂപതയിലോ അവർക്ക് പ്രാതിനിത്യമോ ഔദ്യോഗികതയോ ഉണ്ടാകില്ല. (ഇടവകയുടെ പ്രവർത്തനങ്ങൾ സുഗമമാക്കാൻ വേണ്ടി മാത്രം)

**2. മേഖല തിരഞ്ഞെടുപ്പുകളുടെ തിയ്യതികൾ**

കോടഞ്ചേരി- ജൂൺ 30 ഞായർ 1.30
തിരുവമ്പാടി- ജൂൺ 30 ഞായർ 3.30
പാറോപ്പടി - ജൂലൈ 7 ഞായർ 1. 30
താമരശ്ശേരി - ജൂലൈ 7 ഞായർ 3. 30
തോട്ടുമുക്കം - ജൂലൈ 14 ഞായർ 1. 30
മലപ്പുറം- ജൂലൈ 14 ഞായർ 3.30
വിലങ്ങാട് - ജൂലൈ 21 ഞായർ രാവിലെ 11.00
മരുതോങ്കര- ജൂലൈ 21 ഞായർ 1. 30

കൂരാച്ചുണ്ട്- ജൂലൈ 21 ഞായർ 3. 30

കരുവാരക്കുണ്ട് - ജൂലൈ 28 ഞായർ രാവിലെ 11. 00

പെരിന്തൽമണ്ണ - ജൂലൈ 28 ഞായർ 2.30

**രൂപത വാർഷികസെനറ്റും രൂപതാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും ആഗസ്റ്റ് മാസം 11 ന് പി. എം. ഒ. സി. യിൽ** നടത്തുന്നതായിരിക്കും.

**3. സമാധാന സന്ദേശ യാത്ര - കാസർഗോഡ് മുതൽ കന്യാകുമാരി വരെ**

യൂത്ത് ഫോർ പീസ് -എന്ന മുദ്രാവാക്യത്തോടെ കാസർഗോഡ് മുതൽ കന്യാകുമാരി വരെ കെ സി വൈ എം സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ സമാധാന സന്ദേശയാത്ര സംഘടിപ്പിടിപ്പിച്ചിരിക്കുന്നു. യാത്രയുടെ ക്രമീകരണ മനുസരിച്ച് ജൂൺ മാസം 10-ാം തിയ്യതി രാവിലെ 8. 30 നാണ് താമരശ്ശേരി രൂപ തയിലൂടെ യാത്ര കടന്നു പോവുക. 45 മിനിറ്റ് നീളുന്ന പൊതുസമ്മേളനത്തിനും സമാധാന സന്ദേശത്തിനും ശേഷമായിരിക്കും അടുത്ത രൂപതയിലേക്ക് പോവു ക. സ്ഥലം പിന്നീട് അറിയിക്കുന്നതായിരിക്കും. ബഹുമാനപ്പെട്ട വികാരിയച്ചൻമാർ അന്നേ ദിവസം യുവജനങ്ങളെ സ്വീകരണസ്ഥലത്തേക്ക് പറഞ്ഞയക്കണമെന്ന് അപേക്ഷിക്കുന്നു.

**4. ജൂൺ 22- യുവജനമധ്യസ്ഥന്റെ തിരുനാൾ - അംഗത്വസ്വീകരണദിനം**

ജൂൺ 22 ശനിയാഴ്ച കെ സി വൈ എം മധ്യസ്ഥനായ വി. തോമസ് മൂറിന്റെ തിരുനാൾ ദിനം യൂണിറ്റുകളിൽ ആഘോഷിക്കുകയും പ്ലസ് വണിലേക്ക് പ്രവേ ശനം നേടിയ പുതിയ കുട്ടികളെ കെ സി വൈ എം ലേക്ക് ഔദ്യോഗികമായി സ്വീകരിക്കുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

**നടത്തേണ്ട ക്രമം**

1. ജൂൺ 22 ശനിയാഴ്ച ആയതിനാൽ 23 ഞായറാഴ്ച ചെയ്യുന്നതായിരിക്കും ഉചിതം.

2. തോമസ് മൂറിന്റെ തിരുനാൾ ആഘോഷത്തിന്റെ ഭാഗമായി വിശുദ്ധന്റെ ലഘു ജീവചരിത്രം (രൂപതയിൽ നിന്ന് നൽകപ്പെടും) ഔദ്യോഗികമായി ചേരുന്ന കെ സി വൈ എം മീറ്റിങ്ങിൽ വായിക്കുകയും തോമസ് മൂറിന്റെ ചിത്രം ദൈവാ ലയത്തിൽ അലങ്കരിച്ചുവെയ്ക്കുകയും ചെയ്യുക.

3. പുതുതായി കെ സി വൈ എം ലേക്ക് കടന്നു വരുന്ന കുട്ടികൾക്ക് ബഹു. യൂണിറ്റ് ഡയറക്ടർമാർ കത്തിച്ച തിരി നൽകി സ്വീകരിക്കുകയും അംഗത്വ രജി സ്റ്ററിൽ പേരു ചേർക്കുകയും 20 രൂപ അംഗത്വ ഫീസ് സ്വീകരിച്ച് യൂണിറ്റ് ഫണ്ടിൽ ചേർക്കുകയും ചെയ്യുക.

4. യൂണിറ്റ് പ്രസിഡന്റ് പുതുതായി കടന്നു വരുന്ന കുട്ടികൾ അംഗത്വ സ്വീകരണ പ്രതിജ്ഞ ചൊല്ലിക്കൊടുക്കുക. (വാട്സ് ആപ്പ് വഴി എത്തിച്ചു തരു ന്നതാണ്.)

5. ഔദ്യോഗികമായ ചടങ്ങിന്റെ രീതികളിൽ മീറ്റിങ് നടത്താവുന്നതാണ്. ഇതോ ടൊപ്പം മറ്റ് ക്രിയേറ്റീവായ രീതികളും ചടങ്ങിൽ സ്വീകരിക്കാവുന്നതുമാണ്.

**5. പെന്തക്കുസ്തദിനാചരണം**

കേരള സഭയിൽ കഴിഞ്ഞ നാളുകളിലുണ്ടായ പ്രശ്നകലുഷിതമായ സാഹചര്യങ്ങൾ കണക്കിലെടുത്തും സഭയിൽ ഒരു പുതിയ പെന്തക്കുസ്ത അനുഭവം ലഭിക്കുന്നതിനു വേണ്ടിയും ഈ വർഷം പെന്തക്കുസ്ത ദിനം സാഘോഷം പ്രാർത്ഥനാപൂർവ്വം ആഘോഷിക്കാനുള്ള വിവിധ ക്രൈസ്തവ സംഘടനകളുടെ തീരുമാനത്തോട് ചേർന്നു നിന്ന് കെ സി വൈ എം യുവജനങ്ങളും പെന്തക്കുസ്ത ആഘോഷമാക്കാൻ പരിശ്രമിക്കുന്നു.

**ആചരിക്കേണ്ടരീതികൾ**

1. മെയ് 30 മുതൽ 9 ദിവസത്തേക്ക് പരിശുദ്ധാത്മാവിന്റെ നൊവേന ചൊല്ലി പ്രാർത്ഥിക്കുക.

2. പെന്തക്കുസ്താ ദിനത്തിൽ 1 മണിക്കൂർ പരിശുദ്ധാത്മ വരദാനത്തിനായി എല്ലാ യൂണിറ്റുകളുടെയും നേതൃത്വത്തിൽ ആരാധന നടത്തുന്നു. (ആരാധനയുടെ കോമൺ ഫോർമാറ്റ് നൽകുന്നതാണ്.)

**6. യൂത്ത് സൺഡേ- ജൂലൈ 7**

കേരളകത്തോലിക്ക സഭയിൽ യുവജനദിനമായി ജൂലൈ 7-ാം തിയ്യതി ഞായറാഴ്ച ആചരിക്കുകയാണ്. കെ സി വൈ എം സംഘടനാ ദിനമായ അന്നേ ദിനം കാര്യക്ഷമമായയി നടത്താൻ എല്ലാ വികാരിയച്ചൻമാരുടെയും പിന്തുണ ആവശ്യപ്പെടുന്നു. പ്രധാന വി. കുർബാനയ്ക്ക് യുവജനങ്ങൾ നേതൃത്വം നൽകുകയും കാഴ്ചവെയ്പ്പ് നടത്തുകയും ചെയ്യുക. എല്ലാ യൂണിറ്റുകളിലും അന്നേ ദിവസത്തെ പ്രധാന ദിവ്യബലിക്കുശേഷം പതാക ഉയർത്തേണ്ടതാണ്.

**ഫണ്ട് റെയ്സിങ് ഡേ**

യുവജനദിനത്തിൽ യൂണിറ്റുകളുടെ നേതൃത്വത്തിൽ കെ സി വൈ എം ഫണ്ട് ഉയർത്തുന്നതിനുവേണ്ട മാർഗങ്ങൾ യൂണിറ്റ് എക്സിക്യൂട്ടിവ്സ് വികാരിയച്ചൻമാരുടെ സാന്നിധ്യത്തിൽ ചർച്ച നടത്തി തീരുമാനിക്കുക. ഫണ്ട് വർദ്ധിപ്പിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ-

1. ഞായറാഴ്ച വിശുദ്ധ കുർബ്ബാനക്കു ശേഷം ഗെയിമുകൾ (മിഷൻ സൺഡേ രീതിയിൽ) സംഘടിപ്പിക്കാവുന്നതാണ്.

2. സൺഡേ ബ്രേക്ക് ഫാസ്റ്റ് കെ സി വൈ എം ന്റെ നേതൃത്വത്തിൽ ഫുഡ് ഫെസ്റ്റായി വിലയ്ക്ക് നൽകാവുന്നതാണ്.

3. യൂത്ത് സൺഡേയോടനുബന്ധിച്ച് പത്രം, ആക്രി സാധനങ്ങൾ ശേഖരിക്കാവുന്നതാണ്.

4. യൂത്ത് ഡേ ചാരിറ്റി- ഇടവകയിലെ സാമ്പത്തിക പ്രതിസന്ധി അർഹിക്കുന്നവർക്ക് സഹായം എത്തിക്കാൻ വികാരിയച്ചൻമാരുമായി ആലോചിച്ച് വീടുകളിലൂടെ കളക്ഷൻ എടുക്കാവുന്നതാണ്.

5. യൂത്ത ഡേ യോടനുബന്ധിച്ച് ഫ്ളാഷ് മോബ് പള്ളിമുറ്റത്ത് സംഘടിപ്പിക്കാവുന്നതാണ്.

യൂത്ത് സൺഡേക്ക് ലഭിക്കുന്ന സ്തോത്രക്കാഴ്ച സംഘടനാപ്രവർത്തന ത്തിനായി നൽകണമെന്ന് ബഹു. വികാരിയച്ചൻമെരെ ഓർമ്മിപ്പിക്കുന്നു. ഈ തുക ഇത്തവണ ഇടവകകളിൽ നിന്ന് നേരിട്ട് കളക്ട് ചെയ്യുന്നതായിരിക്കും.

എല്ലാ വികാരിയച്ചൻമാരുടെയും ആനിമേറ്റേഴ്സിന്റെയും പൂർണ്ണമായ പിന്തുണ ആഗ്രഹിച്ചുകൊണ്ട് സ്നേഹപൂർവ്വം,

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ, കെ സി വൈ എം

## പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

**പി. എം. ഒ. സി. യിൽ വച്ച് നടത്തപ്പെടുന്ന പ്രോഗ്രാമുകൾ :**

1. Diploma course (1 year)
2. Counsiling skills course (10 days)
3. M S C Psychology in Counseling (2 years)
4. Couple Enrichment workshop (2 days)
5. Advanced counseling skills Training (1 week)
6. Alumini meet (1 day)

**മാസ്റ്റർ ഓഫ് സയൻസ് ഇൻ കൗൺസിലിംഗ് സൈക്കോളജി**

J P I -ൽ U G C യുടെ അംഗീകാരമുള്ള രണ്ടു വർഷത്തെ ദൈർഘ്യമുള്ള M S C Counseling Psychology ക്ലാസുകൾ ജൂൺ 9-ാം തീയതി ഞായറാഴ്ച ആരംഭിക്കുന്നു. രാജസ്ഥാനിലെ സിംഗാനിയാ യൂണി വേഴ്സിറ്റിയിൽ അഫലിയേറ്റഡ് ആണ് ഈ കോഴ്സ്.

**ഡിപ്ലോമ കോഴ്സ് (1 year)**

ക്രിസ്ത്യൻ ചെയറിന്റെ കീഴിലുള്ള അഡ്വാൻസ്ഡ് ഡിപ്ലോമ **(ADCP)** കോഴ്സ് വളരെ വിജയകരമായി മുന്നോട്ടു പോകുന്നു. അഞ്ചും, ആറും ബാച്ചിലെ വിദ്യാർത്ഥികൾ രണ്ടും മൂന്നും സെമസ്റ്റർ പരീക്ഷക്കായി ഒരുങ്ങുന്നു. ഏഴാമത്തെ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

**കൗൺസിലിംഗ് സ്കിൽസ് കോഴ്സ് ( 10 days )**

വ്യക്തിബന്ധങ്ങളെ അമൂല്യമായി കരുതുന്നവർക്ക് തങ്ങളെതന്നെ മനസ്സിലാക്കി സ്വയം വളരുവാനും, മറ്റുള്ളവരുടെ മാനസ്സീക വളർച്ചയിൽ

സഹായിക്കുവാനും ഉപകരിക്കുന്ന ഒരു കോഴ്സാണിത്. ഏപ്രിലും മെയ് മാസത്തിലും 14 ഉം 15 ഉം ബാച്ചുകളിലായി 55 ഓളം പേർ ഈ കോഴ്സിൽ പങ്കെടുക്കുകയും, തങ്ങളുടെ വ്യക്തി ജീവിതത്തിലും സമൂഹ ജീവിത ത്തിലും വളരെ ഉപകാരപ്രദമായി ഈ കോഴ്സ് എന്ന് അഭിപ്രായ പ്പെടുകയുണ്ടായി.

**ഫാ. കുര്യൻ പുരമഠം**

ഡയറക്ടർ, ജോൺപോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# മാതൃവേദി

**രൂപതാദിനാഘോഷം**

രൂപതാദിനാഘോഷ പരിപാടികളിൽ രൂപതാ ഭാരവാഹികളും അംഗങ്ങളും പങ്കെടുത്തു. ശ്രീമതി ഷാനി സണ്ണി മാതൃവേദി പ്രതിനിധിയായി സംസാരിച്ചു.

**നന്ദി പ്രാർത്ഥനകൾ**

മാതൃവേദിയുടെ മേഖല ഡയറക്ടർ ഫാ. ബിനു മുട്ടത്തുകുടിയും വിലങ്ങാട് മേഖല ഡയറക്ടർ ഫാ. ബോബി മഴുവഞ്ചേരിയും സ്തുത്യർഹമായ സേവനങ്ങൾക്കു ശേഷം പുതിയ ഇടവകകളിലേക്ക് സ്ഥലംമാറിയിരിക്കുന്നു. മാതൃവേദിക്കുവേണ്ടി ചെയ്ത സേവനങ്ങൾക്ക് രൂപതാസമിതിയും മാതൃവേദിയും ഹൃദ്യമായ നന്ദി അറിയിക്കുന്നു. പുതിയ ശുശ്രൂഷാ മേഖലകളിൽ ദൈവാനുഗ്രഹം പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**രചനാ മത്സരങ്ങൾ**

മാതൃവേദിയുടെ നേതൃത്വത്തിൽ എല്ലാ മേഖലകളിലും വിവിധ ഇനങ്ങളിൽ രചനാമത്സരം നടന്നു. പങ്കെടുത്ത എല്ലാവർക്കും നേതൃത്വം നൽകിയ മേഖലസമിതിക്കും ഒത്തിരി നന്ദി.

**ഫാ. സൈമൺ കിഴക്കേക്കുന്നേൽ**

ഡയറക്ടർ, മാതൃവേദി

**ഏപ്രിൽ മാസം**
**പ്രഥമ വ്രതവാഗ്ദാനം നടത്തിയ**
**സി. ബിജില SABS ന്**
**താമരശ്ശേരി രൂപതയുടെ**
**എല്ലാവിധ**
**പ്രാർത്ഥനാശംസകളും നേരുന്നു.**



# ഫാമിലി അപ്പോസ്റ്റലേറ്റ്

മേയ് 06-09 തീയ്യതികളിൽ പി.എം.ഒ.സി -യിൽ വച്ച് പ്രീ-കാനാ കോഴ്സ് നടത്തി. വിവിധ രൂപതകളിൽ നിന്നായി 84 പേർ പങ്കെടുത്തു. ഫാ. ജോസ് പെണ്ണാപറമ്പിൽ, ഫാ. ബെന്നി മുണ്ടനാട്ട്, ഫാ. ജോർജ്ജ് കളപ്പുര, ഫാ. റോയി തേക്കുംകാട്ടിൽ, ഫാ. റോണി പോൾ കാവിൽ, ഫാ. വിൽസൺ മൂട്ടത്തുകുന്നേൽ, ഫാ. അരുൺ വടക്കേൽ, ഡോ. അബ്രാഹം ജേക്കബ്, പ്രൊഫ. ചാക്കോ കാളംപറമ്പിൽ, അസിസ്റ്റന്റ് ട്രാഫിക് കമ്മീഷണർ രാജു മാത്യു, മിസ്സിസ് ഷാന്റി ജോസ്, മിസ്സിസ് ഷിജി സോജൻ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഫാ. അജി പുതിയാപറമ്പിലിന്റെ നേതൃത്വത്തിൽ ഫാമിലി ചാറ്റ് നടത്തി. കോഴ്സിന്റെ അവസാനദിവസം മാതാപിതാക്കൾക്ക് ഫാ. ജോസ് പെണ്ണാപറമ്പിൽ, പ്രൊഫ. ചാക്കോ കാളംപറമ്പിൽ എന്നിവർ ക്ലാസുകൾ എടുത്തു. 150 - ഓളം മാതാപിതാക്കൾ പങ്കെടുത്തു. ക്ലാസ്സ് 1 മണിയോടെ അവസാനിച്ചു. എസ്.എച്ച്., എം.എസ്.ജെ, സന്ന്യാസിനി സമൂഹങ്ങളിലെ സിസ്റ്റേഴ്സ് കൗൺസിലിംഗിനു നേതൃത്വം നല്കി.

**അടുത്ത പ്രീ - കാനാ കോഴ്സുകൾ**

ജൂൺ 03-06 , ജൂലൈ 08-11

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്

# മരിയൻ പ്രോ - ലൈഫ് മൂവ്മെന്റ്

**പ്രോ- ലൈഫ് മൂവ്മെന്റ് മലബാർ മേഖലാ സംഗമം**

കെ.സി.ബി.സി പ്രോ-ലൈഫ് മലബാർ മേഖലാ സമിതിയുടെ ആഭിമുഖ്യത്തിൽ മേഖലാ സംഗമം നടത്തുകയുണ്ടായി. കോഴിക്കോട് ചേവായൂർ നിത്യസഹായമാതാ പള്ളിയിൽ വച്ച് നടന്ന സംഗമത്തിൽ സീറോ മലബാർ, സീറോ മലങ്കര, ലത്തീൻ എന്നീ റീത്തുകളിൽപ്പെട്ട മലബാറിലെ 7 രൂപതകളിൽനിന്ന് ഫാമിലി അപ്പോസ്റ്റലേറ്റ്, പ്രോ-ലൈഫ് ഡയറക്ടർമാരും പ്രതിനിധികളും പങ്കെടുക്കുകയും മേഖലയുടെ പ്രോ-ലൈഫ് പ്രവർത്തനങ്ങൾക്ക് ശക്തി പകരുന്നതിന് നാനാവിധ വിഷയങ്ങളെക്കുറിച്ച് ചർച്ചചെയ്ത് തീരുമാനമെടുക്കുകയും ചെയ്തു. സമ്മേളനത്തിൽ മലബാർ മേഖലാ ഡയറക്ടർ ഫാദർ ജോസ് പെണ്ണാപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. മേഖലാ പ്രസിഡന്റ് ശ്രീ. സാലു അബ്രാഹം, ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ (തലശ്ശേരി), ഫാ. ലാൽ കാവിൽപറമ്പിൽ (കോഴിക്കോട്), ഫാ. ജെയിംസ് മലേപറമ്പിൽ (ബത്തേരി), സംസ്ഥാന ഓർഗനൈസിംഗ്

സെക്രട്ടറി ഷിബു ജോൺ, മേഖലാ ആനിമേറ്റർ സി. പ്രിൻസി, മേഖലാ സെക്രട്ടറി ഡോ. ഫ്രാൻസിസ്, ഡോ. സന്തോഷ് സ്ക്കറിയ, സി. ടെസ്സി എസ്.എച്ച്, കരോൾ ജോൺ, ദിലീപ് മാത്യു എന്നിവർ നേതൃത്വം നൽകി.

**മരിയൻ പ്രോ- ലൈഫ് മൂവ്മെന്റ് എക്സിക്യൂട്ടീവ് മീറ്റിംഗ്**

താമരശ്ശേരി രൂപതാ മരിയൻ പ്രോ- ലൈഫ് മൂവ്മെന്റ് എക്സിക്യൂട്ടീവ് മീറ്റിംഗ് തിരുവാമ്പാടിയിൽ വച്ച് നടന്നു. രൂപതാ ഡയറക്ടർ ഫാദർ ജോസ് പെണ്ണാപറമ്പിൽ, രൂപതാ പ്രസിഡണ്ട് സജീവ് പുരയിടത്തിൽ, സെക്രട്ടറി വിനോദ് വെട്ടത്ത്, രൂപതാ ആനിമേറ്റർ സി. റോസ് മരിയ സി.എം.സി., ഡോ. ബെസ്റ്റി ജോസ്, ഡോ. സന്തോഷ് സ്ക്കറിയ, മാർട്ടിൻ തെങ്ങുംത്തോട്ടത്തിൽ, തങ്കച്ചൻ പുരയിടത്തിൽ, ആന്റപ്പൻ മാസ്റ്റർ, സുബിൻ തയ്യിൽ, ഗോഡ്വിൻ നീണ്ടുകുന്നേൽ എന്നിവർ പങ്കെടുത്തു. രൂപതയുടെ നേതൃത്വത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന അവിവാഹിതരുടെ സംഗമത്തെക്കുറിച്ചും എല്ലാവർക്കും ഭക്ഷണം എന്ന മന്നാ പ്രോഗ്രാമിനെക്കുറിച്ചും BLS (Basic Life Support) പ്രോഗ്രാമിനെക്കുറിച്ചും കുടുംബവിഷയത്തിൽ രൂപതയിൽ ചെയ്യാൻ കഴിയുന്ന വിവിധ പ്രോഗ്രാമിനെക്കുറിച്ചും യോഗത്തിൽ ചർച്ചചെയ്തു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**

ഡയറക്ടർ, മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

## ആൽഫമരിയ അക്കാദമി

**യൂ.പി., ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്കായുള്ള സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സുകൾ**

താമരശ്ശേരി രൂപതയുടെ കീഴിലുള്ള ആൽഫമരിയ അക്കാദമിയിൽ യൂപി., ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്കായി നടത്തി വരുന്ന സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷ ആൽഫയുടെ കുന്ദമംഗലം, തിരുവമ്പാടി, കോടഞ്ചേരി, കൂരാച്ചുണ്ട് സെന്ററുകളിൽ വച്ച് മെയ് 21 ന് ചൊവ്വാഴ്ച രാവിലെ 10 മണിക്ക് നടന്നു. ആറാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള വിദ്യാർത്ഥികളാണ് പരീക്ഷയിൽ പങ്കെടുത്തത്. ജൂൺ മാസം മുതൽ ക്ലാസുകൾ ആരംഭിക്കുന്നു. ഞായറാഴ്ചകളിൽ 2.30 മുതൽ 5.30 വരെയാണ് ക്ലാസുകൾ. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 0495-2252180, 2800440, 9496283875, 8848690641, 9400383034

**സിവിൽ സർവ്വീസ് ഓറിയന്റേഷൻ സെമിനാറും സ്ക്കോളർഷിപ്പ് ടെസ്റ്റും**

കുന്ദമംഗലത്ത് പ്രവർത്തിക്കുന്ന ആൽഫ ഏ.എൽ.എസ് അക്കാദമിയിൽ സിവിൽ സർവ്വീസ് ഓറിയന്റേഷൻ സെമിനാറിന് പ്രശസ്ത സിവിൽ സർവ്വീസ്

പരിശീലകനും ഏ.എൽ.എസ് ഡയറക്ടറുമായ ശ്രീ. ജോജോ മാത്യു സെമിനാറിന് നേതൃത്വം നൽകി. ഒരു വർഷത്തെ പരിശീലനവും ഡിഗ്രി വിദ്യാർത്ഥികൾക്കുള്ള മൂന്ന് വർഷത്തെ സ്മാർട്ട് ഐ.എ.എസ്. ഫൗണ്ടേഷൻ പ്രോഗ്രാം ജൂൺ ആദ്യ വാരം ആരംഭിക്കും. വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

**എസ്.എസ്.എൽ.സി., പ്ലസ് ടൂ പരീക്ഷയിൽ മികച്ച വിജയം**

തിരുവമ്പാടി ആൽഫാ അക്കാദമിയിൽ നിന്നും ഇത്തവണ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ 27 കുട്ടികൾക്ക് ഫുൾ A+ ഉം 9 കുട്ടികൾക്ക് 9 A+ ഉം, 7 കുട്ടികൾക്ക് 8 A+ ഉം ഹയർ സെക്കണ്ടറി വിഭാഗത്തിൽ 10 കുട്ടികൾക്ക് ഫുൾ A+ ഉം 13 കുട്ടികൾക്ക് 90% ത്തിന് മുകളിൽ മാർക്കും ലഭിച്ചു.

**+1 & +2 അഡ്മിഷൻ (എൻട്രൻസ് പരിശീലനവും ട്യൂഷനും)**

+2 സയൻസ് എൻട്രൻസ് ഓറിയന്റഡ് ട്യൂഷൻ ക്ലാസുകൾ ഏപ്രിൽ 4 നും +1 സയൻസ് ക്ലാസുകൾ മെയ് 8 നും ആൽഫായുടെ തിരുവമ്പാടി സെന്ററിൽ ആരംഭിച്ചു. ബ്രില്ല്യന്റ് സ്റ്റഡി സെന്റർ പാലായുടെ ഗൈഡൻസിലും നിയന്ത്രണത്തിലുമാണ് ക്ലാസുകൾ നടക്കുന്നത്.

**ഹൈസ്ക്കൂൾ ട്യൂഷൻ (Kerala, CBSE & ICSE)**

2019-2020 ലേക്കുള്ള 10-ാം ക്ലാസിലേക്കുള്ള ട്യൂഷൻ അഡ്മിഷൻ ഏപ്രിൽ 8 നും 9-ാം ക്ലാസിലേക്കുള്ള ട്യൂഷൻ ക്ലാസുകൾ മെയ് 13 നും ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്കും അഡ്മിഷനും 0495-2252180,8547153669 നമ്പറുകളിൽ ബന്ധപ്പെടുക.

**ആൽഫയിൽ പ്രീ- റിക്രൂട്ട്മെന്റ് ട്രെയിനിംഗ്**

താമരശ്ശേരി രൂപതയുടെ കീഴിലുള്ള ആൽഫ മരിയ അക്കാദമിയുടെ തിരുവമ്പാടി സെന്ററിൽ പ്രീ-റിക്രൂട്ട്മെന്റ് ട്രെയിനിംഗ് ആരംഭിക്കുന്നു. ആർമിയിലും കേന്ദ്ര സേനകളിലും പോലീസിലും ജോലി ആഗ്രഹിക്കുന്ന 17 നും 23 നും ഇടയിൽ പ്രായമുള്ള പുരുഷന്മാർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്. തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 6.30 മുതൽ 8 മണിവരെ തിരുവമ്പാടി ഹൈസ്കൂൾ ഗ്രൗണ്ടിൽ കായിക പരിശീലനവും ശനിയാഴ്ചകളിൽ ആൽഫ സെന്ററിൽ ക്ലാസുകളും ഉണ്ടായിരിക്കും. ആർമിയിലും കേന്ദ്ര സേനകളിലും ആയിരക്കണക്കിന് ഒഴിവുകൾ വർഷം തോറും ഉണ്ടാകുന്നത് ഉദ്യോഗാർത്ഥികളുടെ ജോലി സാധ്യത വർദ്ധിപ്പിക്കുന്നു. മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകളും ആനുകൂല്യ ങ്ങളും ഈ മേഖലയിലേക്ക് യുവജനങ്ങളെ ആകർഷിക്കുന്നു. കോഴ്സിന് പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ആൽഫയുടെ തിരുവമ്പാടി സെന്ററിൽ പേര് രജിസ്റ്റർ ചെയ്യുക. ഫോൺ : 0495 2252180.

**ഫാ. തോമസ് പുതിയാപറമ്പിൽ,**
ഡയറക്ടർ, ആൽഫ മരിയ അക്കാദമി

# വിൻസെന്റ് ഡി പോൾ

ദേവഗിരി ഏരിയാ കൗൺസിൽ, കുണ്ടായിത്തോട് സെന്റ് ഫ്രാൻസിസ് കോൺഫ്രൻസിന്റെ 20-ാം വാർഷികം പാരിഷ് ഹാളിൽ വെച്ച് വികാരി ഫാ. ജോസ് കുന്നേൽ ഉദ്ഘാടനം ചെയ്തു. യോഗത്തിൽ പ്രസിഡണ്ട് ബ്രദർ ബാബു ലാസർ, കോൺഫ്രൺസിന്റെ ആദ്യത്തെ പ്രസിഡണ്ട് ബ്രദർ ആന്റണി മോഴിക്കാട് തുടങ്ങിയവർ പ്രസംഗിച്ചു. മരണം മൂലം വേർപെട്ടുപോയ സൊസൈറ്റിയുടെ മുൻ അംഗങ്ങളെ ഓർത്തു പ്രാർത്ഥിച്ചു. തുടർന്ന് ഇടവകാംഗങ്ങൾക്ക് മധുരം വിതരണം ചെയ്തു.

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ യുവ ജനങ്ങൾക്കുവേണ്ടി പുല്ലൂരാംപാറ , ബദാനിയായിൽവെച്ച് കരിയർ ഗൈഡൻസ് സംഘടിപ്പിച്ചു. പ്ലസ് ടു കഴിഞ്ഞവരുടെ അഭിരുചിക്കനുസരിച്ച് തുടർ പഠനത്തിനായി ഏതെല്ലാം കോഴ്സുകൾ തിരഞ്ഞെടുക്കാം എന്ന് ശില്പശ ാലയിൽ പങ്കെടുത്ത പ്രമുഖ വ്യക്തികൾ വിശദീകരിച്ചു. വിദ്യാർത്ഥികളും മാതാപിതാക്കളും അടക്കം 300 പേർ പങ്കെടുത്ത ശില്പശാല ഫൊറോന വികാരി ബഹു. ജോസ് ഓലിയക്കാട്ടിലച്ചൻ ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ പങ്കെടുത്ത സൊസൈറ്റിയുടെ വൈസ് പ്രസിഡണ്ടുമാരായ ബ്രദർ സിറിയക് പാലംതട്ടേലും, ബ്രദർ ഡോ. ഐസക് പാറൻകുളങ്ങരയും പ്രസംഗിച്ചു.

കൂടരഞ്ഞി ഏരിയാ കൺസിലിന്റെ പ്രസിഡണ്ടായിരുന്ന ബ്രദർ കുര്യാച്ചൻ പരവൻകുന്നേൽ കാലാവധി പൂർത്തിയാക്കിയതിനെത്തുടർന്ന്, സെൻട്രൽ കൗൺസിൽ വൈസ് പ്രസിഡണ്ട് ബ്രദർ ഡോ. ഐസക് പാറൻകുളങ്ങരയുടെ മേൽ നോട്ടത്തിൽ നടന്ന തിരഞ്ഞെടുപ്പിൽ പുതിയ പ്രസിഡണ്ടായി ബ്രദർ ജോയി വർഗ്ഗീസ് കോറ്റനാൽ തെരഞ്ഞെടുക്കപ്പെട്ടു.

തിരുവമ്പാടി ഏരിയാ കൗൺസിൽ പ്രസിഡണ്ട് ബ്രദർ ജോൺ പുതിയാമഠത്തിൽ കാലാവധി പൂർത്തിയാക്കിയതിനെത്തുടർന്ന് സെൻട്രൽ കൗൺസിലിന്റെ വൈസ് പ്രസിഡണ്ട് ബ്രദർ ഡോ. ഐസക് പാറൻകുളങ്ങരയുടെ മേൽനോട്ടത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ ബ്രദർ അബ്രഹാം കുമ്പ്ളാനിക്കൽ പുതിയ ഏരിയാ കൗൺസിൽ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. തോട്ടുമുക്കം ഏരിയാ കൗൺസിൽ പ്രസിഡണ്ട് ബ്രദർ സെബാസ്റ്റ്യൻ പാലക്കൽ കാലാവധി പൂർത്തിയാക്കിയതിനെത്തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ ബ്രദർ ബിജു ആനിത്തോട്ടത്തിൽ പുതിയ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു.

17-05-2019 ശനിയാഴ്ച ദേവഗിരി ഒസ്സാനാം ഭവനിൽ നടന്ന രൂപതാ സെൻട്രൽ കൗൺസിലിന്റെ യോഗത്തിൽവെച്ച് കാലാവധി പൂർത്തിയാക്കിയ ഏരിയാ കൗൺസിൽ പ്രസിഡണ്ടുമാരായ ബ്രദർ ജോൺ പുതിയാമഠത്തിൽ, തിരുവമ്പാടി, ബ്രദർ കുര്യാച്ചൻ പരവൻകുന്നേൽ കൂടരഞ്ഞി, തോട്ടുമുക്കം

ഏരിയാ കൗൺസിൽ പ്രസിഡണ്ട് സെബാസ്റ്റ്യൻ പാലക്കൽ എന്നിവരുടെ സേവനങ്ങളെ പ്രകീർത്തിച്ച് സി.സി പ്രസിഡണ്ട് , സീനിയർ വൈസ് പ്രസിഡണ്ട്, മുൻ സെക്രട്ടറി ബ്രദർ ജെയിംസ് തുടങ്ങിയവർ സംസാരിച്ചു.

**ബ്രദർ തോമസ് പുലിക്കോട്ടിൽ**
സി.സി പ്രസിഡണ്ട്, സെന്റ് വിൻസെന്റ് പോൾ സൊസൈറ്റി

## മദ്യവിരുദ്ധ സമിതി

**രൂപതാദിനാഘോഷം**

രൂപതാദിനാഘോഷത്തിൽ സമിതി ഭാരവാഹികളും പ്രവർത്തകരും പങ്കെടുത്തു. പ്രസിഡന്റ് ശ്രീ കുര്യൻ ചെമ്പനാനി വേദിയിൽ സന്നിഹിതനായിരുന്നു.

**സമ്മാന കൂപ്പൺ - സമ്മനവിതരണം**

സമ്മാനകൂപ്പൺ നറുക്കെടുപ്പിൽ വിജയികളായി തെരഞ്ഞെടുക്കപ്പെട്ട ഒന്നും, രണ്ടും, മൂന്നും വിജയികൾക്കുള്ള സമ്മാനം കൂരാച്ചുണ്ടിൽ വച്ച് അഭിവന്ദ്യ മാർ റെമീജിയോസ് പിതാവ് വിതരണം ചെയ്തു. പ്രോത്സാഹന സമ്മാനങ്ങൾ ഇടവകകൾ തോറും വിതരണം ചെയ്തു.

**മദ്യവിരുദ്ധ സമിതിക്ക് പുതിയ ഡയറക്ടർ**

മദ്യവിരുദ്ധ സമിതിയുടെ പുതിയ ഡയറക്ടറായി ബഹു. ഫാ. സോണി കപ്പിലുമാക്കൽ നിയമിതനായി.ഈ സമിതിക്ക് കഴിഞ്ഞ നാളുകളിൽ ശക്തമായ നേതൃത്വം നൽകിയ ബഹു. സൈമൺ കിഴക്കേക്കുന്നേലച്ചനെ നന്ദിയോടെ ഓർക്കുന്നു.

**ഫാ. സോണി കപ്പിലുമാക്കൽ**
ഡയറക്ടർ, മദ്യവിരുദ്ധസമിതി

## പാലിയേറ്റീവ് കെയർ

**രൂപതാദിനാഘോഷം**

താമരശ്ശേരി രൂപതാദിനാഘോഷത്തിൽ രൂപതാഭാരവാഹികളും പ്രവർത്തകരും പങ്കെടുത്തു. പ്രസിഡന്റ് ശ്രീ. ജേക്കബ് പടലോടി വേദിയിൽ സന്നിഹിതനായിരുന്നു.

**മൊബൈൽ ക്ലീനിക്ക്**

രൂപതയുടെ സഞ്ചരിക്കുന്ന രോഗീപരിചരണ സംവിധാനമായ മൊബൈൽ ക്ലീനിക് നിസ്തുലമായ സേവനത്തിന്റെ പതിനഞ്ച് മാസങ്ങൾ പിന്നിടുകയാണ്. ഇതിന്റെ പ്രവർത്തനത്തിൽ സഹകരിച്ചുകൊണ്ടിരുന്ന വൈദികർക്കും

സിസ്റ്റേഴ്സിനും അത്മായർക്കും സ്റ്റാഫ് അംഗങ്ങൾക്കും സംഘടനാഭാരവാഹികൾക്കും രോഗികൾക്കും നന്ദി അറിയിക്കുന്നു.

**പാലിയേറ്റീവ് കെയറിന് പുതിയ ഡയറക്ടർ**

അൽഫോൻസാ പാലിയേറ്റീവ് കെയറിന്റെ പുതിയ ഡയറക്ടറായി ബഹു. ഫാ. മനോജ് പ്ലാക്കുട്ടത്തിൽ നിയമിതനായി. പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് നാളിതുവരെ ചുക്കാൻ പിടിച്ച ബഹു. സൈമൺ കിഴക്കേക്കുന്നേലച്ചന് നന്ദിയും പ്രാർത്ഥനാശംസകളും നേരുന്നു.

**ഫാ. മനോജ് പ്ലാക്കുട്ടത്തിൽ**
ഡയറക്ടർ, അൽഫോൻസ പാലിയേറ്റീവ് കെയർ

## പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട്

2019 മെയ് 12, 13 മെയ് 19,20 ദിവസങ്ങളിലായി വി.കുർബ്ബാനയിലെ പ്രത്യേക ശുശ്രൂഷകരായ (Extra Ordinary Ministers of Holy Communion) സിസ്റ്റേഴ്സിനുള്ള സെമിനാർ പി.എം.ഒ.സി യിൽ വച്ച് നടത്തുകയുണ്ടായി. ആദ്യത്തെ ബാച്ചിൽ 160 പേരും രണ്ടാമത്തെ ബാച്ചിൽ 122 പേരും പങ്കെടുത്തു.

അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഈ സെമിനാറിന്റെ ലക്ഷ്യത്തേയും ആവശ്യകതയേയും കുറിച്ച് സംസാരിച്ചു. പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ റവ.ഡോ.തോമസ് കളരിക്കൽ സ്വാഗതം ചെയ്തു സംസാരിച്ചു. 12-ാം തിയതി ആരംഭിച്ച സെമിനാർ സി.എം.ഐ പ്രൊവിഷ്യൽ, റവ.ഡോ. തോമസ് തെക്കേലും, രണ്ടാമത്തെ സെമിനാർ അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവും ഉദ്ഘാടനം ചെയ്തു. പി.എം.ഒ.സി ഡയറക്ടർ റവ.ഫാ.ജോർജ്ജ് കളപ്പുരക്കൽ ആശംസകൾ നേർന്നു.

തുടർന്ന് റവ. ഡോ. ആന്റണി നരികുളം ക്ലാസ്സുകൾ നയിച്ചു. റവ.ഡോ.കുര്യൻ പുരമഠം നയിച്ച ചർച്ചാ ക്ലാസ്സും, ധ്യാനവും, എസ്സ് . എച്ച് പ്രൊവിഷ്യൽ റവ. സി. എൽസീന എസ്സ് . എച്ചും, എം.എസ്.എം.ഐ പ്രൊവിഷ്യൽ റവ.സി. ഡെൽസി എം.എസ്.എം.ഐ ഉം, പി.എം.ഒ.സി ഡയറക്ടർ റവ. ഫാ. ജോർജ്ജ് കളപ്പുരക്കലും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്ത്, സെമിനാറുകൾക്ക് സമാപനം കുറിച്ചു.

പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ടിലെ റവ.സി.ഷൈജി മാത്യുവിനോടൊപ്പം റവ.സി. റെജീന എസ്.എഫ് .എൻ, റവ.സി. സെലിൻ ജോസ് എസ്സ് . എച്ച്, റവ. സി. ജൂഡിയ ഡി.പി.എം.റ്റി , ശ്രീമതി ഡയ്സി ജോർജ്ജ്, ശ്രീ. ജോർജ്ജ് കുടിയിരിക്കൽ എന്നിവരും സെമിനാറിനു വേണ്ട ക്രമീകരണങ്ങൾ നടത്തി.

ഒരു വർഷക്കാലം പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ സമുചിതമായി സേവനം ചെയ്ത് തലശ്ശേരി അതിരൂപതയിലെ മണ്ടളം പ്രസന്റേഷൻ

കോൺവെന്റിലേക്ക് സ്ഥലം മാറിപ്പോകുന്ന ബഹു.സി.ഷൈജി മാത്യുവിന് സ്നേഹ പൂർവ്വകമായ പ്രാർത്ഥനാശംസകളും നന്ദിയും.

വി.കുർബ്ബാനയുടെ പ്രത്യേക ശുശ്രൂഷകൾക്കായുള്ള അടുത്ത സെമിനാർ 2019 സെപ്റ്റംബർ 12, 13 (വ്യാഴം, വെള്ളി) തീയ്യതികളിലായി നടക്കുന്നു. ഇതുവരെയുള്ള സെമിനാറിൽ പങ്കെടുക്കാത്തവർ ഈ അവസരം ഉപയോഗിക്കണമെന്ന് ഏറെ സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു.

അഡ്വാൻസ്ഡ് ഡിപ്ലോമ കോഴ്സിലേക്കുള്ള രണ്ടാമത്തെ ബാച്ചിലെ അഡ്മിഷൻ ആരംഭിച്ചു. 40 പേർക്കായിരിക്കും അവസരം. താല്പര്യമുള്ളവർ popebenedictinstitute@gmail.com എന്ന email വിലാസത്തിലോ, Director, Pope Benedict Institute, PMOC, Merikkunnu, Calicut -12 എന്ന വിലാസത്തിലോ അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9656199790, 9656819790 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

ഫാ. തോമസ് കളരിക്കൽ
ഡയറക്ടർ, പോപ്പ് ബനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട്

# കെ.എൽ.എം വാർത്തകൾ

**മെയ്ദിനാഘോഷവും സ്കോളർഷിപ്പ് വിതരണവും**

2019 മെയ് 1-ാം തിയ്യതി താമരശ്ശേരി മേരിമാതാ കത്തീഡ്രൽ പാരിഷ് ഹാളിൽ വച്ച് മെയ്ദിനാഘോഷം നടത്തപ്പെട്ടു. കേരള ലേബർ മൂവ്മെന്റ് സ്റ്റേറ്റ് വൈസ് പ്രസിഡന്റ് ശ്രീ. സ്റ്റീഫൻ കൊട്ടാരത്തിൽ സ്വാഗതം ആശംസിച്ച പ്രസ്തുത പരിപാടിയ്ക്ക് മലബാർ ലേബർ മൂവ്മെൻറ് ഡയറക്ടർ ബഹു. ഫാ.ജയ്സൺ കാരക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. താമരശ്ശേരി മേരി മാതാ കത്തീഡ്രൽ ഇടവക വികാരി ഫാ. മാത്യു മാവേലി ഉദ്ഘാടനം ചെയ്ത പ്രസ്തുത മീറ്റിംഗിൽ ഫാ.ജോസ് മേലേട്ടുകൊച്ചിയിൽ (ഡയറക്ടർ, ലിസ്സ കോളേജ് ഓഫ് സോഷ്യൽ വർക്ക് - കൈതപ്പൊയിൽ) മെയ്ദിന സന്ദേശം നല്കി. തുടർന്ന് സ്കോളർഷിപ്പ് വിതരണം നടത്തി. ശ്രീമതി. മേരിക്കുട്ടി ജോസ് ഏലംകുന്നേൽ (വൈസ് പ്രസിഡന്റ്, മലബാർ ലേബർ മൂവ്മെൻറ്) ആശംസ അർപ്പിക്കുകയും ചെയ്തു. കേരള ലേബർ മൂവ്മെന്റിലെ അംഗങ്ങൾക്കായി നടത്തിയ ഉപന്യാസ രചന മത്സര വിജയികൾക്കും കുട്ടികൾക്കായി നടത്തിയ ചിത്ര രചന മത്സര വിജയികൾക്കും സമ്മാന വിതരണം നടത്തി. ഉപന്യാസ രചന മത്സര വിജയികൾ ഒന്നാം സമ്മാനം ശ്രീമതി. എൽസി ബേബി കുട്ടിക്കാട്ട് (ചക്കിട്ടപാറ സെന്റ് ആന്റണീസ് ഇടവകാംഗം). രണ്ടാം സമ്മാനം സിനി ഫ്രാൻസിസ് മണ്ടപത്തിൽ (തിരുവമ്പാടി സേക്രട്ട് ഹാർട്ട് ഇടവകാംഗം). ചിത്ര രചന മത്സര വിജയികൾ ഒന്നാം സമ്മാനം ശ്രീ. പവിൻ ജിജി ചക്കുംമൂട്ടിൽ (തിരുവമ്പാടി സേക്രട്ട് ഹാർട്ട് ഇടവകാംഗം). രണ്ടാം സമ്മാനം ശ്രീ. ഡാനിയൽ വിൻസന്റ് മുള്ളനാനിക്കൽ (ചക്കിട്ടപാറ സെന്റ്

ആന്റണീസ് ഇടവകാംഗം). കേരള ലേബർ മൂവ്മെന്റിലെ അംഗമായിരുന്ന ശ്രീമതി ലിസ്സി മാനുവൽ ഞെഴുകുംകാട്ടിൽ ( കുണ്ടുതോട് ഇടവകാംഗം), ഇവരുടെ കുടുംബത്തിന് മരണാനന്തര സഹായവും നല്കി. ശ്രീ. ജോസഫ് മാത്യു കല്ലടിയിലിന്റെ (മലബാർ ലേബർ മൂവ്മെൻറ് എക്സികുട്ടീവ് മെമ്പർ) നന്ദിയോടെ പ്രസ്തുത പരിപാടി സമാപിച്ചു.

**ഫാ. ജെയ്സൺ കാരക്കുന്നേൽ**
ഡയറക്ടർ, കെ.എൽ.എം

# കരിസ്മാറ്റിക് മൂവ്മെന്റ്

മാതൃരാജ്യത്തിനും തിരുസഭയ്ക്കുംവേണ്ടിയുള്ള ശക്തമായ മദ്ധ്യസ്ഥ പ്രാർത്ഥനകൾ ഉയരുന്ന ഒരു കാലഘട്ടത്തിൽ കൂടിയാണ് കരിസ്മാറ്റിക് നവീകരണമുന്നേറ്റം കടന്നു പോകുന്നത്. 2019 മെയ് മാസത്തെ പ്രധാന പ്രവർത്തനങ്ങൾ താഴെ വിവരിക്കുന്നു.

## 1. KST പുനഃസംഘടന

ബഹു. ഫാ. വർഗീസ് മുണ്ടക്കൽ OFM Cap. ന്റെ നേതൃത്വത്തിലുണ്ടായിരുന്ന കേരള സേവന സമതിയുടെ കാലാവധി അവസാനി ച്ചതിനെ തുടർന്ന് പുതിയ നേതൃത്വത്തെ തെരഞ്ഞെടു ക്കുന്നതിനായി കേരള ഉപദേശക സമിതി , നവീകരണ മുന്നേറ്റത്തിന്റെ ആസ്ഥാനമായ എമ്മാവൂസിൽ യോഗം ചേർന്ന് പുനഃസംഘടന നടത്തി. അങ്കമാലി സോണിന്റെ ആനിമേറ്ററായിരുന്ന ബഹു. ഫാ. ജോസഫ് താമരവെളി ചെയർമാനും സെബാസ്റ്റ്യൻ ജോസ് താന്നിക്കൽ വൈസ് ചെയർമാനും, പ്രൊഫ. കൊച്ചുറാണി ജോസഫ് സെക്രട്ടറിയുമായുള്ള 9 അംഗ സേവന സമിതിയെ തെരഞ്ഞെടുക്കുകയും മെയ് 9-ാം തീയതി ഉത്തരവാദി ത്വമേറ്റെടുക്കുകയും ചെയ്തു. KSTBC കരിസ്മാറ്റിക് കമ്മീഷൻ അംഗ ങ്ങളായ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവും (പത്തനംതിട്ട രൂപതാ മെത്രാൻ) അഭിവന്ദ്യ മാർ ജോസ് പുളിക്കൻ പിതാവും (കാഞ്ഞിരപ്പള്ളി രൂപതാ സഹായ മെത്രാൻ) NST പ്രതിനിധികളും പുനഃസംഘടനാ പ്രക്രിയക്ക് നേതൃത്വം നൽകി. ബഹു. ഫാ. സൈമൺ വള്ളോപ്പിള്ളിയുടെ നേതൃത്വത്തിൽ കോഴിക്കോട് സോണിൽ നിന്നും 9 പേർ സന്നിഹിതരായിരുന്നു.

## 2. മദ്ധ്യസ്ഥപ്രാർത്ഥന

ഭാരതത്തിനുവേണ്ടിയും തിരുസഭക്കുവേണ്ടിയും വിവിധ സ്ഥലങ്ങ ളിൽ ദിവ്യകാരുണ്യ ആരാധനനടത്തിയും, ജപമാല പ്രാർത്ഥനനടത്തിയും ശക്തമായ മദ്ധ്യസ്ഥ പ്രാർത്ഥന തുടർന്നു കൊണ്ടിരിക്കുന്നു. മദ്ധ്യസ്ഥ പ്രാർത്ഥനക്കായി ഉത്തരേന്ത്യയിലെ ജപൽപൂർ മിഷൻ രൂപതയിൽ കോഴിക്കോട്ടുനിന്നും 4 പേർ

പോയി മുഴുവൻ സമയ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തിക്കൊണ്ടിരിക്കുന്നു.

**3. പന്തക്കുസ്താ ദിനാഘോഷത്തിനായുള്ള ഒരുക്കം**

അഭിവന്ദ്യ പിതാക്കന്മാരുടെയും ഗുരുക്കന്മാരുടേയും ആഹ്വാനമ നുസരിച്ച് തിരുസഭയുടെ വിശുദ്ധീകരണത്തിനും നാളിതുവരെയുണ്ടായിട്ടി ല്ലാത്ത രീതിയിലുള്ള ഒരു അഭിഷേക ചൈതന്യത്താൽ നിറയുന്നതിനു മായി അനേകായിരങ്ങൾ ഉപവസിച്ചും പ്രാർത്ഥിച്ചും പരിശുദ്ധാത്മാവിനോ ടുള്ള നൊവേനചെല്ലിയും ഒരുങ്ങിക്കൊണ്ടിരിക്കുന്നു. കോഴിക്കോട് സോണിലെ എല്ലാവരും തന്നെ ഇതിൽ പലതരത്തിൽ പങ്കാളികളായിക്കൊ ണ്ടിരിക്കുന്നു. മൂവായിര ത്തിലധികം പരിശുദ്ധാത്മാ വിനോടുള്ള നൊവേനപുസ്തകങ്ങൾ ഈ വർഷം മാത്രം വിതരണം ചെയ്തു. പലസ്ഥല ങ്ങളിലും ബഹു. ഇടവക വൈദികരുടെ നേതൃത്വത്തിൽ പള്ളികളിൽവച്ച് മെയ് 31 മുതൽ 9 ദിവസം നൊവേന ചൊല്ലി പന്തക്കുസ്താ തിരുനാളിനായി ഒരുങ്ങുവാൻ ക്രമീകരണം നടത്തിക്കഴിഞ്ഞു. പെരിന്തൽമണ്ണ ഫൊറോന യിലെ എല്ലാ ഭവനങ്ങളിലും പരിശുദ്ധാത്മാവിനോടുള്ള നൊവേന ചൊല്ലാൻ നടപടിയെടുക്കുകയും അതിനാവശ്യമായ 2000 നൊവേപുസ്ത കങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. പെരിന്തൽമണ്ണ ഫൊറോനാ വികാരിയച്ചൻ ഈ കാര്യത്തിൽ കാണിച്ച തൽപര്യത്തിനും നേതൃത്വത്തി നും പ്രത്യേകമായ നന്ദി ഈയവസരത്തിൽ അറിയിക്കുന്നു.

2019 ജൂൺ 5-ാം തീയതി കോഴിക്കോട് അശോകപുരം ഉണ്ണിമിശിഹാ പള്ളിയിൽ വച്ച് സോണൽ മീറ്റിങ്ങും പന്തക്കുസ്താദിനാഘോഷവും നടത്തുന്നു. പ്രശസ്ത വചനപ്രഘോഷകനും NST അംഗവും NST യുടെ മധ്യസ്ഥ പ്രാർത്ഥനാ കോ ഓർഡിനേറ്ററുമായ ബ്ര. ജോയി ആന്റണി അന്നത്തെ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു.

**4 LSS**

കോഴിക്കോട് സിറ്റിയിലെ കുന്ദമംഗലം ഇടവകയിൽ സോണിലെ മൂന്നാമത്തെ LSS (ലൈഫ് ഇൻ ദി സ്പിരിറ്റ് സെമിനാർ) ആരംഭിച്ചു. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ വീണ്ടും വീണ്ടും ആഹ്വാനം ചെയ്തുകൊണ്ടിരിക്കുന്ന LSS മറ്റിടവകകളിലും നടത്തുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു കൊണ്ടിരിക്കുന്നു.

**4. സോണൽ സർവ്വീസ് ടീം മീറ്റിംഗ്**

സോണിന്റെ സർവ്വീസ് ടീമംഗങ്ങളും സബ് സോണുകളുടെ മിനിസ്ട്രികളുടെയും കോ- ഓർഡിനേറ്റർമാരുടേയും ഒരു മീറ്റിംഗ് 22.05.2019 ന് പി.എം.ഒ.സി യിൽ വച്ചു നടത്തി.

സോണിന്റെ ആനിമേറ്ററായ ബഹു. ഫാ. സൈമൺ വള്ളോപ്പിള്ളി ഇടവകയുടെ ഉത്തരവാദിത്വം ഒഴിവാക്കി മുഴുവൻ സമയവും കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിനു വേണ്ടി പ്രവർത്തിക്കുവാൻ അനുവദിച്ചതിന്

കോഴിക്കോട് സോണിന്റെ മുഴുവൻ നന്ദിയും സ്നേഹവും അഭിവന്ദ്യ മാർ റെമീജിയോസ് പിതാവിനെ അറിയിക്കുന്നു. നവീകരണം കൂടുതൽ സ്ഥലങ്ങളിലും മേഖലകളിലും വളർച്ചപ്രാപിക്കുവാൻ ഇതുപകരിക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല.

**ഫാ. സൈമൺ വള്ളോപ്പിള്ളി**

സോൺ ആനിമേറ്റർ

# സ്റ്റാർട്ട്

**സ്റ്റാർട്ടിൽമികച്ച വിജയം**

1.English & Foreign Language University (EFLU) യുടെവിവിധ ക്യാമ്പസ്സുകളിൽ പ്രവേശനത്തിനായി നടത്തിയ അഖിലേന്ത്യാ മത്സരപ്പരീക്ഷയിൽ സ്റ്റാർട്ടിലെ വിദ്യാർത്ഥികൾ ഉന്നത വിജയം കരസ്ഥമാക്കി.15 വിദ്യാർത്ഥികൾ 1–ാം റാങ്കുൾപ്പെടെ പ്രവേശനത്തിന് അർഹരായി. വിജയി കളുടെ റാങ്കും ക്യാമ്പസ്സും ചുവടെചേർക്കുന്നു.

a) B.A. (Hons.) Spanish, Hyderabad Campus – Nayana Baby (1), Jacob Abraham (3)

b) B.A. (Hons.) German, Hyderabad Campus –Amalna KatharinSajan (4)

c) B.A. (Hons.) English, Hyderabad Campus - Maria Shajan (15), Sam George K (3 - OBC)

d) B.A. (Hons.) English,Shillong Campus - BinishaBiju (4), AbhishekScariaSibi (8), StephySteephen (10)

e) B.A. Journalism & Mass Communication Shillong Campus - Amuliya Skaria

f) B.A. (Hons.) English,Lucknow Campus - Arya Joseph (3), NehaCarmal (9), Asish M Kuriakose (12), Ardra Jose (13), AnletMariya John (18), AshwinScaria (20)

2.National Council for Hospitality Management & Catering Technology (NCHMCT)അഖിലേന്ത്യാതലത്തിൽ നടത്തിയ പ്രവേശനപ്പരീക്ഷയിൽ സ്റ്റാർട്ടിൽ നിന്നെഴുതിയ 38 പേരും പ്രവേശനത്തിന് അർഹത നേടി.

3. English & Foreign Language University (EFLU)യുടെ ഷില്ലോംഗ് ക്യാമ്പസ്സിലെ M A English Literature കോഴ്സിലേയ്ക്കുള്ള അഖിലേന്ത്യാ പ്രവേശനപ്പരീക്ഷയിൽ രണ്ടുപേർ പ്രവേശനത്തിന് യോഗ്യത നേടി. ജ്യോതിസ് മാത്യു, ഓഷിൻ എൻ എന്നിവരാണ് വിജയിച്ചത്. സ്റ്റാർട്ടിൽ പുതുതായി ആരംഭിച്ച എം എ ഇംഗ്ലീഷ് എൻട്രൻസ് കോച്ചിംഗ് പൂർത്തി യാക്കിയവരാണ് ഇരുവരും.

4.ഏയ്ഞ്ചൽ ട്രീസജോസഫ്, ജിബിൻ പി എസ് എന്നിവർ ഇഫ്‌ളു ഷില്ലോംഗ് ക്യാമ്പസ്സിലേയ്ക്കുള്ള പ്രവേശനപ്പരീക്ഷയിൽ MA English Literature കോഴ്സിൽ പ്രവേശനം നേടി. ഇരുവരുംസ്റ്റാർട്ടിൽ 2014 – 15 വർഷത്തെ എം ടി സി കോഴ്സിൽ പരിശീലനം നടത്തി B A English Literature കോഴ്സിന് ഇഫ്ളുവിൽ പ്രവേശനം നേടിയവരാണ്. ദേശീയ തലത്തിലുള്ളമറ്റ് പ്രധാന പരീക്ഷകളുടെയും ഫലത്തിനായി കാത്തിരി ക്കുന്നു. വിജയികൾക്ക് അഭിനന്ദനങ്ങൾ.

5.MTC കോഴ്സിന്റെ 14–ാം ബാച്ചിലേയ്ക്കുള്ള (2019–20) പ്രവേശന നടപടികളുടെ ഭാഗമായി രണ്ട് ഘട്ടങ്ങളിലായി ഇന്റർവ്യൂ നടന്നു. അടുത്ത ഘട്ടം ഇന്റർവ്യൂ ജൂൺ 7 ഏഴിന് രാവിലെ ഒൻപതു മുതൽ സ്റ്റാർട്ടിൽ നടക്കും. 2019 ജൂൺ 5 വരെ അപേക്ഷകൾ സ്വീകരിക്കുന്നതാണ്. വിവരങ്ങ ൾക്ക് ഓഫീസുമായി ബന്ധപ്പെടുക.0495 2357843, 9846846816.

**മോൺ. ആന്റണി കൊഴുവനാൽ**
ഡയറക്ടർ, സ്റ്റാർട്ട്

## കുടുംബകൂട്ടായ്മ

**ഏറ്റവുംമികച്ച യൂണിറ്റ്**

കഴിഞ്ഞവർഷം കുടുംബയൂണിറ്റുകളിൽ എല്ലാ മേഖലയിലും മികച്ച പ്രവർത്തനം കാഴ്ചവച്ച യൂണിറ്റുകളെ തെരഞ്ഞെടുത്തു. സെന്റ് മരീസ് കുടുംബയൂണിറ്റ് പെരിന്തൽമണ്ണ ഒന്നാം സ്ഥാനവും, സെന്റ് സേവ്യർ കുടുംബയൂണിറ്റ് പാറോപ്പടി രണ്ടാം സ്ഥാനവും, സെന്റ് മേരീസ് കുടുംബ യൂണിറ്റ് മാവൂർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക എവർറോ ളിംഗ് ട്രോഫിയും സർട്ടിഫിക്കറ്റും, 3000,2000,1000 രൂപ വീതം ക്യാഷവാർഡും നൽകി. വിജയികൾക്ക് രൂപതയുടെ അഭിനന്ദനങ്ങൾ.

**ഫാ. അഗസ്റ്റിൻ വാമറ്റത്തിൽ**
ഡയറക്ടർ, കുടുംബകൂട്ടായ്മ

## അൽഫോൻസാ കോളേജ് തിരുവമ്പാടി

**ഡോ. ചാക്കോ കാളാംപറമ്പിൽ പ്രിൻസിപ്പൽ**

താമരശ്ശേരി രൂപതയുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ തിരുവമ്പാടി അൽഫോൻസാ കോളേജിന്റെ പ്രിൻസിപ്പലായി ഡോ. ചാക്കോ കാളാംപറമ്പിൽ സ്ഥാനമേറ്റു. ദേവഗിരി സെന്റ് ജോസഫ്സ് കോളേജിൽ ഫിസിക്സ് ഡിപ്പാർട്ട്മെന്റ് അസ്സോസിയേറ്റ് പ്രൊഫസർ ആയിരുന്നു. മുപ്പത്തിയൊന്ന് വർഷം ദേവഗിരി കോളേജിൽ സ്തുത്യർഹമായ സേവനത്തിനുശേഷം 2018– ൽ വിരമിച്ചു.

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും എം ഫിൽ, പി എച്ച് ഡി എന്നിവ നേടിയിട്ടുണ്ട്.

താമരശ്ശേരി രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയാണ് സീറോ മലബാർ സഭയുടെ ഔദ്യോഗിക വക്താക്കളിൽ ഒരാൾ. കെ.സി.ബി.സി യുടെ പാസ്റ്ററൽ കൗൺസിൽ വിഭാഗമായ കെ.സി.സി. (കേരള കാത്തലിക് കൗൺസിൽ) വൈസ് പ്രസിഡന്റ് എ.കെ.സി.സി രൂപതാ വൈസ് പ്രസിഡന്റ്, താമരശ്ശേരി രൂപതാ ലിറ്റർജി കമ്മീഷൻ അംഗം തുടങ്ങി നിരവധി പദവികൾ വഹിക്കുന്നു. സാമൂഹിക സംസ്ക്കാരിക, സാമുദായിക, കാർഷിക മേഖലകളിൽ നിറസാന്നിദ്ധ്യമാണ് ഡോ. ചാക്കോ കാളാംപറമ്പിൽ സാറിന് ഹൃദയഗമമായ സ്വാഗതവും അനുമോദനങ്ങളും ആശംസകളും.

**അൽഫോൻസ കോളേജിൽ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.**

B.A English, BSc Psychology, B.Com Computer Application, B.Com Finance, B.B.A എന്നീ കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ നോഡൽ സെന്റർ കൂടിയാണ് അൽഫോൻസ കോളേജ്. അക്കാദമിക് വിഷയങ്ങൾക്കൊപ്പം തന്നെ പാഠ്യേതര മേഖലകളിലും മികച്ച പരിശീലനം നൽകി വരുന്നു. അതിന്റെ ഭാഗമായി നിലവിലുള്ള വിദ്യാർത്ഥികൾക്കും നവാഗതരായ വിദ്യാർ ത്ഥികൾക്കുമായി അക്കൗണ്ടന്റ് ട്രെയിനിങ്, ടൈലറിങ് തുടങ്ങി വിവിധ വിഷയങ്ങൾ സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം ആരംഭിക്കുന്നു.

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ 2018-2019 അധ്യയന വർഷത്തെ ആറാം സെമസ്റ്റർ പരീക്ഷകളിൽ 86% വിജയം കൈവരിച്ചുകൊണ്ട് മികച്ച വിജയം നേടി. BSc Psychology യിൽ 96% വും, B.Com-ൽ 88% വും B.A English ൽ 80% വും വിജയം നേടി യൂണിവേഴ്സിറ്റിയുടെ പരിധിയിലുള്ള കോളേജുകളുടെ മുൻ നിരയിൽ സ്ഥാനം നേടി.

**ഓറിയന്റേഷൻ സെമിനാർ**

28.05.2019 ന് മുഴുവൻ ഡിപ്പാർട്ട്മെന്റ്കളിലേയും ഫാക്കൽറ്റി അംഗ ങ്ങൾക്കായി ഏകദിന ഓറിന്റേഷൻ സെമിനാർ നടത്തി. പ്രൊഫസർ പി.സി. മോഹൻ ബാബു'അദ്ധ്യാപക മികവ് ഫലപ്രദമായി' എന്ന വിഷയത്തെ ആസ്പദമാക്കിയും, റവ. ഡോ. ഷാന്തി പുതുശ്ശേരി 'Student Counselling & Mentoring' എന്ന വിഷയത്തെ ആസ്പദമാക്കിയും ക്ലാസ്സെടുത്തു. താമരശ്ശേരി രൂപതാ ചാൻസലർ റവ. ഫാ. ജോർജ്ജ് മുണ്ടനാട്ട് സെമിനാർ ഉദ്ഘാടനം ചെയ്തു. മാനേജർ റവ. ഫാ. സ്കറിയ മങ്ങരയിൽ അദ്ധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ചാക്കോ കാളാംപറമ്പിൽ സ്വാഗതവും പറഞ്ഞു. വൈസ് പ്രിൻസിപ്പൽ റവ. ഫാ. കുര്യൻ താന്നിക്കൽ സൈക്കോളജി എച്ച്.ഒ.ഡി. സിസ്റ്റർ അർപ്പിത സി.എം.സി., കൊമേഴ്സ് എച്ച്.ഒ.ഡി. ശ്രീമതി സാനി തോമസ് എന്നിവർ

ആശംസകൾ നേർന്നു. സ്റ്റാഫ് സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ ചെറിയാൻ നന്ദി പറഞ്ഞു.

**ഫാ. സ്കറിയ മങ്ങരയിൽ**

മാനേജർ, അൽഫോൻസ കോളേജ് തിരുവമ്പാടി

## വിദ്യാഭ്യാസരംഗം

### വിജയത്തിളക്കത്തിൽ താമരശ്ശേരി കോർപറേറ്റ് സ്കൂളുകൾ

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികച്ച വിദ്യാഭ്യാസം കുട്ടികൾക്ക് പ്രധാനം ചെയ്യുക എന്ന ലക്ഷ്യം നിറ വേറ്റാനായതിന്റെ അഭിമാനത്തിലാണ് താമരശ്ശേരി കോർപ്പറേറ്റ് സ്കൂളുകൾ. അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും കൂട്ടായ ശ്രമഫലമായാണ് നൂറുമേനി കൊയ്യാൻ നമ്മുടെ സ്കൂളുകളെ പ്രാപ്തമാക്കിയത്.പരീക്ഷ എഴുതിയ 2513 പേരിൽ 2507 പേർ വിജയിച്ചു.

**താമരശ്ശേരി കോര്പറേറ്റിനു കീഴിലുള്ള 19 സ്കൂളുകളുടെ വിജയശതമാനം.**

സെന്റ്. സെബാസ്റ്റ്യൻസ് എച്ച്.എസ്.കൂടരഞ്ഞി 100% വിജയം ( 22 ഫുൾ A+)

സെന്റ്. ആന്റണീസ് എച്ച്.എസ്. കണ്ണോത്ത് 100% വിജയം (15 A+)

സെന്റ്. ജോർജ് എച്ച്.എസ്. കുളത്തുവയൽ 100% വിജയം (31 A+)

സെന്റ്. ജോസഫ്സ് എച്ച്.എസ്. കോടഞ്ചേരി 100% വിജയം (15 A+)

സെന്റ്. ജോസഫ്സ് എച്ച്.എസ്. ചെമ്പനോട 100% വിജയം (22A+)

സെന്റ്. മേരീസ് എച്ച്.എസ്. കല്ലാനോട് 100% വിജയം (7 A+)

സെന്റ്. മേരീസ് എച്ച്.എസ്. മരുതോങ്കര 100% വിജയം (8 A+)

ഹോളി ഫാമിലി എച്ച്.എസ്. വേനപ്പാറ 100% വിജയം (4A+)

സെന്റ്. ജോൺസ് എച്ച്.എസ്. നെല്ലിപ്പൊയിൽ 100% വിജയം (7 A+)

പി.റ്റി.ചാക്കോ മെമ്മോറിയൽ എച്ച്.എസ്. കുണ്ടുതോട് 100% വിജയം(13A+)

സെന്റ്. ജോർജ് എച്ച്.എസ്. വിലങ്ങാട് 100% വിജയം (22A+)

ഹോളി ഫാമിലി എച്ച്.എസ്. പടത്തുകടവ് 100% വിജയം (1A+)

സെന്റ്. സെബാസ്റ്റ്യൻസ് എച്ച്.എസ്. പുന്നക്കൽ 100% വിജയം (1A+)

മേരിഗിരി എച്ച്.എസ്. മരഞ്ചാട്ടി 100% വിജയം

സെന്റ്. മേരീസ് എച്ച്.എസ്, കക്കാടംപൊയിൽ 100%വിജയം

സേക്രട്ട് ഹാർട്ട് എച്ച്.എസ്. തിരുവമ്പാടി (31 A+)
ഹോളി ഫാമിലി എച്ച്.എസ്. കട്ടിപ്പാറ (15 A+)
സെന്റ്. ജോസഫ്സ് എച്ച്.എസ്. പുല്ലൂരാംപാറ (21 A+)
സെന്റ്. തോമസ് എച്ച്.എസ്. കൂരാച്ചുണ്ട് (20 A+), കരസ്ഥമാക്കി ഉന്നത വിജയം നേടി.

**പ്ലസ് ടു പരീക്ഷാ ഫലം**

ഈ വർഷത്തെ പ്ലസ് ടു പരീക്ഷയിൽ കോർപ്പറേറ്റ് മാനേജ്മെന്റ് കീഴിലുള്ള ഹയർസെക്കൻഡറി സ്കൂളുകൾ അഭിമാനകരമായ വിജയം കര സ്ഥമാക്കി. പരീക്ഷ എഴുതിയ 1989 പേരിൽ 1730 പേർ വിജയിച്ചു (87 %).

92 കുട്ടികൾക്ക് എല്ലാ വിഷയങ്ങളിലും അ+ ഉം 172 കുട്ടികൾക്ക് 90% ത്തിലധികം മാർക്കും ലഭിച്ചിട്ടുണ്ട്. 2 കുട്ടികൾ മുഴുവൻ മാർക്കും (1200/1200) കരസ്ഥമാക്കി. ആറുപേർ രണ്ടാം വർഷ പരീക്ഷയിൽ മുഴുവൻ മാർക്ക് നേടി. വിജയശതമാനത്തിൽ പുല്ലൂരാംപാറ, കോടഞ്ചേരി, കുളത്തുവയൽ, തിരുവമ്പാടി സ്കൂളുകൾ മുന്നിട്ടുനിൽക്കുന്നു. ഫുൾ അ+ നേട്ടത്തിൽ തിരുവമ്പാടി, പുല്ലൂരാംപാറ സ്കൂളുകൾ മുന്നിലാണ്. തിരുവമ്പാടി സ്കൂ ളിൽ സയൻസ് ബാച്ചിലും, കോടഞ്ചേരി സ്കൂളിൽ കൊമേഴ്സ് ബാച്ചിലും 100% വിജയം നേടാൻ കഴിഞ്ഞു. മുഴുവൻ മാർക്കും നേടിയ അപർണ റോയ്, നിയ റോസ് രാജു (ഇരുവരും പുല്ലൂരമ്പാറ സ്കൂൾ) എന്നീ കുട്ടികൾ പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. വിജയികളെ അനുമോദിക്കു ന്നതിനോടൊപ്പം മികച്ച വിജയത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാവരോടും അഭിനന്ദനവും നന്ദിയും അറിയിക്കുന്നു. വരും വർഷങ്ങളിൽ കൂടുതൽ തിളക്കമാർന്ന വിജയം നേടാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

**ഫാ. സെബാസ്റ്റ്യൻ പുരയിടത്തിൽ**
കോർപറേറ്റ് മാനേജർ, താമരശ്ശേരി രൂപത

## വികസന വേദി

സി.ഒ.ഡി താമരശ്ശേരി കാരിത്താസ് ഇന്ത്യയുടെ സഹായത്തോടെ, പ്രളയ ദുരിത ബാധിതർക്കായി നടപ്പിലാക്കി വരുന്ന അതിജീവനം പദ്ധതിയുടെ ഭാഗമായി ഓടക്കയം, വെറ്റിലപ്പാറ, കോടഞ്ചേരി, മൈല ള്ളാംപാറ, കരിയാത്തുംപാറ, കൂരാച്ചുണ്ട് എന്നീ പ്രദേശങ്ങളിലെ 50 കുടുംബങ്ങൾക്കായി 600 മുട്ട കോഴി കുഞ്ഞുങ്ങളെ നല്കി. പദ്ധതിയുടെ ഉദ്ഘാടനം സി.ഒ.ഡി അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തി നടത്തി. കോ - ഓർഡിനേറ്റർ ശ്രീ. ജോയി കെ.സി ആശംസ അർപ്പിച്ചു.

അതിജീവനം പദ്ധതിയുടെ ഭാഗമായി പ്രളയബാധിത പ്രദേശങ്ങ ളായ തോട്ടുമുക്കം, ഓടക്കയം, കട്ടിപ്പാറ, കോടഞ്ചേരി പ്രദേശങ്ങളിലെ 29 കിണറുകൾ ശുദ്ധീകരിക്കുകയും ജലവിഭവ വികസന വിനിയോഗ കേന്ദ്രം (CWRDM) മുഖേന ഗുണമേന്മ പരിശോധിക്കുകയും റിപ്പോർട്ടുകൾ ഗുണഭോക്താക്കൾക്ക് നല്കുകയും ചെയ്തു.

**അഫ്മ വാർഷികം**

കൂരാച്ചുണ്ട്: സി.ഒ.ഡിയുടെ നേതൃത്വത്തിലുള്ള കൂരാച്ചുണ്ട് ഗ്രാമവികസന സമിതിയിലെ കൂരാച്ചുണ്ട് അഫ്മ അംഗങ്ങൾ വാർഷികാഘോഷം നടത്തി. പ്രസ്തുത യോഗത്തിൽ അഫ്മ പ്രസിഡന്റ് ജോസഫ് ഇളംപ്ലാശ്ശേരിയിൽ അദ്ധ്യക്ഷനാവുകയും കൂരാച്ചുണ്ട് സെന്റ്. തോമസ് ഫൊറോന വികാരി ഫാ. ജെയിംസ് വാമറ്റത്തിൽ ഉദ്ഘാടനം നടത്തുകയും ചെയ്തു. അഫ്മ സെക്രട്ടറി ചാക്കോ മൂത്തേടത്ത് വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. സി.ഒ.ഡി ഏരിയ കോ – ഓർഡിനേറ്റർ മോളി സെബാസ്റ്റ്യൻ, സീയിയർ സിറ്റിസൺ ( പഞ്ചായത്ത് തലം) പ്രസിഡന്റ് ജോസ് ചെറുവള്ളിൽ എന്നിവർ ആശംസകൾ അർപ്പിച്ചു. തുടർന്ന് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പിന്നീട് സ്നേഹ വിരുന്ന് നടത്തി. പ്രസ്തുത യോഗത്തിന് ലീലാമ്മ പുത്തേട്ടുപടവിൽ സ്വാഗതവും മേരി വെട്ടുകല്ലേൽ നന്ദിയും പറഞ്ഞു.

**സോപ്പുപൊടി നിർമ്മാണം**

കൂരാച്ചുണ്ട് എം.സി.സിയുടെ നേതൃത്വത്തിൽ വട്ടോട്ടുതറപ്പേൽ അമ്പിളിയുടെ ഭവനത്തിൽ വച്ച് സോപ്പുപൊടി നിർമ്മാണ പരിശീലനം നടത്തി. സി.ഒ.ഡി ഏരിയ കോ – ഓർഡിനേറ്റർ മോളി സെബാസ്റ്റ്യൻ നേതൃത്വം നല്കി.

**ഫാ. ജോസഫ് മുകളേപറമ്പിൽ**
ഡയറക്ടർ, വികസനവേദി

## ബഥാനിയാ വാർത്തകൾ

മെയ് മാസത്തെ ജാഗരണ പ്രാർത്ഥനയ്ക്ക് ബഹു. ഫാ. തോമസ് കപ്പലുമാക്കൽ OCD ക്ലാസുകൾ എടുത്തു. മാതൃഭക്തിയിൽ വളരേണ്ടതിന്റെ ആവശ്യകതയും മരിയഭക്തർക്ക് ലഭിക്കുന്ന അനുഗ്രഹങ്ങളും അച്ചൻ തന്റെ വചനപ്രഘോഷണത്തിൽ പങ്കുവച്ചു. തുടർന്നുള്ള ശുശ്രൂഷകൾക്ക് ബഥാനിയ ടീം നേതൃത്വം നൽകി.

**ധ്യാനങ്ങൾ**

കഴിഞ്ഞ മാസം 4 മുതൽ 8 വരെ യുവജനങ്ങക്കായുള്ള ധ്യാനവും 18 മുതൽ 22 വരെ ഹൈസ്കൂൾ, യു.പി സ്കൂൾ കുട്ടികൾക്കായുള്ള ക്രിസ്റ്റീൻ ധ്യാനവും

25 മുതൽ 30 വരെ ആന്തരീക സൗഖ്യ ധ്യാനവും നടത്തപ്പെട്ടു. ധ്യാനങ്ങൾക്ക് ബഥാനിയാ ടീം നേതൃത്വം നൽകി.

10-ാം തീയതി മുതൽ 13-ാം തീയതി വരെ ഫിലോകാലിയ ധ്യാനം നടത്തപ്പെട്ടു. ധ്യാനത്തിന് ബ്രദർ മാരിയോ ജോസഫ് നേതൃത്വം നൽകി.

**പ്രാർത്ഥനാശംസകൾ**

ബഥാനിയായുടെ അസി. ഡയറക്ടറായി സേവനം ചെയ്ത ബഹു. ഫാ. മനോജ് കൊച്ചുമുറിയിൽ ചിരട്ടാമല ക്രിസ്തുരാജ ദൈവാലയത്തിന്റെ വികാരിയായി സ്ഥാനം ഏറ്റെടുത്തു. പുതിയ കർമ്മ മണ്ഡലത്തിൽ അച്ചന് ബഥാനിയ കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ നേരുന്നു.

10 വർഷമായി ബഥാനിയായിൽ സ്തുത്യർഹമായ സേവനം ചെയ്ത സി. എത്സി പോൾ SKD, തലശ്ശേരി അതിരൂപതയിലെ നെടുമുണ്ടയിൽ പ്രവർത്തിക്കുന്ന കൗൺസിലിംഗ് സെന്ററിൽ കൗൺസിലറായി നിയമിതയായി വചനപ്രഘോഷണത്തിലൂടെയും, ആത്മീയ ഉപദേശത്തിലൂടെയും മറ്റ് ശുശ്രൂഷകളിലൂടെയും അനേകർക്ക് ആശ്വാസമേകുവാൻ സിസ്റ്ററിന് കഴിഞ്ഞിട്ടുണ്ട്. നാളിതുവരെ ചെയ്ത എല്ലാ സേവനങ്ങളെയും നന്ദിയോടെ ഓർക്കുകയും പുതിയ ശുശ്രൂഷ മേഖലയിലേക്ക് എല്ലാവിധ പ്രാർത്ഥന ആശംസകൾ നേരുകയും ചെയ്യുന്നു.

**ഹൃദ്യമായ സ്വാഗതം**

ബഥാനിയായുടെ അസി. ഡയറക്ടറായി ചുമതലയേറ്റ ബഹു. ഡൊമിനിക് കുഴിവേലിലച്ചനും, സി. വിമല SKD ക്കും ഹൃദ്യമായ സ്വാഗതം

**ഫാ. ജോർജ്ജ് മുണ്ടനാട്ട്**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

## പ്രാർത്ഥനാശംസകൾ



പ്രഥമ വ്രതവാഗ്ദാനം നടത്തിയ ***സി. ജൂലിയ മാത്യു*** SH നും ***സി. പ്രിയ തെരേസ്*** SH നും താമരശ്ശേരി രൂപതയുടെ എല്ലാവിധ പ്രാർത്ഥനാശംസകളും നേരുന്നു.



***സി. ജൂലിയ മാത്യു*** SH

***സി. പ്രിയ തെരേസ്*** SH

# യേശുനിധി

യേശുനിധി ഫണ്ടിൽ നിന്ന് **21.04.2019** മുതൽ **20.05.2019** വരെ അനുവദിച്ച തുക

## വിദ്യാഭ്യാസം

| | | |
|---|---|---|
| 1 | കല്ലുരുട്ടി | 8,000.00 |
| 2 | കോടഞ്ചേരി | 10,000.00 |
| 3 | മഞ്ഞക്കുന്ന് | 10,000.00 |
| 4 | പനംപ്ലാവ് | 15,000.00 |
| 5 | പുല്ലൂരാംപാറ | 10,000.00 |
| 6 | തോട്ടുമുക്കം | 8,000.00 |
| 7 | വെണ്ടേക്കുംപൊയിൽ | 8,000.00 |

## വീട്

| | | |
|---|---|---|
| 8 | ചാപ്പൻതോട്ടം | 15,000.00 |
| 9 | ചെമ്പുകടവ് | 15,000.00 |
| 10 | ചിപ്പിലിത്തോട് | 15,000.00 |
| 11 | ചിപ്പിലിത്തോട് | 15,000.00 |
| 12 | ചുണ്ടത്തുംപൊയിൽ | 15,000.00 |
| 13 | കരിയാത്തുംപാറ | 10,000.00 |
| 14 | കോടഞ്ചേരി | 20,000.00 |
| 15 | കൂമുള്ളി | 25,000.00 |
| 16 | കൂരാച്ചുണ്ട് | 5,000.00 |
| 17 | കൂരാച്ചുണ്ട് | 5,000.00 |
| 18 | മരുതോങ്കര | 15,000.00 |
| 19 | പാലൂർകോട്ട | 20,000.00 |
| 20 | പാറോപ്പടി | 20,000.00 |
| 21 | പേരാമ്പ്ര | 15,000.00 |
| 22 | പെരുവണ്ണാമൂഴി | 15,000.00 |
| 23 | പൂഴിത്തോട് | 10,000.00 |
| 24 | വാലില്ലാപ്പുഴ | 20,000.00 |

## ചികിത്സ

| | | |
|---|---|---|
| 25 | ചക്കിട്ടപാറ | 20,000.00 |
| 26 | ചെമ്പനോട | 15,000.00 |
| 27 | കണ്ണോത്ത് | 10,000.00 |
| 28 | കരികണ്ടൻപാറ | 8,000.00 |
| 29 | കരുവാരകുണ്ട് | 10,000.00 |
| 30 | കോടഞ്ചേരി | 10,000.00 |
| 31 | കോടഞ്ചേരി | 12,000.00 |
| 32 | കുറ്റിപ്പുറം | 10,000.00 |
| 33 | മഞ്ഞക്കുന്ന് | 10,000.00 |
| 34 | മാങ്കാവ് | 10,000.00 |
| 35 | മരുതോങ്കര | 10,000.00 |
| 36 | മുത്തപ്പൻപുഴ | 8,000.00 |
| 37 | പേരാമ്പ്ര | 5,000.00 |
| 38 | പി.ടി. ചാക്കോ നഗർ | 10,000.00 |
| 39 | പുല്ലൂരാംപാറ | 15,000.00 |
| 40 | പുഷ്പഗിരി | 15,000.00 |
| 41 | തിരുവമ്പാടി | 8,000.00 |
| 42 | തോട്ടുമുക്കം | 5,000.00 |
| 43 | വലിയകൊല്ലി | 10,000.00 |
| 44 | വാളൂക്ക് | 10,000.00 |
| 45 | വയലിട | 15,000.00 |
| 46 | വേനപ്പാറ | 15,000.00 |

## വിവാഹം

| | | |
|---|---|---|
| 47 | കട്ടിപ്പാറ | 15,000.00 |
| 48 | കൂമംകുളം | 10,000.00 |
| 49 | കൂമംകുളം | 10,000.00 |
| 50 | കോട്ടയ്ക്കൽ | 15,000.00 |
| 51 | കുണ്ടായിത്തോട് | 10,000.00 |
| 52 | മഞ്ഞക്കുന്ന് | 15,000.00 |
| 53 | മരിയാപുരം | 10,000.00 |
| 54 | മരിയാപുരം | 10,000.00 |
| 55 | മരിയാപുരം | 10,000.00 |
| 56 | മുത്തപ്പൻപുഴ | 25,000.00 |
| 57 | നൂറാംതോട് | 10,000.00 |
| 58 | നൂറാംതോട് | 10,000.00 |
| 59 | പന്തല്ലൂർ | 15,000.00 |
| 60 | പൂതംപാറ | 15,000.00 |
| 61 | പൂഴിത്തോട് | 15,000.00 |
| 62 | പുഷ്പഗിരി | 15,000.00 |
| 63 | വാലില്ലാപ്പുഴ | 15,000.00 |

**ആകെ തുക** **7,90,000.00**

**ഫാ. മാത്യു പുളിമൂട്ടിൽ**
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

**മെയ് 2019**

01 രാവിലെ താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് ദൈവശാസ്ത്ര പഠനത്തിനായി ഒരുങ്ങുന്ന രൂപതാവൈദിക വിദ്യാർത്ഥികൾക്ക് വൈദികവസ്ത്രം നൽകി.

വൈകുന്നേരം അഗസ്ത്യൻമൂഴി സെന്റ് ജോസഫ് ഹോസ്പിറ്റലിന്റെ സുവർണ്ണജൂബിലി ആഘോഷത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിക്കുകയും നിത്യാരാധന ചാപ്പൽ വെഞ്ചരിക്കുകയും ചെയ്തു. തുടർന്ന് നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

02 രാവിലെ ഈസ്റ്റ് ഹിൽ ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് ഏതാനും കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യം നൽകി.

പുല്ലൂരാംപാറ ഇടവക ദൈവാലയത്തിൽ ഒരു വിവാഹം ആശീർവദിച്ചു.

പനംപ്ലാവ് ഇടവക ദൈവാലയത്തിൽ ഒരു വിവാഹവാഗ്ദാന ചടങ്ങിന് കാർമ്മികത്വം വഹിച്ചു.

വൈകുന്നേരം രൂപതാഭവനിൽ സ്തുത്യർഹമായ സേവനത്തിനുശേഷം പുതിയ കർമ്മമേഖലകളിലേയ്ക്ക് സ്ഥലം മാറിപ്പോകുന്ന വൈദികരുടെയും സന്യാസിനികളുടെയും യാത്രയയ്പ്പ് യോഗത്തിൽ സംബന്ധിച്ചു.

03 രാവിലെ ശാലോം ടി.വിയ്ക്കുവേണ്ടി ഒരു പ്രോഗ്രാം ചെയ്തു.

വൈകുന്നേരം പുതുപ്പാടി ഇടവക തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

04 രാവിലെ താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് ഏതാനും കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യം നൽകി.

കാളികാവ് ഇടവക ദൈവാലയത്തിൽ ഒരു വിവാഹം ആശീർവദിച്ചു.

ഉച്ചകഴിഞ്ഞ് ചുണ്ടത്തുംപൊയിൽ ഇടവകയിൽ പരേതനായ സേവ്യർ വാത്തോലിയുടെ ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പരേതനുവേണ്ടി പ്രാർത്ഥിച്ചു.

കൂടരഞ്ഞി ഇടവകയിൽ പരേതനായ ചാക്കോ മംഗരയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

വൈകുന്നേരം കൂടരഞ്ഞിയിൽ അർജുന സ്പോർട്സ് ക്ലബ്ബ് നടത്തി ഫുട്ബോൾ മത്സരത്തിന്റെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്ത് വിജയികൾക്ക് സമ്മാനം വിതരണം ചെയ്തു.

താമരശ്ശേരി രൂപതാഭവനിൽ പുതുതായി നിയമിതരായ രൂപതാ ചാൻസലറുടെയും ഫിനാൻസ് ഓഫീസറുടെയും സത്യപ്രതിജ്ഞാ ചടങ്ങിന്

കാർമ്മികത്വം വഹിച്ചു.

05 ഉച്ചകഴിഞ്ഞ് മരുതോങ്കര ഇടവക ദൈവാലയത്തിൽ ഒരു കുഞ്ഞിന് പ്രാരം ഭകൂദാശകൾ നൽകി.

കുണ്ടുതോട് ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിക്കുകയും പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിടം വെഞ്ചരിക്കുകയും ചെയ്തു. തുടർന്ന് സ്കൂൾ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു.

06 രാവിലെ കക്കാടംപൊയിൽ ഇടവകയിൽ ഒരു ഭവനത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി.

കട്ടിപ്പാറ ഇടവക ദൈവാലയത്തിൽ ഒരു വിവാഹം ആശീർവദിച്ചു.

തലശ്ശേരി അതിരൂപതയിലെ കൊട്ടോടി ഇടവകയിൽ പരേതനായ അഗസ്റ്റിൻ പാറ്റാനിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

07 രാവിലെ പാറോപ്പടി ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് തിരുഹൃദയ സന്യാസിനി സമൂഹത്തിലെ ഏതാനും അർത്ഥിനികളുടെ പ്രഥമവ്രത വാഗ്ദാനത്തിനും നിത്യവ്രത വാഗ്ദാനത്തിനും കാർമ്മികത്വം വഹിക്കുകയും സന്യാസജീവിതത്തിന്റെ ജൂബിലി ആഘോഷിക്കുന്ന സന്യാസിനികൾക്ക് ആശംസകൾ നേരുകയും ചെയ്തു.

08 ദുബായിയിൽ കത്തോലിക്ക കോൺഗ്രസ്സിന്റെ അന്താരാഷ്ട്ര പ്രതിനിധി സമ്മേളനത്തിന്റെ ഒരുക്കമായുള്ള കമ്മിറ്റി മീറ്റിംഗിൽ സംബന്ധിച്ചു.

10 ഫുജൈറായിലെ നിത്യസഹായ മാതാ ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് ഏതാനും കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യം നൽകി.

11 രാവിലെ താമരശ്ശേരി രൂപതാഭവനിൽ പാസ്റ്ററൽ കൗൺസിൽ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു.

ഉച്ചകഴിഞ്ഞ് മതബോധന കേന്ദ്രകമ്മിറ്റി മീറ്റിംഗിൽ സംബന്ധിച്ചു.

രൂപതാഭവനിൽ അൽഫോൻസ ട്രസ്റ്റ് മീറ്റിംഗിൽ സംബന്ധിച്ചു.

കൈതപ്പൊയിൽ ലിസ്സാകോളേജിൽ താമരശ്ശേരി കെ.സി.വൈ.എം. സംഘടിപ്പിച്ച വനിതാസംഗമത്തിൽ അദ്ധ്യക്ഷത വഹിച്ചു.

വൈകുന്നേരം ആനക്കാംപൊയിൽ ഇടവക ദൈവാലയത്തിൽ ഒരു വിവാഹം ആശീർവദിച്ചു.

12 രാവിലെ കൂരാച്ചുണ്ട് ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് വിവാഹജീവിതത്തിന്റെ 60-ാം വാർഷികം ആഘോഷിക്കുന്ന മുണ്ടനാട്ട് വർക്കി പുന്നൂസ് - റോസമ്മ ദമ്പതികൾക്ക് ആശംസകൾ നേർന്നു.

വൈകുന്നേരം കോഴിക്കോട് പി.എം.ഒ.സി.യിൽ വിശുദ്ധ കുർബാന നൽകുന്ന സന്യാസിനികൾക്കായുള്ള കോഴ്സിൽ സംബന്ധിച്ചവരെ അഭിസംബോധന ചെയ്ത് ക്ലാസ്സെടുത്തു.

13 വെറ്റിലപ്പാറ ഇടവക ദൈവാലയത്തിൽ പരേതയായ സ്വമാതാവ് ഇഞ്ച നാനിയിൽ റോസമ്മയുടെ 7-ാം ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിക്കുകയും സിമിത്തേരി സന്ദർശിച്ച് പ്രാർത്ഥിക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ് പാടിച്ചിറ ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് മിഷൻലീഗ് പ്രവർത്തകരുടെ സംഗമത്തിൽ അദ്ധ്യക്ഷത വഹിച്ചു.

വൈകുന്നേരം കണ്ണോത്ത് ഇടവകയിൽ പരേതയായ കൂട്ടുങ്കൽ മറിയാമ്മ ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പരേതയ്ക്കുവേണ്ടി പ്രാർത്ഥിച്ചു.

14 രാവിലെ തൊണ്ടിമേൽ പ്രതീക്ഷ കർമ്മലീത്ത ഭവനത്തിൽ ക്രിസ്റ്റീൻ ധ്യാനത്തിൽ സംബന്ധിച്ച കുട്ടികളെ അഭിസംബോധന ചെയ്തു.

പെരിന്തൽമണ്ണ ഇടവക ദൈവാലയത്തിൽ ഒരു ഭവനത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി. തുടർന്ന് വി. കുർബാനയർപ്പിച്ച് ഏതാനും കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകുകയും സന്യാസജീവിതത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്ന ഏതാനും സന്യാസിനികൾക്ക് ആശംസകൾ നേരുകയും ചെയ്തു.

ഉച്ചകഴിഞ്ഞ് പാറോപ്പടി ഇടവക ദൈവാലയത്തിൽ പരേതനായ ശ്രീ. ജോസ് കുന്നേലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

പാറോപ്പടിയിൽ കത്തോലിക്ക കോൺഗ്രസ്സ് ഗ്ലോബൽ എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിൽ സംബന്ധിച്ചു.

വൈകുന്നേരം ദേവഗിരി ഇടവക ദൈവാലയത്തിൽ ഒരു ഭവനത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി.

15 രാവിലെ കോഴിക്കോട് തിരുഹൃദയ സന്യാസിനി സമൂഹത്തിന്റെ പ്രൊവിൻഷ്യൽ ഭവനത്തിൽ വി. കുർബാനയർപ്പിച്ച് മദർ സുപ്പീരിയേഴ്സിന് ക്ലാസ്സെടുത്തു.

ഉച്ചകഴിഞ്ഞ് കോഴിക്കോട് കരുണാഭവന്റെ നവീകരിച്ച കെട്ടിടം വെഞ്ചരിച്ചു.

താമരശ്ശേരി രൂപതയിൽ കർമ്മലീത്ത മിണ്ടാമഠത്തിന്റെ ശാഖ കക്കാടംപൊയിൽ ഇടവകയിലെ ക്രിസ്തുദാസി സന്യാസിനി സമൂഹത്തിന്റെ ഭവനത്തിൽ ആരംഭിക്കുന്നതിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് ഭവനം വെഞ്ചരിച്ചു.

16 രാവിലെ ചങ്ങനാശ്ശേരി അതിരൂപതയിലെ അതിരമ്പുഴ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

17 രാവിലെ തിരുവമ്പാടി ഫൊറോന ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് പരേതനായ ബഹു. സെബാസ്റ്റ്യൻ ഇളംതുരുത്തിയിൽ അച്ചന്റെ

മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

18 കോതമംഗലം രൂപതയിലെ കുണിഞ്ഞി സെന്റ് ആന്റണീസ് ഇടവകയിൽ നടന്ന മേമന-ഇഞ്ചനാനായിൽ കുടുംബയോഗത്തിൽ സംബന്ധിച്ചു.

19 രാവിലെ പാറോപ്പടി ഗത്സെമേൻ എം.എസ്.എം.ഐ. സന്യാസിനിപരിശീലന ഭവനത്തിൽ പുതുതായി നിർമ്മിച്ച കപ്പേള ആശീർവദിച്ച് ഭവനം വെഞ്ചരിച്ചു.

ഉച്ചകഴിഞ്ഞ് പി.എം.ഒ.സി.യിൽ വിശുദ്ധ കുർബാന നൽകുന്ന സന്യാസിനികൾക്കുവേണ്ടി നടത്തുന്ന സെമിനാർ ഉദ്ഘാടനം ചെയ്തു.

ചേവായൂർ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

20 തലശ്ശേരി അതിരൂപതയിലെ എടൂർ സെന്റ് മേരീസ് ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

21 മാനന്തവാടി രൂപതയിലെ കമ്മന ഇടവക ദൈവാലയത്തിൽ പിയറിസ്റ്റ് സന്യാസസമൂഹാംഗമായ ഡീക്കൻ ജോസഫ് മംഗലത്തിന് പൗരോഹിത്യപട്ടം നൽകി.

22 രാവിലെ വാലില്ലാപ്പുഴ ഇടവകയിൽ ഒരു ഭവനത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി.

പി.എം.ഒ.സി.യിൽ ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന കൗൺസിലിംഗ് കോഴ്സ് ഉദ്ഘാടനം ചെയ്തു.

24 രാവിലെ താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ച് മേജർ സെമിനാരികളിൽ വൈദികപരിശീലനം നടത്തുന്ന വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു.

25 രാവിലെ പി.എം.ഒ.സി.യിൽ നടന്ന കത്തോലിക്ക കോൺഗ്രസ്സിന്റെ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു.

ഉച്ചകഴിഞ്ഞ് മാനന്തവാടി രൂപതയിലെ നടവയൽ ഇടവകയിൽ പരേതനായ ബഹു. ഫാ. ജോസഫ് തൊണ്ടിപ്പറമ്പിലച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

26 വയലിട ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

വൈകുന്നേരം പുതുപ്പാടി ഫിലപ്പ്നേരി സന്യാസിനി സമൂഹത്തിന്റെ ഭവനത്തിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് ആശംസകൾ നേർന്നു.

27 രാവിലെ ചെമ്പനോട ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് ഒരു ഭവനത്തിലെ ആറാമത്തെ കുഞ്ഞിനും മറ്റൊരു ഭവനത്തിലെ അഞ്ചാമത്തെ കുഞ്ഞിനും മറ്റു രണ്ടു കുടുംബങ്ങളിലെ നാലാമത്തെ കുഞ്ഞുങ്ങൾക്കും പ്രാരംഭകൂദാശകൾ നൽകി.

മരുതോങ്കര പാരിഷ് ഹാളിൽ ബഹു. ജോസഫ് പൂതക്കുഴിയച്ചൻ രചിച്ച 'ധർമ്മം ചര' എന്ന പുസ്തകം പ്രകാശനം ചെയ്തു.

കരിയാത്തുംപാറ ഇടവകയിൽ തിരുഹൃദയ സന്യാസിനി സമൂഹം സ്ഥാപിതമായതിന്റെ രജതജൂബിലിയോടനുബന്ധിച്ച് വി. കുർബാന യർപ്പിച്ച് ആശംസകൾ നേർന്നു.

വൈകുന്നേരം താമരശ്ശേരി രൂപതാഭവനിൽ നടന്ന കേർഡിനേഷൻ കമ്മിറ്റി മീറ്റിംഗിൽ സംബന്ധിച്ചു.

28 രാവിലെ കോടഞ്ചേരി ഇടവക ദൈവാലയത്തിൽ ഒരു ഭവനത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി.

രൂപതാഭവനിൽ ഫൊറോന വികാരിമാരുടെ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

28-29 തലശ്ശേരി അതിരൂപതാഭവനിൽ മലബാർ റീജിയണിലെ മെത്രാന്മാരുടെ മീറ്റിംഗിൽ സംബന്ധിച്ചു.

30 രാവിലെ കോഴിക്കോട് സ്റ്റാർട്ടിൽ അദ്ധ്യായനവർഷ സമാപനസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

വൈകുന്നേരം ചെമ്പുകടവ് ഇടവകയിൽ ഒരു ഭവനത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി.

31 രാവിലെ രൂപതാഭവനിൽ കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുടെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പ്രധാനാദ്ധ്യാപകരുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം മരുതോങ്കര ഫൊറോന ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് വചന സന്ദേശം നൽകി.



## POPE FRANCIS



# On Holy Spirit

'We can be reborn from "our sinful existence" only with "the help of the same power that raised the Lord: the power of God". That's why, he continued, "the Lord sent us the Holy Spirit", because alone, we cannot do it. In the first apparition of Jesus to the apostles, on the Sunday of the Resurrection, the Lord breathed on them and said: "Receive the Holy Spirit".

**The Holy Spirit is our strength**

"This is our strength! We cannot do anything without the Spirit".A Christian life is not only about behaving well and doing the right things, but we are reborn only from the Spirit, therefore we must make room for it."It is the Spirit that allows us to rise from our limitations, from our deaths, because there are so many necroses in our life and in our soul", A life, that may call itself Christian, but that leaves no room for the Spirit and does not allow itself to be carried forward by the Spirit, is a pagan life, disguised as Christian".

**The Holy Spirit is our daily companion**

There cannot be a Christian life without the Holy Spirit, who is "our daily companion", "a gift from the Father, a gift from Jesus".

"Let us ask the Lord, to give us this awareness that we cannot be Christians without walking with the Holy Spirit, without acting with the Holy Spirit, without letting the Holy Spirit be the protagonist of our lives".

We must ask ourselves, therefore – what place does the Spirit have in our lives, and we must ask the Lord for the grace to understand this message: "Our companion on our way is the Holy Spirit".

30-Apr-19